...OM95X J1 ATCHUTH MENON: INDRAJALAM.

032:3M
35X
J1

MUL
165527

DOCTRINA VIM PROMOVET INSITAM

**MADRAS UNIVERSITY LIBRARY**

Call Number

Accession Number

Available for loan from

This book should be returned on or before the date last marked below.

23 JUL 1960
5 JAN 1961
31 MAR 1965
11 SEP 1975

# ഇന്ദ്രജാലം.

(ചെറുകഥകൾ)

ഡോക്ടർ ചേലനാട്ട് അച്യുതമേനോൻ,
ബി. ഏ., പി. എച്ച്. ഡി. (ലണ്ടൻ)

UNIVERSITY LIBRARY
24 AUG 1955
MADRAS.

*Publishers:*
THE EDUCATIONAL SUPPLIES DEPOT,
Trivandrum.

1951] [Re. 1 as. 8

ഒന്നാം പതിപ്പ് കോപ്പി 1500

165527
38455
032.3M95x
J1

24 AUG 1955
MADRAS

# പ്രസ്താവന.

'ഇന്ദ്രജാലം' എന്ന പുതിയ പേരിൽ ഇപ്പോൾ സഹൃദയന്മാരുടെ മുമ്പാകെ സമർപ്പിക്കുന്ന ഈ ചെറുകഥാസമാഹാരത്തെപ്പററി എനിക്കു അധികമൊന്നും പറവാനില്ല.

ഇതിലുൾപ്പെട്ട ഒന്നു മുതൽ അഞ്ചുവരെ കഥകൾ 'മണിമാല' രണ്ടാം ഭാഗമായി ഇതിന്നു മുമ്പുതന്നെ മൂന്നു തവണ രംഗപ്രവേശനം ചെയ്തവയാണു്. ശേഷമുള്ള അഞ്ചുകഥകൾ രണ്ടു മൂന്നു കൊല്ലത്തിന്നിപ്പുറം എഴുതിയവയാകയാൽ അവയ്ക്കു മറേറ കഥകളേക്കാൾ പുതുമ കൂടുമെന്നു പറയേണ്ടതില്ലല്ലോ. ചെറുകഥകളിൽ കേരളീയർക്കു കൗതുകം വർദ്ധിച്ചിരിക്കുന്ന ഇക്കാലത്തു് 'മണിമാല'യെപ്പററിയും അന്വേഷണങ്ങൾ വരാൻ തുടങ്ങി. ആ കൗതുകത്തെ ആദരിക്കാനാണു് പഴയവയും പുതിയവയും ആയ കഥകൾ ചേർത്തു ഇങ്ങിനെയൊരു പുസ്തകം പുറത്തിറക്കുന്നതു്.

എന്റെ ആദ്യത്തെ കഥ മുപ്പതു കൊല്ലം മുമ്പാണെഴുതിയിട്ടുള്ളതു്. അതിന്നു ശേഷം സൗകര്യമുള്ളപ്പോഴെല്ലാം ഓരോ കഥയെഴുതി അന്നത്തെ മാസികകളിലേയ്ക്കയക്കുന്നതു് ഒരു പതിവായിത്തീൎന്നു. ഈ വ്യവസായം ഒരു പത്തു കൊല്ലത്തോളം തുടൎന്നു പോന്നു. 'അനുനാട്ടം' ആണു് ആ പരമ്പരയിലെ ഒടുവിലത്തെ കഥ. മണിമാല രണ്ടാം ഭാഗം പുറത്തു വന്നതിന്നു ശേഷം എഴുതിയതാകയാൽ അതു് മണിമാലാ പരമ്പരയിൽ കടന്നുകൂടാനിടയായില്ല. ഗവേഷണ ജോലിക്കായി സർവകലാശാലയിൽ നിയമിതനായതിന്നു ശേഷം ചെറുകഥാരചനയിൽ അധികം ശ്രദ്ധിക്കാതെയാണിരുന്നതു്. ഗവേഷണത്തിന്നും ചെറുകഥാരചനയ്ക്കും തമ്മിൽ പൊരുത്തമില്ലെന്നു ഇതുകൊണ്ടു ഊഹിക്കാമെന്നു തോന്നുന്നില്ല. നാടോടിപ്പാട്ടുകളിൽ വളരെക്കാലമായി ലയിച്ചിരുന്ന കഥകൾ ഗദ്യരൂപത്തിലാക്കാനുള്ള ശ്രമം അപ്പോഴാണു് ആരംഭിച്ചതു്. 'കോമൻ

നായർ', 'ചന്തുണ്ണി', 'തച്ചോളിച്ചന്തു' (ഗദ്യനാടകം) എന്നീ ഗ്രന്ഥങ്ങൾ അങ്ങിനെയാണ് ജന്മം കൊണ്ടതു്. അന്നു നിലവിലുണ്ടായിരുന്ന ലക്ഷ്മീഭായി, ആത്മപോഷിണി, ഉണ്ണിനമ്പൂതിരി, അരുണോദയം, സമഭാവിനി, കഥാമാലിക, മാതൃഭൂമി, ഓണംവിശേഷാൽപ്രതി എന്നീ പ്രസിദ്ധീകരണങ്ങൾ നിന്നുപോയതും എന്റെ ഈ വിഷയത്തിലുണ്ടായിരുന്ന ഉദാസീനതയ്ക്കു് കാരണമായിട്ടില്ലെന്നു പറഞ്ഞുകൂടാ. മേൽപറഞ്ഞവയിലായിരുന്നു എന്റെ കഥകൾ മിക്കതും ആദ്യമായി സൂര്യസ്പർശനമേററതു്. പത്തുകൊല്ലത്തിനിപ്പുറമായി ഭാഷാസാഹിത്യത്തിൽ ഒരു നവോത്ഥാനമുണ്ടായിട്ടുണ്ടല്ലോ. അതോടുകൂടി തലയുയർത്തിയ പ്രസ്ഥാനങ്ങളിൽ ചെറുകഥയാണ് മുന്നണിയിൽ നിൽക്കുന്നതു്. അതോടുകൂടി എനിക്കും ഉത്സാഹം കൂടി വന്നെങ്കിൽ അതിലത്ഭുതവുമില്ലല്ലൊ. എന്റെ കഥകൾ ഈ ദശാസന്ധിക്കു മുമ്പും പിമ്പുമായിട്ടാണുണ്ടായിട്ടുള്ളതെന്നു് സ്മരിക്കേണ്ടതുണ്ടു്. കാലസ്ഥിതിക്കും ജനങ്ങളുടെ മനോഗതിക്കും അതിന്നു ശേഷമുണ്ടായിട്ടുള്ള മാററം എന്റെ കഥകളിലും കാണുന്നുണ്ടോ എന്ന ചോദ്യത്തിന്നുത്തരം വായനക്കാരാണു് പറയേണ്ടതു്. അതെന്തു വിധമായാലും, മണിമാല ഒന്നാം ഭാഗം (വി. സുന്ദരയ്യർ ആൻറ് സൺസ്, തൃശ്ശൂർ) ത്തിന്റെ മുഖവുരയിൽ ശ്രീമാൻ കണ്ണമ്പ്രകുഞ്ഞുണ്ണിനായർ അവർകൾ അദ്ദേഹത്തിനു സഹജമായ മഹാമനസ്കതയോടെ എനിക്കു തന്ന പ്രോത്സാഹനം എന്റെ കഥയെഴുത്തിന്നു് ഒരൊന്നാംതരം സഞ്ജീവിനിയായിട്ടുണ്ടെന്നു ഞാൻ എടുത്തു പറഞ്ഞുകൊള്ളട്ടെ. സഹൃദയാഗ്രേസരനായ ആ സാഹിത്യകാരന്റെ അകാലവിയോഗം ഉറവിടുവിച്ച കണ്ണുനീരു് ഇന്നും വററാതെയാണു് കൈരളിയും എന്നെപ്പോലെ അദ്ദേഹവുമായി അടുത്തു പരിചയിക്കാൻ ഭാഗ്യമുണ്ടായിട്ടുള്ളവരും കഴിഞ്ഞുകൂടുന്നതു്.

'ഇന്ദ്രജാലം' കൊണ്ടു വായനക്കാരെ മിരട്ടണമെന്നല്ല ആസ്വാദിപ്പിക്കണമെന്നാണു് എന്റെ ഉദ്ദേശം. ഫലം എങ്ങിനെയോ? മണി

മാലക്കു് സഹൃദയന്മാരിൽ നിന്നു് ഇതുവരെ കിട്ടിവന്ന സ്വാഗതം എനിക്കു ധൈര്യം തരുന്നുണ്ടു്.

ശ്രീമതിയം, ലീലാവതി എം. എ (എന്റെ ശിഷ്യ)യും ശ്രീമാൻ വി. ആർ പരമേശ്വരൻപിള്ളയവർകളുമാണു് കഥകൾ തേടിപ്പിടിച്ചു പകർത്തിത്തന്നു് ഈ പതിപ്പിന്നുള്ള അസ്തിവാരമിട്ടതു്. ഇവരോടു് ഞാൻ നന്ദിപറയുന്നതു് അവർക്കിഷ്ടമില്ല താനും. മി. പരമേശ്വരൻപിള്ളയുടെ ഉത്സാഹം അഥവാ സ്നേഹം ഒരവതാരിക എഴുതുന്നതു വരെ നില്ക്കയും ചെയ്തിട്ടുണ്ടു്. ഇക്കാര്യത്തിൽ അവരുടെ ഇഷ്ടത്തിനു വിപരീതമായി പ്രവർത്തിക്കുവാൻ തന്നെ ഞാനുറച്ചു.

എന്നു് കൈരളീവിധേയൻ
ഡോ: ചേലനാട്ടു് അച്യുതമേനോൻ.

ക്യാമ്പ്
തിരുവനന്തപുരം.
15-8-1951

24 AUG 1955
MADRAS

# മുഖവുര.

ഇന്നു ഭാരതീയ ഭാഷകളിലെല്ലാം അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഒരു സാഹിത്യശാഖയാണു് ചെറുകഥാ പ്രസ്ഥാനം. നമ്മുടെ ഭാഷയിൽ അതു് ഏത്രയും അഭിമാനപ്രദമായ വിധത്തിൽ വികസിച്ചുകഴിഞ്ഞിരിക്കുന്നു. 'മാതൃഭൂമി'യുടെ ആഭിമുഖ്യത്തിൽ ഈയിടെ നടത്തപ്പെട്ട ചെറുകഥാമത്സരം സർവ്വവിദിതമാണല്ലോ. തന്മൂലം ഇപ്പോഴും ചെറുകഥയെഴുത്തിൽ ഉത്സാഹഭരിതരായി പ്രവർത്തിച്ചു വരുന്നവർ ഒട്ടേറെയുണ്ടെന്നുള്ള സന്തോഷാവഹമായ വസ്തുതയും അറിയാൻ ഇട വന്നു.

"ജീവിതത്തിലെ ഒരു സംഭവത്തിന്റേയോ രംഗത്തിന്റേയോ ഭാവത്തിന്റേയോ ഗദ്യത്തിലുള്ള ഒരു ചിത്രണമാണു് ചെറുകഥ" എന്നു ഒരു വിമർശകൻ പ്രസ്താവിച്ചിട്ടുള്ളതു ശരിയാണു്. അമിതമായ സമയ വ്യയം കൂടാതെ സാഹിത്യാനന്ദം ആസ്വദിക്കാൻ പററിയ മാർഗ്ഗം തന്നെയാണിതു്. ഈ സാഹിത്യപദ്ധതി ആംഗലഭാഷാസമ്പർക്കത്തിൽ നിന്നുളവായ സുമധുര ഫലങ്ങളിലൊന്നാകുന്നു. സാമഗ്രികളുടെ സമർത്ഥമായ തിരഞ്ഞെടുപ്പും സന്ദർഭാനുഗുണമായ ആത്മ നിയന്ത്രണവും നോവലിനേക്കാളും കൂടുതലായി ചെറുകഥയിൽ കാണാമെന്നു കലാമർമ്മജ്ഞന്മാർ രേഖപ്പെടുത്തിയിട്ടുള്ളതും സ്മർത്തവ്യമാണു്. അതി തീക്ഷ്ണമായി നയിച്ച ജീവിത നിമിഷങ്ങളെയാണു് ചെറുകഥയെഴുത്തുകാർ ചിത്രീകരിക്കാൻ

വെമ്പുന്നതു്. സമഞ്ജസമായ പ്രതിപാദനരീതി നിമി ത്തം അവരുടെ പ്രയത്നം ഹൃദയാവർജ്ജകമായിപ്പരിണ മിക്കുന്ന ജീവിതമത്സരം മൂർദ്ധന്യ ദശയിലെത്തിയിരി ക്കുന്നു. ഇക്കാലത്തു വമ്പിച്ച നോവലുകൾ വായിച്ചു തീക്കു ന്നതിനു് പലക്കും ക്ഷമയും കഴിവും ഇല്ലാതെ പോകുന്ന തിൽ അതിശയിക്കാനില്ല. പലതരം വിഷമപ്രശ്നങ്ങൾ ഓരോ വ്യക്തിയേയും തുറിച്ചു നോക്കിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ വലിയ തോതിലുള്ള ഗ്രന്ഥങ്ങൾക്കു സ്ഥാനമെവിടെ? ഇന്നത്തെ ചുററുപാടുകളിൽ നോവ ലിൻെറ ഗുണങ്ങൾ മിക്കവാറും തികഞ്ഞിട്ടുള്ളതും അല്പ സമയത്തിനുള്ളിൽ വായിച്ചു രസിക്കാവുന്നതുമായ ചെറു കഥകൾക്കു എല്ലാത്തരക്കാരും സ്വാഗതം നൽകുന്നതു് ന്യായയുക്തം തന്നെ.

വിദ്യാവിനോദിനി, രസികരഞ്ജിനി, ഭാഷാപോഷി ണി, ആത്മപോഷിണി, കൈരളി മുതലായ മാസികക ളിലൂടെയാണു് നമ്മുടെ ചെറുകഥകളിൽ പലതും ആ ദ്യം പുറത്തു വന്നതു്. സി. എസ്. ഗോപാലപ്പണിക്കർ, ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ, അമ്പാടി നാരായണ പ്പൊതുവാൾ, എം. ആർ. കെ. സി, മൂക്കോത്തു കുമാ രൻ, കെ. സുകുമാരൻ ആദിയായവരായിരുന്നു ഇദംപ്രഥ മായി ഈ പ്രസ്ഥാനത്തിലിറങ്ങിപ്പുറപ്പെട്ടവർ. ഇന്നു ഏതൽപദ്ധതിയിൽ അവിശ്രമ പരിശ്രമം ചെയ്യുന്നവ രായി വളരെപ്പേരുണ്ടെന്നു് നമ്മുടെ മാസികകളും ആഴ്ച്ച പ്പതിപ്പുകളും മററും തെളിയിക്കുന്നു. അവരിൽ പലരും അതിൽ വളരെ ദൂരം വിജയകരമായി മുന്നോട്ടു പോയിട്ടു

ളളവരുമാണു്. അന്നത്തേയും ഇന്നത്തേയും വീക്ഷണകോടികഠം തമ്മിലുള്ള വൈജാത്യം ചെറുകഥകളിലും നിഴലിച്ചു കാണ്മാനുണ്ടു്.

ബാല്യകാലം മുതൽക്കേ സരസ്വതീസപര്യയിൽ ബദ്ധശ്രദ്ധനായി മഹാർഘങ്ങളായ ഗ്രന്ഥരത്നങ്ങഠം പലതും രചിച്ചു കൈരളിയ്ക്കു കാഴ്ച വച്ചു സഹൃദയ ലോകത്തിൻെറ മുക്തകണ്ഠമായ പ്രശംസയ്ക്കു ഭാജനമായിത്തീന്നിട്ടുള്ള ഡാക്ടർ ചേലനാട്ട് അച്യുതമേനോൻ അവർകഠം പല കാലങ്ങളിലായി എഴുതി പ്രസിദ്ധപ്പെടുത്തിയ സരസങ്ങളും ഭാവഗംഭീരങ്ങളുമായ പത്തു ചെറുകഥകളുടെ സമാഹാരമാണീ ഗ്രന്ഥം. സമുചിതമായ പശ്ചാത്തലത്തിൽ സ്വാഭാവികമായ വണ്ണനകളും വിവരണങ്ങളും സംഭാഷണങ്ങളും ഒത്തിണക്കി നിമ്മിക്കപ്പെട്ട ഈ കഥകഠം മലയാളത്തിലെ ചെറുകഥകളുടെ കൂട്ടത്തിൽ സമുന്നതമായ ഒരു സ്ഥാനത്തിന്ന അർഹതയുള്ളവയാകുന്നു. കേരളത്തിൻെറ സംസ്ക്കാരികമൂല്യം ഇവ വിശദമാക്കുന്നു. തനി മലയാളിത്തം ആദ്യന്തം പ്രതിഫലിച്ചു കാണുന്നുവെന്നുള്ളതാണിക്കഥകളുടെയൊരു പ്രത്യേകത. ഗാംഭീരാശയനായ ഗ്രന്ഥകാരൻെറ വ്യക്തിത്വം ഇതിൽ സവ്വത്ര കാണാം. നമ്മുടെ അഭിമാന സ്തംഭമായ പഴശ്ശിരാജാവിൻെറ ത്യാഗസുരഭിലമായ വീരജീവിതത്തിൻെറ ചരമഘട്ടത്തെ ചേതോരഞ്ജകമാകുംവണ്ണം ചിത്രീകരിച്ചിരിക്കുന്ന 'പഴശ്ശിയുടെ പോരാട്ടം' എത്ര വായിച്ചാലും മതി വരുന്നതല്ല. 'വിധിയും കൊതിയും' എന്ന ഹൃദ്യമായ

കഥ ഗ്രന്ഥകാരൻെറ ഗണപതിക്കുറിപ്പാണെന്നു കാണു ന്നു. മലയാളദേശത്തെ ഗാർഹസ്ഥ്യ ജീവിതത്തിൻെറ മൃദുലകോമള രംഗങ്ങൾ ഇതിൽ ധാരാളമുണ്ടു്. ശത്രുവിൻെറ മുമ്പിൽ തല കുനിയ്ക്കാൻ അനുവദിക്കാത്ത പരമ്പരാസിദ്ധമായ പൌരുഷപ്രകർഷം, നിഷ്കളങ്കപ്രേമത്തിൻെറ അപ്രതിരോധ്യ ശക്തി, സ്ത്രീസഹജമായവാത്സല്യപ്രചുരിമാ ജന്മി--കുടിയാൻ ബന്ധത്തിലെ നിർദ്ദയ വശങ്ങൾ, ആക്കും അജ്ഞേയമായ മാനസഗതി മുതലായവയെ അതാതിനു് അനുയോജ്യമായ അന്തരീക്ഷത്തിൽ കലാകുശലതയോടെ സുവ്യക്തമാക്കുന്നവയാണു് ഇക്കഥകൾ. കേരളത്തിലെ ഗ്രാമീണജീവിതം ഇതിൽ സന്ദർഭാനുഗുണം ചിത്രീകൃതമായിട്ടുണ്ടു്. അക്ലിഷ്ട സുഭഗങ്ങളും തന്മയത്വം തികഞ്ഞവയുമാണു് ഇതിലെ വർണ്ണനകൾ. മനുഷ്യഹൃദയത്തെ പല നിലപ്പാടുകളിലും നിരീക്ഷിച്ചു് അതിലുളവാകുന്ന ഭാവഭേദങ്ങളെ മർമ്മസ്പൃക്കായി വിവരിച്ചിരിക്കുന്ന ഈ കൃതി കേരളഭാഷാഭഗവതിയുടെ വിശിഷ്ടഭൂഷണങ്ങളിലൊന്നായി വിളങ്ങുമെന്നുള്ളതിന്നു സംശയമില്ല. സൗശീല്യ സമ്പന്നനായ ഈ മാതൃഭാഷാ പ്രണയിയിൽ നിന്നു ഇത്തരം വിലയേറിയ സമ്പാദ്യങ്ങൾ അനവധി കൈവരുന്നതിനു ദൈവാനുകൂല്യമുണ്ടാകട്ടെ.

ഗ്രന്ഥാരംഭത്തിൽ ഇത്രയും പ്രസ്താവിക്കാൻ സന്ദർഭം നൽകിയ ഗ്രന്ഥകാരൻെറ മഹാമനസ്കതയ്ക്കു കൃപ്പുകൈ!

ശ്രീ ലക്ഷ്മീഭവനം,
പൂജപ്പുര
14-8-1951

വി. ആർ പരമേശ്വരൻപിള്ള.
(Department of Archaeology)

# ഉള്ളടക്കം.

★


1. ഇന്ദ്രജാലം.
2. വിധിയും കൊതിയും.
3. പ്രായശ്ചിത്തം.
4. കാട്ടുരാജാവു്.
5. മേനോന്റെ അവസാനകയ്യു്.
6. ആ നോട്ടം.
7. പഴശ്ശിയുടെ പോരാട്ടം.
8. വാത്സല്യം.
9. ആ ഹരിണാക്ഷി.
10. കണ്ടന്റെ പിലാവു്.

UNIVERSITY LIBRARY
24 AUG 1955
MADRAS

1

# "ഇന്ദ്രജാലം"

★

(തേടിയവള്ളികാലിൽ)

ശ്രീദേവിത്തമ്പുരാട്ടി ഉച്ചക്കു് അമീത്തു് കഴിഞ്ഞു മാളികമുകളിൽ ചെന്നിരുന്നു് പതിവുപോലുള്ള പുരാണ പാരായണം കഴിഞ്ഞു് വിശ്രമിക്കാനാരംഭിക്കുമ്പോഴെ ക്ക, സഖികൾ ഒന്നു പാടേണമെന്നായി കിണഞ്ഞു.

"പാണ്ഡവൻെറ രൂപം കണ്ടാലഹോ
പുണ്ഡരീകഭവസൃഷ്ടികൌശലമഖണ്ഡമായി
വിലസുന്നിതിശംകേ ഞാൻ"

എന്ന പല്ലവി പാടിയതോട്ടുംകൂടി "കണ്ടം നേരെയാവു ന്നില്ല" എന്നു പറഞ്ഞു് താൻതന്നെ മതിയാക്കി പെ ട്ടെന്നു ചില സ്മരണകൾ മനസ്സിലുദിക്കയാൽ തലതാ ഴ്ത്തിമിണ്ടാതിരുന്നു. മൌനം മററുള്ളവരുടെ പരിഹാസ ത്തിന്നു മൂലമാകുമെന്നു കരുതി ഉടനെ പള്ളിയറയിലേ ക്കു് എഴുന്നള്ളി. ഉൎവ്വശിയെപ്പോലെ തമ്പുരാട്ടിയും കുറ ച്ചുകാലമായി മദനപാരവശ്യംകൊണ്ടു് വലഞ്ഞിരിക്കുക

യാണ്. അതിന്നു കാരണഭൂതനായ പുരുഷകേസരി തനിക്ക് ഉർവ്വശിയുടെ അനുഭവം ഉണ്ടാക്കരുതേ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ടായിരിക്കാം. അപ്പോഴെക്ക് കല്ലൂർ നമ്പൂതിരിപ്പാട്ടു വന്നിട്ടുണ്ടെന്നറിയിക്കയാൽ അദ്ദേഹത്തോടു കുശലം ചോദിക്കുവാനായി പുറത്തേക്കുതന്നെ വന്നു.

തമ്പുരാട്ടി—എന്താ ഇങ്ങോട്ടെക്കുള്ള വഴിതന്നെ നമ്പൂതിരിപ്പാട്ടു മറന്നുവെന്ന് വിചാരിച്ചു.

നമ്പൂതിരിപ്പാട്—നല്ലക്ഷ. അങ്ങിനെ വരാൻ പാടുണ്ടോ. ചോടിവിടെയല്ലെ കഴിഞ്ഞതു്. ഒരു ദിക്കിൽ നാലുദിവസം തികച്ചു താമസിക്കാൻ എനിക്കു വിധിയില്ല. അപായവും, അപകടവും, ഇളക്കവും ഉള്ള സ്ഥലങ്ങളിലൊക്കെ എത്തണ്ടെ!

തമ്പു—നമ്പൂതിരിപ്പാട് മാററാത്ത വ്യാധിയില്ലെന്നാണ് കേൾവി. പക്ഷെ എന്റെ ദീനം അന്നും ഇന്നും ഒരു പോലെതന്നെ.

കല്ലൂർ—വ്യാധി അറിയാഞ്ഞിട്ടും, മരുന്ന് അറിയാഞ്ഞിട്ടും അല്ല. മരുന്നു കിട്ടാനുള്ള പ്രയാസം വിചാരിക്കുമ്പോൾ അമാന്തിക്കയാണ്.

തമ്പു—അപ്പോൾ ദീനം മാറാത്തതാണല്ലെ. മാറാത്ത ദീനത്തിനല്ലേ കിട്ടാത്ത മരുന്ന്?

നമ്പൂ—അതല്ല. അത്രത്തോളം ഉപദ്രവം തുടങ്ങിയെന്നറിഞ്ഞില്ല.

തമ്പു—അതിത്രത്തോളം പറയാനൊരുങ്ങിയതിൽനിന്നു തന്നെ മനസ്സിലാക്കരുതെ.

നമ്പൂ—എന്നാൽ ഇനി കല്ലൂരിനെക്കൊണ്ടു് ആവുമോ എന്നു പരീക്ഷിച്ചിട്ടു്. രാത്രി ഒരു പത്തുനാഴിക രാച്ചെല്ലുമ്പോഠം തോട്ടത്തിൽ കാണണം.

നമ്പൂതിരിപ്പാട്ടു് താഴത്തേക്കും തമ്പുരാട്ടി പള്ളിയറയിലേക്കുംപോയി. കോവിലകത്തു നമ്പൂതിരിപ്പാട്ടു വന്നിട്ടുണ്ടെന്നും ഇല്ലെന്നും ഒരുപോലെ സംസാരം തുടങ്ങി.

2

പൂപോലെയുള്ള നിലാവു്, ലോകമാസകലം വെള്ള വീശിയ സമയം. കോൾമയിർ കൊള്ളിക്കുന്ന കുളിരിളംകാററും അകമ്പടി ചേർന്നപ്പോൾ പ്രകൃതിവിലാസത്തിന്നും ജനങ്ങളുടെ ആനന്ദത്തിന്നും പരമാവധിയായി. വഴിപോക്കന്മാർ നടന്നു് നടന്നു് സുഖം കടന്നുപോകരുതെന്നു് വിചാരിച്ചു വഴിവക്കത്തുള്ള പുൽപ്രദേശങ്ങളിൽ മുണ്ടുവിരിച്ചിരുന്നു് ക്ഷീണം തീർത്തുകൊണ്ടു ചുററുമുള്ള കാഴ്ച കണ്ടു ലയിക്കാൻ തുടങ്ങി. വധൂവരന്മാർ "പൂഞ്ചോല തോറും നടന്നു, പൂമണം മെല്ലെ നുകന്നു" ശരച്ചന്ദ്രികയെ കൊണ്ടാടി. പലതരം കളവിന്നുമായി പുറത്തിറങ്ങീട്ടുള്ളവരും വെളിയിൽവരാൻമടിച്ചു്, ഒളിവിലിരുന്നു് ചന്ദ്രോപാലംഭം ആരംഭിച്ചു. പയശ്ശേരിരാജാവും അത്താഴം കഴിഞ്ഞു് കടൽത്തീരത്തുള്ള കൊട്ടാരത്തിൽ കടലിന്നഭിമുഖമായിട്ടുള്ള വരാന്തയിലെത്തി, തങ്കളെക്കണ്ടു്

തിരതല്ലിത്തുള്ളുന്ന തോയരാശിയുടെ തള്ളിച്ചനോക്കി പുഞ്ചിരി തൂകിത്തുടങ്ങി. "മാധവ! മധുസമയം" എന്നു മൂളിക്കൊണ്ടു കല്ലൂർ നമ്പൂതിരിപ്പാടും എത്തി.

രാജാ—ആര് കല്ലൂരോ! ഇപ്പോൾ വിചാരിച്ചേ ഉള്ളൂ. അപ്പോഴെക്ക് എത്തിയല്ലൊ. കഴിഞ്ഞകൊല്ലം ഇക്കാലത്തു് ഇങ്ങിനെ തെളിഞ്ഞ നിലാവുള്ള ഒരു രാത്രി നോം വള്ളക്കളിയ്ക്കു് പോയതു് ഓക്കുന്നുണ്ടോ? അതു് ഓത്തു് ഇപ്പോൾ കല്ലൂരുണ്ടെങ്കിൽ എത്ര നന്നായിരുന്നു എന്നു വിചാരിക്കുകയായിരുന്നു. കല്ലൂരിന്നു ദീർഘായുസ്സുതന്നെ.

നമ്പൂ—ദീർഘായുസ്സ് അവിടുത്തെപ്പോലെയുള്ളവക്കാണ് വേണ്ടതു്.

രാജാ—വെറുതെ സേവപറയേണ്ടാ. അനവധി ജനത്തിന്നു ദുഃഖശാന്തി വരുത്തുന്ന നമ്പൂതിരിയല്ലെ എന്നും ഇരിക്കേണ്ടതു്.

നമ്പൂ—എനിക്ക് വന്ന ദുഃഖം മാററാനേ കഴിവുള്ളൂ. അങ്ങെക്ക് വരാൻപോകുന്ന ദുഃഖം മുൻകൂട്ടിയറിഞ്ഞു് പരിഹരിക്കാനുള്ള ശക്തിയുണ്ടല്ലൊ. അപ്പോൾ ആരാണ് അധികം ഇരിക്കേണ്ടതു്.

രാജാ—നേരംപോക്കുമതി. വല്ലവരുടേയും ദുഃഖംകൊണ്ടാണോ വന്നിരിക്കുന്നതു്.

നമ്പൂ—എന്തിനാണ് എന്നെ പരിഹസിക്കുന്നതു്. സകലരുടെദുഃഖവും ചാരചക്ഷസ്സുകൊണ്ടറിയുന്നഅങ്ങയുടെ മുമ്പിൽ ഇയ്യുള്ളവന്റെ മറിമായങ്ങൾ സാരമുണ്ടോ?

രാജാ—കല്ലൂരിന്നു സേവക്ഷ പറയാം കേട്ടോ. അതിരിക്കട്ടെ. ശ്രീദേവി തമ്പുരാട്ടിയെ അറിയോ. കവിതയുണ്ടെന്നൊക്കെ കേട്ടു. ഇന്നലെ "പാറപ്പുറം വന്നപ്പോൾ ശ്രീദേവിത്തമ്പുരാട്ടിയുടെവകയാണെന്നുപറഞ്ഞു് ഒരു ശ്ലോകം ചൊല്ലി. ഒരിക്കലേചൊല്ലിയുള്ളു. പിന്നെ എന്റെ മനസ്സിൽനിന്നു് അതു പോകുന്നില്ല.

നമ്പൂ—കേൾക്കട്ടെ. നല്ല കവിതയാണെന്നാണു് കേൾവി.

രാജാ—ചൊല്ലാം.

അല്ലേ മാലതി! മാലെനിക്കവളരു-
ന്നേരത്തുരക്കുന്നത-
ങ്ങെല്ലാംകേട്ടു ഹസിച്ചുനില്ക്കുമയി!
നിന്നന്തസ്സിന്നുണ്ടന്തവും
കല്യാണാംഗനരിപ്രതാപഹരനാമെൻ
കാമുകൻ കാണുകിൽ
കല്യേ! നിൻകഥതിൻ, കണ്ടുവുമരിഞ്ഞെതൻ
കയ്യിലപ്പിച്ചിടും.

നന്നായിട്ടുണ്ടു്. ഇതു തമ്പുരാട്ടിയുടെ തല്ക്കാലസ്ഥിതി സൂചിപ്പിക്കുന്നതായിരിക്കുമോ? കണ്ടാലെങ്ങനെ?

നമ്പൂ—ഞാനൊരു കവിയായില്ലല്ലോ. എന്നാൽ ഒന്നു വർണ്ണിക്കാമായിരുന്നു. സാഹിത്യം മാത്രമല്ല സംഗീതവും കടുകട്ടിയാണു്. ഇന്നാളൊരു ദിവസം ഞാൻ അവിടെ പോയിരുന്നു. അപ്പോൾ "പാണ്ഡവന്റെ രൂപം കണ്ടാൽ" എന്നു പാടുന്നതു കേട്ടു. ആ പദം

ഉണ്ടാക്കിയ ആൾതന്നെ അങ്ങിനെപാട്ടുമോ എന്നു സംശയം തോന്നി.

രാജാ—പാട്ടു് ഒന്നു കേൾക്കാൻ എന്താ നിവൃത്തി. എന്നാൽ കാണുകയും ആവാമല്ലോ. രാജാവാകയാൽ അകമ്പടിക്കൂടാതെ പുറത്തിറങ്ങാനും നിവൃത്തിയില്ല. കല്ലൂരിനെപ്പോലെയുള്ളവർതന്നെയാണു് സുഖം; എവിടേയും എപ്പോഴും ചെല്ലാം.

നമ്പൂ—ശരി! ഇങ്ങിനെ അലയുന്നതാണല്ലേ സുഖം! പാട്ടുകേൾക്കണമെങ്കിൽ നിവൃത്തിയുണ്ടു്. പക്ഷെ അവിടെ ഇനി പോകുമ്പോൾ ഒന്നു ചോദിച്ചതിന്നുശേഷം പോരേ.

രാജാ—മതി. നമ്പൂതിരിയുടെ ഇന്ദ്രജാലംകൊണ്ടു് ഇതിലധികവും സാധിക്കും.

നമ്പൂ—ചുരുക്കത്തിൽ എന്നെ ഹംസമാക്കാനാണോ ഭാവം—അഭ്യാസം നന്നെ കുറവാണു്.

രാജാ—അതു് ഇനി തുടങ്ങിയാൽ മതി. ആട്ടെ ഇന്നു കടലിലിറങ്ങിയാൽ കൊള്ളാമെന്നുണ്ടു്. തോണികൊണ്ടുവരാൻ പറയൂ.

നമ്പൂ—ഓ. ഇതാ എത്തി.

3

നമ്പൂതിരിപ്പാടും രാജാവും തോണിയിൽ കയറി. അതിഥിയെ അറിഞ്ഞ അണ്ണവം തൻെറ അധികാരസീമയിൽ അദ്ദേഹം കാലെടുത്തുവെച്ച ഉടനെ തിരയെന്ന വ്യാജേന ആ മഹാനെ വന്ദിച്ചു തോണിയിലുള്ളവർ അതിവേഗത്തിൽ തണ്ടുവലി തുടങ്ങി. പൊന്തിത്താഴുന്ന

ഓളങ്ങളോട്ട് ഇണങ്ങിപ്പോകുന്ന തോണി ശരണാഗത ന്റെ നിലയിൽ സാഗരരാജാവിനെ നമസ്കരിക്കുവാനും ആരംഭിച്ചു. കടലിലേക്കു പോകുംതോറും കാററിനു ശ ക്തികൂടി. ഓളങ്ങൾക്കു കോലാഹലം കുറഞ്ഞുവെങ്കിലും, കണ്ടാൽ ഭയം തോന്നത്തക്കവിധം വലിപ്പംകൂടിവന്നു. വെള്ളം തൊടുന്നുണ്ടോ എന്ന സംശയം തോന്നിക്കുന്ന വേഗത്തിൽ പോകുന്ന തോണിയെ കാററിനെതിരായി കൊണ്ടുപോകുവാൻ അധികനേരം അവരുടെ കരബലം സഹായിച്ചില്ല. കൊണ്ടുപിടിച്ചു തണ്ടുവലിക്കുന്നവർ തോണി തെക്കോട്ടു തിരിഞ്ഞതും അറിഞ്ഞില്ല. കാററും കോളും വദ്ധിച്ചു. പിടിച്ചാൽ കിട്ടാതെ പോകുന്ന തോ ണിയുടെ ഉദ്ദിഷ്ടസ്ഥാനം ഇന്നതാണെന്ന് അതിലിരിക്കു ന്നവക്കും അറിയാതെയായി. "തോണി വല്ലാതെ പോ കുന്നുവല്ലോ" എന്ന നമ്പൂതിരിപ്പാട്ട് പരിഭ്രമം പ്രത്യക്ഷ മാക്കിയപ്പോൾ "കാററ് അധികം നില്ക്കില്ല" എന്നു രാ ജാവു സമാധാനിപ്പിച്ചു. പെട്ടെന്ന് ഒരു പ്രഭാപൂരം തോണിയുടെ മുമ്പിൽ പ്രത്യക്ഷമായി. രാജാവു ശങ്കിച്ച് നോക്കുന്നതു കണ്ടപ്പോൾ നമ്പൂതിരിപ്പാട്ട് ഇതിന്നു നേ രെയാണ് കൊടുങ്ങല്ലൂർ ക്ഷേത്രം എന്നുണർത്തിച്ചു. അതു കേൾക്കേണ്ട താമസം, രാജാവു തണ്ടുവിട്ട് 'കൈക്കൂപ്പി കണ്ണടച്ചു ദേവിയെ ധ്യാനിച്ച് സ്തോത്രം തുടങ്ങി.

(പാന)

"താപനാശിനി! തായേ! തൊഴാം തവ
രൂപമീദൃശം കണ്ടതെൻ ഭാഗ്യമേ!

വിശ്വവന്ദ്യേ! വിലോചനാലോകനാൽ
വിശ്വപാലനം ചെയ്യുന്ന ശക്തി നീ!
സാരസൈക്യാത്ഥമാകുന്ന സേവയും,
വീരനോ നിജ വീൎയ്യം പുലത്തുവാൻ,
കാമുകൻതന്റെ കാമലാഭത്തിനും"

എന്നു പറഞ്ഞതോടുകൂടി അദ്ദേഹം ഒന്നു മയങ്ങി. തോണി ലോകമാതാവിന്റെ ആജ്ഞപ്രകാരം പ്രാപ്യസ്ഥാനം അണയുകയും ചെയ്തു.

4

രാജാവിന്നു ബോധം വീണപ്പോൾ തോണിയുമില്ല, പുഴയുമില്ല, നമ്പൂതിരിപ്പാടുമില്ല. പലവിധ പുഷ്പങ്ങളുടെ പരിമളം വഹിക്കുന്ന മന്ദാനിലൻ തൊട്ടു തലോടീട്ടാണു് താൻ ഉണൎന്നതു് എന്നും തോന്നി. കണ്ണുമിഴിച്ചു നോക്കിയപ്പോൾ നിലാവുകൊണ്ടു പത്തിരട്ടി ശോഭകൂടിയ ഒരുദ്യാനത്തിന്റെ മദ്ധ്യത്തിൽ വെണ്ണക്കൽത്തറയിന്മേലാണു് കിടക്കുന്നതെന്നും മനസ്സിലായി. ഇതു് നമ്പൂതിരിപ്പാടിന്റെ ഇന്ദ്രജാലത്തിന്റെ മഹിമയായിരിക്കുമോ. അതോ നന്ദനോദ്യാനസദൃശമായിരുന്ന ഈ പൂങ്കാവനം ലോകത്തിലുള്ളതുതന്നെയായിരിക്കുമോ, എന്നു തീൎച്ചപ്പെടുത്തുവാൻ സ്ഥലഭ്രാന്തി തെല്ലൊലം അനുവദിച്ചില്ല. അങ്ങിനെ അധികനേരം ഇരിക്കേണ്ടിവന്നില്ല. സൎവ്വാംഗവും മൂടിയ ഒരു രൂപം ഉദ്യാനത്തിന്റെ ഒരു ഭാഗത്തുനിന്നു തന്റെ നേൎക്കു വരുന്നതുകണ്ടു് നമ്പൂരിപ്പാടായിരിക്കുമോ എന്നു സംശയിച്ചു് ഒന്നു വിളിച്ചു. മറുവടിയില്ല. കുറച്ചുകൂടി ക്ഷമയോടുകൂടി ഇരുന്നപ്പോൾ ആ

രൂപം ആഹ്ലാദനങ്ങൾ അല്പാല്പമായി നീക്കിനീക്കി അ ടുക്കുന്നതുകണ്ടു. ചവിട്ടുന്ന പുൽക്കൊടികൾക്കുപോലും വേദന തട്ടരുതെന്നു കരുതി നന്നെ പതുക്കെ നടന്നുവരു ന്ന ആ രൂപം ഒരു നവസുന്ദരിയുടേതാണെന്നു് മനസ്സി ലാക്കുവാൻ രാജാവിന്നു അധികം ആലോചിക്കേണ്ടിവ ന്നില്ല. അങ്ങിനെ ശ്രമപ്പെടുത്തുന്നതു് അപമര്യാദയാ ണെന്നു വിചാരിച്ചു് ആ വീരസുകുമാരൻ എതിരേല്ക്കാൻ അങ്ങോട്ടുചെന്നു. അടുത്തെത്തിയപ്പോൾ—

"ചരണദാസിയാമെന്നിൽ കനിയേണം
ശരണം മററില്ല"

എന്നു് സങ്കോചസംഭ്രമങ്ങൾ അനുവദിച്ചേടത്തോ ളം സ്ഫുടതയോടുകൂടി, താണസ്വരത്തിലെങ്കിലും മധു രമായി ഒരുവിധം ഉച്ചരിച്ചു് ആ സുഭാഷിണി അധോമു ഖിയായിനിന്നു.

സ്ഥലകാലഭേദത്താലുണ്ടായ ഭ്രാന്തിയെ ഒരു കണ ക്കിൽ ജയിച്ചു മനസ്സിനെ സ്വാസ്ഥമാക്കാൻ രാജാവു ശ്രമി ച്ചുകൊണ്ടിരിക്കുമ്പോഴാണു് ഈ കന്യകാരത്നത്തിൻെറ ആഗമനം! വിട്ടൊഴിഞ്ഞിരുന്ന ഭ്രാന്തി വീണ്ടും രാജഹൃദ യത്തിൽ വേരൂന്നി. ഇതുവരെ മനസ്സ് അന്യാധീനമാ ക്കാതിരുന്നിട്ടുള്ള ആ സരസഗംഭീരൻ തനിക്കു തല്ക്കാലം നേരിട്ട ചാപല്യത്തിന്നു കാരണഭൂതൻ ആരായാലും അ യാളെ ശതകം ചൊല്ലിക്കുമെന്നു് ശപഥംചെയ്തപോലെ പെട്ടെന്നു് ഉജ്ജ്വലതേജസ്വിയായി നിലകൊണ്ടു. ധീര നായിരിക്കുന്ന ആ പുരുഷപുംഗവനിൽ പരിഭ്രമം അധി കനേരം കുടികൊള്ളുക പതിവില്ലാത്തതിനാൽ ഉടനെ

തന്റെ മുമ്പിൽ "സ്വയമേവാഗതയായ" സുന്ദരിയുടെ സന്ദർശനത്താൽ അല്പമൊന്നു മയംവന്ന പ്രൌഢസ്വരത്തിൽ "അല്ലയോ സതീരത്നമേ! ഞാൻ ഭവതിയെ ആരെന്നറിഞ്ഞിട്ടാണു് അഭിവാദ്യം ചെയ്യേണ്ടതെന്നു് ആജ്ഞാപിക്കേണ്ടിയിരിക്കുന്നു. ശരണം പ്രാപിക്കുന്നവരെ അന്വേഷിച്ചറിയാനുള്ള അവസരം ഞാനുണ്ടാക്കാറില്ല. അവരുടെ സ്ഥിതികൾ മുൻകൂട്ടി മനസ്സിലാക്കി യഥോചിതം പ്രവൎത്തിക്കുന്നതാണു് എന്റെ പതിവു്. ഭവതിയുടെ കാൎയ്യത്തിൽ അങ്ങിനെ സാധിക്കാതെ വന്നതിൽ വ്യസനിക്കുന്നു. എന്റെ ഹൃദയം ഭവതിയോടു് ഒരു ചോദ്യം ചോദിപ്പാൻ എന്നെ പ്രേരിപ്പിക്കുന്നു. ഭവതിയാണോ ആ ശ്രീദേവി!

തമ്പുരാട്ടി—സാക്ഷാൽ ശ്രീദേവി ഞാനല്ല. പയ്യേരി തമ്പുരാനെ ഏകാഗ്രചിത്തതയോടുകൂടി ധ്യാനിച്ചിരിക്കുന്നവളും, അദ്ദേഹത്തിന്റെ പാദശുശ്രൂഷക്കായി സദാ കൊതിച്ചിരിക്കുന്നവളും, ആ തിരുമേനിയെ ഈ രാത്രി ഇത്തരത്തിൽ ശല്യപ്പെടുത്തിയവളുംആയ ശ്രീദേവി ഞാൻ തന്നെയാണു്. എന്നെ അപരാധിനിയാക്കരുതേ.

രാജാ—അങ്ങിനെയാണെങ്കിൽ ഞാനാണു് അപരാധി. രാജാവായ എനിക്കു് ഏതുതരം ജീവിതത്തിലും പരിചയം സിദ്ധിച്ചിട്ടുണ്ടു്. എന്നാൽ ദേഹപീഡയോ മാനസപീഡയോ യാതൊന്നും അറിയാത്ത ഭവതിക്കു് ഈ അൎദ്ധരാത്രി നിദ്രാഭംഗത്തിന്നിടവരുത്തിയ ഞാനല്ലേ വാസ്തവത്തിൽ അപരാധി.

തമ്പു—ഇങ്ങിനെയുള്ള അപരാധങ്ങൾ രണ്ടുപേരും ആ
വൎത്തിക്കട്ടെ എന്നാണു് ഇയ്യുള്ളവളുടെ പ്രാൎത്ഥന.
രാജ—എൻേറയും. ഇന്നു് അത്താഴം കഴിഞ്ഞു കല്ലൂർ
നമ്പൂതിരിപ്പാടുമായി ഭവതിയെക്കുറിച്ചു ചിലതെ
ല്ലാം സംസാരിച്ചു തോണിക്കളിയായി കടലിലിറ
ങ്ങിയപ്പോൾ ആ കളി "ദേവീദർശന"ത്തിൽ പൎയ്യ
വസാനിക്കുമെന്നു വിചാരിക്കയുണ്ടായില്ല. ഇങ്ങിനെ
ഹിതം അറിഞ്ഞു് പ്രവൎത്തിച്ച അദ്ദേഹത്തോടു ന
മുക്കു രണ്ടുപേൎക്കും നന്ദി പറയുക.

"കാളിന്ദിതൻപുളിനവും, കുളുർവെൺനിലാവും
മേളിച്ചു രാത്രികളുമുണ്ടിനി വേണ്ടുവോളം"

പാണിഗ്രഹണശേഷം രാജാവും തമ്പുരാട്ടിയും ദക്ഷി
ണകൊടുക്കാനെന്ന ഭാവത്തിൽ നമ്പൂരിപ്പാടിനെ അന്വേ
ഷിച്ചു് തോണിയടുപ്പിച്ച സ്ഥലത്തേക്കു ചെന്നു.

മാതൃഭൂമി വിശേഷാൽപ്രതി (1926)

---

2

# വിധിയും കൊതിയും.

നേരം പ്രഭാതമായി. കാക്കകളുടെ കകാരങ്ങളും
ചെറുപക്ഷികളുടെ കളകളശബ്ദങ്ങളും ധാരാളം കേട്ടുതു
ടങ്ങി. മകരത്തിലെ മരംകോച്ചുന്ന മഞ്ഞിൻെറ ശക്തി
നിമിത്തം, പുലൎന്നാൽ ഭാൎയ്യവീട്ടിലിരിക്കുന്നതു് പോരായ്മ
യാണെന്നു വിചാരിക്കുന്ന കാരണവന്മാരൊഴികെ ആരും
പുറത്തിറങ്ങി സഞ്ചരിക്കാൻ തുടങ്ങീട്ടില്ല. വീടുകളിൽ ആ
ളുകൾ താമസിക്കുന്നതിൻെറ അടയാളങ്ങൾ മുത്തശ്ശിമാ

രുടെ കോൽവിളക്കും, വാതിൽ നീക്കലും തൈരുകലക്കലും ധനാശിപാടലും മാത്രമേയുള്ളൂ. തിരുനാരായണപുരം ക്ഷേത്രത്തിലെ ശംഖനാദം അയൽവാസികളെ ജീവിതരണത്തിന്ന് വിളിക്കുന്നപോലെ മുഴങ്ങിത്തുടങ്ങി. വാരിയരും ശാന്തിക്കാരൻ നമ്പൂരിയും ഉപജീവനത്തിന്ന വേറെ വഴിയില്ലാത്തതുകൊണ്ട് തണുത്തുവിറച്ച് ഹാജരായിട്ടുണ്ട്. ഒരുവിധം കാലക്ഷേപത്തിന്ന നിവൃത്തിയും, മനസ്സിന്ന സ്വൈരവും, ഉള്ളവരാരും പുതപ്പും പടിയും വിടാതിരിക്കുന്ന ഈ സമയത്തു് കുളിച്ച് ഈറനുടുത്ത് നാമം ജപിച്ചുകൊണ്ട് ഏകദേശം ഇരുപത്തഞ്ചുവയസ്സുപ്രായമായ ഒരു സ്ത്രീ മേൽപറഞ്ഞ ക്ഷേത്രത്തിലേക്കു തൊഴാൻവരുന്നതു് അധികംപേരും കണ്ടിരിക്കാനിടയില്ല. പെരുമ്പറമ്പുദേശത്തു പ്രമാണിത്തത്തിലും പദവിയിലും കിടയില്ലാത്ത പാലക്കൊട്ടു തറവാട്ടിലെ പത്മാവതിയമ്മയാണ് അതു് എന്നു് ആരും ശങ്കിക്കക്കൂടി ചെയ്യുന്നതല്ല. സച്ചിദാനന്ദസ്വരൂപന്റെ മറിമായങ്ങൾ ആരറിയുന്നു. ഈ ഘോരവ്രതം മുട്ടാതെ അനുഷ്ഠിക്കുവാൻ ഒരുങ്ങിയ ആ സതീരത്നത്തിന്റെ മനസ്സ് എന്തെല്ലാം വികാരവിചാരങ്ങൾക്കധീനമാണെന്നു് ആ ജഗദീശ്വരനുമാത്രം അറിയാം.

വന്ന ഉടനെ "വിളക്കു നല്ലവണ്ണം തെളിയിക്കണേ" എന്നു പറഞ്ഞു നൈ കൊണ്ടുവന്ന ഓടം നമ്പൂരിയുടെ മുമ്പിൽവെച്ചു. നമ്പൂരി അതെടുത്തു് ഉടനെ വിളക്കിൽ പകന്ന് ഒന്നുരണ്ടുപ്രാവശ്യം മണിമുട്ടി പ്രസാദം കൊണ്ടുവന്നു. പത്മാവതിയമ്മ പ്രസാദംവാങ്ങി "കൃഷ്ണാ!

ഭക്തവത്സലാ! പ്രസീദ പ്രസീദ" എന്നു പറഞ്ഞു ചൂടി പോകാൻ പുറപ്പെട്ടു. ഒന്നുരണ്ടടി നടന്നു തിരിഞ്ഞുനിന്നു.

പത്മാ—ഓ! ഉള്ളതുതന്നെ; ഞാനിപ്പോൾതന്നെ മറക്കമായിരുന്നു. നാളെ മുതൽക്കു ഈശ്വരസേവതുടങ്ങണമെന്നു വിചാരിക്കുന്നുണ്ടു്. വ്യാഴാഴ്ചയാണു്; തിരുവോണവുമാണു്. അത്ര നല്ലദിവസംഇനിഉണ്ടാവില്ല. കിഴക്കേലെ ചിമ്മുണ്ണി പാൽ നേർത്തു കൊണ്ടുവരും. പഞ്ചസാരയും നെയ്യും ഞാൻ തൊഴാൻവരുമ്പോൾ കൊണ്ടുവരാം. ഉണങ്ങലരിയുടെ കാര്യം ശങ്കുണ്ണിവാരിയരോടു ഇവിടുന്നുതന്നെ പറഞ്ഞേക്കു. വാരിയത്തു പോയപ്പോൾ ആയാളെ കണ്ടില്ല. ഉച്ചക്കു അങ്ങോട്ടുവന്നാൽ നെല്ലു് അളവുകൊടുക്കാമെന്നു പറഞ്ഞേക്കു.

നമ്പൂ—അതെല്ലാം വെടിപ്പാക്കാം. ഞാൻ കുറച്ചുദിവസമായി ചോദിക്കേണമെന്നു വിചാരിക്കുന്നു. കുട്ടിരാമമേനോൻ നല്ല സുഖമില്ലാതെയാണു പോയതു് എന്നു കേട്ടു. പോയശേഷംവിവരംഒന്നുംഇല്ലെന്നുണ്ടോ?

പത്മാ—ഇവിടുന്നേ! അദ്ദേഹത്തിന്നു യാതൊരു സുഖക്കേടുമില്ല. എല്ലാം എന്റെ കർമ്മം. ഈ നില വരും എന്നു് ഞങ്ങൾ രണ്ടാളും ഓർക്കാത്തതാണു്.

നമ്പൂ—ആൾ നല്ലക്ഷയാണു്. ശീലം അതിശാണു്. ഇങ്കിരീസുപഠിച്ചവരിൽ ഇത്രഒതുക്കവുംബ്രാഹ്മണഭക്തിയും,സ്വഭാവഗുണവും ഉള്ളവർ ചുരുക്കം.

പത്മാ—അതുകൊണ്ടുതന്നെയാണു് ഇങ്ങിനെയൊക്കെ വന്നതു്. അദ്ദേഹത്തിനു ആരേയും മുഷിപ്പിക്കവെയ്യ

ഇതെല്ലാം അമ്മയുടെ പിട്ടത്തമാണ്. കയ്പായാലും മധുരമായാലും ഇറക്കിക്കഴിഞ്ഞാൽപിന്നെ ഛർദ്ദിപ്പിക്കാറുണ്ടോ?

നമ്പൂ—അതല്ല. കോട്ടേല് ആലോചനയുണ്ടെന്ന കേട്ടു. അടിയന്തിരം ഒന്നുംകൂടാതെ കൂട്ടിക്കൊണ്ടുപോകയാണെന്നൊക്കെ സംസാരമുണ്ട്.

പത്മാ—അദ്ദേഹത്തിൻെറ സ്ഥിതിക്ക് അതിലൊന്നും അത്ഭുതമില്ല. അദ്ദേഹം ശുദ്ധനായതുകൊണ്ടു പലരുംകൂടി ശല്യപ്പെടുത്തരുതെന്ന പ്രാൎത്ഥനയുള്ളു. പെററമ്മയോടു മറുത്തുപറവാൻ അദ്ദേഹത്തിന കരളുറപ്പില്ല; എൻെറ യോഗം, എല്ലാററിനും ഈശ്വരനല്ലേ ആള്—പോട്ടെ—നാല്പത്തൊന്നുദിവസം വേണം. തിരി കെടാതെ സൂക്ഷിക്കണം.

ഉപേക്ഷിച്ചുവെന്ന ഭൎത്താവിൽ നിന്ന നേരിട്ട് അറിയാത്തതിനാൽ അമ്മയെ സമാധാനിപ്പിക്കാൻ തല്ക്കാലം തന്നെ വീട്ടിലാക്കിപ്പോയതാണെന്ന ധരിച്ച പത്മാവതിഅമ്മയ്ക്കു കട്ടിരാമമേനവൻെറ സംബന്ധാലോചനാവൎത്തമാനം മനസ്സിൽ ഇടിത്തീ വീണതുപോലെയായി. ഭൎത്താവറിയാതെയായിരിക്കുമൊ ഈ ആലോചന എന്ന സംശയിച്ചു. ഏതു വിധമായാലും തൻെറ പ്രാണപ്രിയന്ന് തന്നോടുള്ള നിഷ്കളങ്കപ്രേമത്തിന്നു ഒരു നാളും ഹാനിവരുന്നതല്ലെന്നുള്ള വിശ്വാസവും, ദുഷ്കാലംകൊണ്ടു ഇങ്ങിനെയൊക്കെ വന്നതാണെന്നുള്ള സമാധാനവും, മാത്രമേ ആ എരിപൊരികൊള്ളുന്ന സാദ്ധ്വീഹൃദയത്തിന്ന് ആശ്വാസം കൊടുത്തുള്ളു.

2.

വീട്ടിൽ വന്ന് കഞ്ഞികുടിയും കഴിഞ്ഞു മററുള്ളവരുമായി വത്തമാനം പറഞ്ഞിരിക്കുമ്പോൾ പത്മാവതിയമ്മക്കു ഒരു റജിസ്റ്റ് കത്തു് തപാൽശിപായി കൊണ്ടുവന്നു കൊടുത്തു. കുട്ടിരാമൻമേനോൻെറ കയ്യക്ഷരം കണ്ടറിഞ്ഞു ഉടനെ പൊളിച്ചു നോക്കി. എഴുത്തിന്നു പകരം അതിൽ ഒരു രശീതിയാണു കണ്ടതു്. പത്മാവതിയമ്മയുടെ പേരിൽ കുട്ടിരാമൻമേനോൻ ബാങ്കിലിട്ട 1000കയുടെ രശീതിയായിരുന്നു അതു്. ഇതു കണ്ടപ്പോൾ പത്മാവതിയമ്മയ്ക്കുണ്ടായ വ്യസനം ഇത്ര്യയാണെന്നു് വായനക്കാർ ഊഹിക്കയാണുത്തമം. കുട്ടിരാമൻമേനോൻ സംബന്ധം മാററുവാനുദ്ദേശിക്കുന്നില്ലെങ്കിൽ ഇങ്ങിനെ ചെയ്തതിൻെറ അത്ഥം ആ പാവത്തിന്നു മനസ്സിലായില്ല. അതല്ല തൻെറ ഭത്താവായിരിക്കുന്നില്ലെന്നു വരുന്നപക്ഷം അദ്ദേഹത്തിൻെറ വകയായുള്ള ഈ സംഭാവന അനുഭവിക്കുന്നതും ഉചിതമല്ലെന്നു തീച്ചയാക്കി. ഉടനെ തന്നെ ഒരെഴുത്തു് അടക്കം ചെയ്തു അതു മടക്കിയയച്ചു. കത്തിലെ വാചകം ഇങ്ങിനെയായിരുന്നു.

"ഞാൻ പണം മാത്രം മോഹിക്കുകയുണ്ടായിട്ടില്ല. ഒരുവിധം കഴിഞ്ഞുകൂടുവാൻ അച്ഛനും കാരണവന്മാരും തന്നിട്ടുണ്ടു്. ആളുണ്ടെങ്കിൽ പണവുമുണ്ടാകും. സുഖമായിരിക്കുന്നു എന്നു കേൾപ്പാൻ ജഗദീശ്വരനെ പ്രാത്ഥിക്കുന്നു..." എന്നു്—

കത്തു തപാലിൽ ഇടുവാൻ അയച്ചതിന്നു ശേഷം

പത്മാവതി തനിക്കുവന്ന അവസ്ഥാന്തരത്തെക്കുറിച്ച് ആലോചിച്ചിരിപ്പായി.

പത്മാവതിയമ്മയ്ക്ക് ഈ നില വരുവാനുള്ള കാരണം കുറച്ചുകൂടി വിസ്തരിക്കേണ്ടതുണ്ട്. തന്റെ അച്ഛൻ പാറക്കൽ കോമുമേനോൻ മരിച്ചിട്ട് കുറച്ചുകാലമായിരിക്കുന്നു. കുട്ടിരാമമേനോൻ കോമുമേനോന്റെ ഏകസഹോദരിയായ കുഞ്ഞിക്കുട്ടിയമ്മയുടെ മകനാണ്. ഇവർ തമ്മിൽ കുട്ടിക്കാലംമുതൽക്കേ കളിച്ചുവളൎന്നു ക്രമേണ സ്നേഹം മുഴുത്തു ദമ്പതിമാരായിത്തീൎന്നതാണ്. വിവാഹം കഴിഞ്ഞിട്ട് ഇപ്പോഴേക്ക് ഏഴെട്ടുകൊല്ലമായി. ആദ്യം തന്നെ കുഞ്ഞിക്കുട്ടിയമ്മയ്ക്ക് ഈ സംബന്ധം സമ്മതമല്ലായിരുന്നു. ജ്യേഷ്ഠനുള്ള കാലത്തോളം വിരോധം ഉള്ളിലടക്കേണ്ടിവന്നു. അദ്ദേഹം മരിച്ചതിനുശേഷം സംബന്ധം മാററിക്കാനുള്ള ഉത്സാഹങ്ങളായി. പത്മാവതിയമ്മയ്ക്ക് കുററങ്ങളുണ്ടാക്കി ഒന്നിനു പത്തായി വൎണ്ണിച്ച് മകന്റെ ചെവിട്ടിലൂതിയൂതി അയാൾ ഭ്രാന്തുപിടിക്കാറായിരിക്കുന്നു. മററൊന്നുമല്ല ദ്വേഷ്യത്തിന്നു കാരണം. ജ്യേഷ്ഠന്റെ സമ്പാദ്യം മുക്കാലും മക്കൾക്ക് തന്നെ കൊടുത്തിരിക്കുന്നു. ഇനി മകനും അതു തന്നെയല്ലേ ഭാവം എന്നു വിചാരിച്ചിട്ടുള്ള "കണ്ണുകടി" തന്നെ. സഹോദരന്റെ പകുതിമുതലിന്നെങ്കിലും അവകാശിയായിത്തീരുമെന്നു വിചാരിച്ച തനിക്ക് അദ്ദേഹം കാണുവാൻ മാത്രം ഒന്നും കൊടുത്തിട്ടുമില്ല. മകനെ പഠിപ്പിച്ചു ബി. ഏ. പാസ്സാക്കിയതു് ആങ്ങള ചെയ്യേണ്ടുന്ന മുറകളിൽ ഒന്നായിയെന്നല്ല. അതു തന്റെ പേരിലുള്ള സ്ഥായികൊണ്ടാണെന്നു

ആയമ്മ തെററിദ്ധരിച്ചിട്ടുമില്ല. പത്മാവതിയമ്മയെ കഴിയുന്നത്ര ദ്രോഹിക്കുവാൻ തുടങ്ങി. ഭർത്താവിന്റെ അമ്മ വല്ല സുഖക്കേടുമായി കിടപ്പിലായാൽ സദാ ശുശ്രൂഷയ്ക്കു സന്നദ്ധയായിരുന്ന പത്മാവതിയമ്മക്കു് സമ്മാനമായി കിട്ടിയിരുന്നതു് "മെലിഞ്ഞു് എല്ലുമാത്രം ശേഷിച്ചിരുന്ന കാലുകൊണ്ടു് ചവിട്ടും, ഈ ഏറയെ തൊട്ടതിനുശേഷം അവനും കരുതാംകെട്ടു" എന്ന മുള്ളുവാക്കുമായിരുന്നു. ആ സാധു ഇതെല്ലാം സഹിക്കയെല്ലാതെ ഒരിക്കലും ദുർമ്മുഖം കാണിക്കാറില്ല. അമ്മയുടെ നിർബന്ധം നിമിത്തം കുട്ടിരാമൻ മേനോൻ തന്റെ പ്രേമഭാജനത്തെ വീട്ടിലാക്കി പോയിട്ടു് ഏകദേശം രണ്ടുകൊല്ലമായി. വിവരത്തിന്നു് ഇടയ്ക്കിടയ്ക്കു് എഴുത്തയക്കലും പതിവില്ലാതായി. അങ്ങിനെ ഇരിക്കുമ്പോഴാണു് രശീതിയുടെ വരവു്. എല്ലാംകൊണ്ടും മനസ്സുമടുത്തു് പത്മാവതിയമ്മ ഇപ്പോൾ ഈശ്വരഭജനം തുടങ്ങിയിരിക്കയാണു്. രാവിലെ കുളിച്ചു തിരുനാരായണപുരം ക്ഷേത്രത്തിൽപോയി ഭഗവാനെ വന്ദിച്ചു്, വരുംവഴിക്കു കാണുന്ന ആലും തുളസിയും വലംവെച്ചല്ലാതെ ജലപാനമില്ല. തിങ്കളാഴ്ച നോൽമ്പുമുതലായ വ്രതങ്ങൾകൊണ്ടു് രണ്ടുനേരം അന്നം കഴിക്കുന്ന ദിവസം വളരെ ചുരുക്കമാണു്. ദേഹം നന്നെ മെലിഞ്ഞിരിക്കുന്നു. നാട്ടുകാരും വീട്ടുകാരും "ഭർത്താവില്ലെങ്കിൽ ആ സുഖം വേണ്ടെന്നല്ലാതെ ഇങ്ങിനെ പട്ടിണികിടന്നു് ആരെങ്കിലും ചാവാറുണ്ടോ?" എന്നു പലപ്പോഴും ചോദിക്കും. അതിന്നു സമാധാനം "സ്ത്രീയായി ജനിച്ചാൽ അതിന്നു തക്കവണ്ണം

ഇരിക്കാൻ കഴികയില്ലെങ്കിൽ പിന്നെ മരിക്കയാണ് നല്ല ത്. ഈശ്വരനെ ഭജിച്ചാൽ ഇനിയത്തെ ജന്മമെങ്കിലും നന്നാവുമല്ലൊ" എന്നായിരുന്നു. ഭർത്താവിൽ തനിക്കുള്ള വിശ്വാസത്തിനു ഇപ്പോഴും ഒട്ടും കുറവു വന്നിട്ടില്ല. നിത്യ കർമ്മങ്ങൾക്കുശേഷം പ്രാണവല്ലഭൻെറ കോമളവിഗ്രഹം ധ്യാനിച്ച് സമാധിസൌഖ്യം അനുഭവിക്കയാണ് പതിവ്. സർവ്വസാക്ഷിയായ ഭഗവാൻ, ഭർത്താവോടുകൂടിയിരിക്കുവാൻ ഇനിയും സംഗതിവരുത്തുമെന്നു ആഗ്രഹിച്ചുകൊണ്ടുതന്നെയാണ് ആ 'പതിവ്രത ദിവസം കഴിച്ചുകൂട്ടുന്നത്. അതിനു യോഗമില്ലെങ്കിൽ മരണംവരെ തിരുനാരായണപുരത്തപ്പൻെറ ദാസ്യം അംഗീകരിക്കുവാനും ആ ചാരിത്രശാലിനി ഉറച്ചിരിക്കുന്നു.

൩

കുഞ്ഞിക്കാളിയമ്മയും ഉദ്ദേശസിദ്ധിക്കായി ഉത്സാഹങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. കോട്ടയിൽ സംബന്ധം നിശ്ചയിച്ച് ഒരു മാസത്തെ കല്പനയെടുത്തുവരാൻ മകന് എഴുതി. കുട്ടിരാമൻമേനോൻ ഇപ്പോൾ മധുരയിൽ സബ്‌രജിസ്ട്രാറാണ്. കത്തു കിട്ടിയപ്പോൾ അദ്ദേഹത്തിൻെറ കാര്യം "എടുക്കാനും കൊടുക്കാനും" ഇല്ലാതായി. താൻ ബാല്യംമുതല്ക്കു സ്നേഹിച്ചുവന്ന പത്മാവതി ഈ വർത്തമാനം കേട്ടാൽ വല്ല കടുംകയ്യും പ്രവർത്തിച്ചെങ്കിലൊ എന്ന ഭയവും, അമ്മയുടെ ഇഷ്ടം തെററി നടക്കുന്നതു മഹാപാതകമാണെന്നുള്ള വിചാരവുംകൂടി അദ്ദേഹത്തിനെ വല്ലാതെ കുഴക്കി. അമ്മയ്ക്കു ഇഷ്ടമില്ലെങ്കിൽ കുറെ കാലം പിരിഞ്ഞിരിക്കാമെന്നല്ലാതെ തൻെറ ജീവിത

സർവ്വസ്വത്തിനെ ഉപേക്ഷിക്കണമെന്നു ആ ശുദ്ധാത്മാവു് സ്വപ്നേപി വിചാരിച്ചിട്ടില്ല. തൻെറ സമ്മതംകൂടാതെയും തന്നോടു ആലോചിക്കാതെയും സംബന്ധം തീർച്ചയാക്കിയതിൽ കലശലായ ദേഷ്യവും തോന്നാതിരുന്നില്ല. അമ്മയുടെ താളത്തിന്നു ചൊല്ലിയാടി ചൊല്ലിയാടി മുട്ടുമറിഞ്ഞതല്ലാതെ അമ്മയ്ക്കു തൃപ്തിയൊ തനിക്കു സൈ്വരമോ ഇതുവരെ ഉണ്ടായിട്ടില്ല. ഇനി ഇങ്ങിനെ നട്ടംതിരിയുവാൻ കഴികയില്ലെന്നുറച്ചു വേണ്ടതിലും വേണ്ടാത്തതിലും കടന്നുചാടി ബുദ്ധിമുട്ടിച്ചാലത്തെ ഫലം അമ്മയേയും വീട്ടുകാരേയും അറിയിപ്പിക്കേണമെന്നു കരുതി രാജ്യംവിട്ടു പോവാനൊരുങ്ങി. ഒരു കൊല്ലത്തേക്കു കല്പനയും വാങ്ങി. അമ്മയ്ക്കു താഴെ കാണുന്നപ്രകാരം ഒരു മറുവടിയും അയച്ചു.

മധുര

8—10—17

ശ്രീ.

"എഴുത്തുകിട്ടി. എന്നോടു ഒരു വാക്കുപോലും ആലോചിക്കാതെ സംബന്ധം തീർച്ചപ്പെടുത്തിയതിൽ വളരെ വ്യസനിക്കുന്നു. എൻെറ ഇഷ്ടപ്രകാരമുണ്ടായ വേഴ്ച തുടരുവാൻ അമ്മ അനുവദിക്കാത്തപക്ഷം ഇനി ഈ വക സുഖങ്ങളെല്ലാം ഉപേക്ഷിക്കുവാൻ തീർച്ചയാക്കിയിരിക്കുന്നു. ഇതുവരെ അമ്മയ്ക്കു് അഹിതമായി ഞാൻ യാതൊന്നും പ്രവൃത്തിക്കുണ്ടായിട്ടില്ല. ഇപ്പോൾ ഒന്നാമതായി അമ്മയുടെ വാക്കിന്നെതിരായി പറയേണ്ടിവന്നതിലും വലുതായ സങ്കടമുണ്ടു്. എല്ലാം ദൈവകല്പിതം. പത്മാവ

ത എന്റെ ഭാര്യയായിരിക്കുന്നതിൽ അമ്മക്കു് ഇഷ്ടമില്ലെങ്കിലും എന്റെ സുഖത്തിന്നുവേണ്ടി എന്തും ചെയ്‌വാൻ സന്നദ്ധയായ ആ പാപത്തിനോടു യാതൊരു പകയും ഉള്ളിൽ വെക്കാതിരിക്കണം. പ്രപഞ്ചസുഖം കാംക്ഷിച്ചതുകൊണ്ടു് എനിക്കു് ഇതുവരെ ശല്യങ്ങളേ ഉണ്ടായിട്ടുള്ളൂ. ഇനിമേൽ ഇതിലൊന്നും മനസ്സുവെക്കാതെ പരലോകത്തിലെങ്കിലും ഗതികിട്ടാനായി സന്യാസവൃത്തി അവലംബിച്ചു് ദേശാടനംകൊണ്ടു കാലംകഴിപ്പാനും ഉറച്ചിരിക്കുന്നു. നാളെ ഇവിടം വിടുന്നതാണു്.

എന്റെ പേരിൽ യാതൊരു അതൃപ്തിയും തോന്നാതെ നന്നായിവരാൻ പ്രാർത്ഥിക്കേണമെന്നു വീണ്ടും വീണ്ടും അപേക്ഷിക്കുന്നു.”

എന്നു്, എന്റെ അമ്മ അറിവാൻ സ്വന്തം

കുട്ടിരാമൻ.

ഇതു് കുഞ്ഞിക്കാളിയമ്മയ്ക്കു് നല്ലൊരു ശല്യം തറച്ചപോലെയായിരിക്കുന്നു. സംബന്ധം നിശ്ചയിച്ച ദിവസം ആളും പോവാതിരുന്നാൽ അവൾക്കും തന്റെ വീട്ടുകാർക്കും അപമാനമായി. മകന്റെ മറുപടി വന്നാൽ എത്രത്തോളം വട്ടംകൂട്ടണമെന്നു് അറിയിപ്പിക്കാമെന്നു താൻ ഏററിട്ടുണ്ടായിരുന്നു. വിവരം അറിയുവാൻ വൈകി. കോട്ടയിൽനിന്നു ഒന്നുരണ്ടുകുറി ആളുകൾ വന്നുപോയിരിക്കുന്നു. ഇനി ആളും വന്നാൽ എന്താ സമാധാനം പറയേണ്ടതു എന്നു നിശ്ചയമില്ലാതായി. മകൻ താൻ പറഞ്ഞതു കേൾക്കുന്നില്ലെന്നുവന്നാൽ പിന്നെ രജിസ്ത്രാറുടെ അമ്മ എന്ന നിലയിൽ നാട്ടുകാർക്കുള്ള ബഹുമാനവും ചുരു

ങ്ങും. ആ വഴിക്കുള്ള സമ്പാദ്യവും കുറയും. ഇതെല്ലാം വിചാരിച്ച് ഒതുങ്ങിയിരിക്കുവാൻ ആയമ്മയുടെ ആത്മഗർവ്വം അനുവദിക്കുന്നതുമില്ല. അതും വേണം ഇതും വേണം എന്നൊക്കെ ഇനി എഴുതാൻ നിവൃത്തിയില്ല. പോകരുതെന്നു കമ്പിയടിച്ചുകളാം എന്നു വിചാരിച്ച് കുട്ടികളെ വിളിച്ചപ്പോൾ ആരെയും കണ്ടില്ല. ദേഷ്യവും സങ്കടവും സഹിക്കവയ്യാതെ അങ്ങോട്ടും ഇങ്ങോട്ടും ഓടിനടന്ന് കണ്ണിൽ കണ്ടതെല്ലാം തട്ടിമറിച്ച് ഒടുവിൽ കുളിക്കുവാൻ പോയി. കുളി കഴിഞ്ഞു വരുമ്പോൾ അടുത്തുള്ള അമ്പലത്തിൽ പോയി തൊഴുതു മകന്റെ ബുദ്ധി നന്നാവാനായി ഒരു "വിളക്കും മാലയും" നേർന്നുപോന്നു. ഉച്ചതിരിഞ്ഞു കോട്ടയിൽക്കാർ വരുമെന്ന് പറഞ്ഞ സമയത്തിനുമുമ്പായി, അനുജത്തിയുടെ ഭർത്താവിന്റെ വീട്ടിലേക്കു യാത്രയായി.

4

ഈശ്വരസേവതുടങ്ങീട്ടു നാല്പത്തൊന്നു ദിവസമായി. ഭർത്താവിന്റെ ഒരെഴുത്തെങ്കിലും കിട്ടാനായി പത്മാവതി അമ്മ ദിവസേന പ്രാർത്ഥിക്കാറുണ്ടായിരുന്നു. അന്നും അമ്പലക്കുളത്തിൽ "ഓലോലം മുങ്ങി" നിന്നു "ഈശ്വരാ! ഇന്നു ഒരു വിവരമെങ്കിലും അറിയിച്ചുതരേണ. ഈ സാധുവിന്റെ കഷ്ടപ്പാടുകളെല്ലാം അവിടുന്നു കാണുന്നില്ലേ?" എന്നു ഭക്തിപുരസ്സരം പ്രാർത്ഥിച്ചു കുളി കഴിഞ്ഞു കയറുമ്പോൾ ചിമ്മുണ്ണി പാലുംകൊണ്ടു വരുന്നു. പത്മാവതി അമ്മയെ കണ്ടപ്പോൾ അവളൊന്നു ചിരിച്ചുകടവിലേക്കോടിവന്നു.

ചിമ്മുണ്ണി—സേവിച്ചതിന്നു ഫലമുണ്ടായി. കോട്ടയിൽ സംബന്ധം തുടങ്ങുന്നില്ലെന്നായി മൂപ്പരുടെ എഴുത്തുണ്ടായിരുന്നുവെന്നു് ഇന്നലെ അവർ വന്നപ്പോൾ പറഞ്ഞു. അതു അമ്മയെ വിചാരിച്ചിട്ടുതന്നെയല്ലേ?

പത്മാ—ശങ്കരൻനായർ ഇന്നലെ വന്നിരുന്നുവോ? എനിക്കഅയാളെ ഒന്നു കാണേണ്ടിയിരുന്നു. പിന്നെ വല്ലതും വിശേഷിച്ചുണ്ടോ? ഞാൻ ജീവനോടുകൂടിഇരിക്കുമ്പോൾ സംബന്ധം വേറെ തുടങ്ങില്ലെന്നു എനിക്കറിയാം. എന്നുവരും എന്നറിയിച്ചിട്ടുണ്ടോ?

ചിമ്മു—ആ കാൎയ്യമാണു് കഷ്ടമായതു്. ഒരുകൊല്ലം "കാശിരാമേശ്വരം" പോകയാണത്രേ. ഇനിയെങ്കിലും അമ്മയെ കൂട്ടിക്കൊണ്ടുപോകരുതേ? കുഞ്ഞിക്കാളിഅമ്മ ദേഷ്യപ്പെട്ടു പാച്ചിലായിരിക്കുന്നുവത്രെ.

പത്മാ—എന്നാൽ വിവരം എന്നെയും അറിയിക്കാതിരിക്കുമോ? ശങ്കരൻനായരോടു് ഇവിടത്തോളംവരാൻപറ. എനിക്കു ഇനിയും ചിലതൊക്കെ ചോദിക്കാനുണ്ടു്.

ചിമ്മു—അവർ രാവിലെ പോയി. (ചിരിച്ചുകൊണ്ടു്) വൈകുന്നേരം വരും; അപ്പോൾ പറയാം.

തൊഴുതു നമ്പൂരിക്കു ദക്ഷിണയും കൊടുത്തു് പത്മാവതിയമ്മ വീട്ടിലേക്കു വളരെ വേഗത്തിൽ നടന്നു. ഉള്ളിലുള്ള സന്തോഷം അടക്കാൻ വയ്യാതെ നേരിട്ടു കത്തുണ്ടാകുമെന്നു വിശ്വസിച്ചു്, അതു കാണുവാനുള്ള ബദ്ധപ്പാടോടുകൂടി അമ്പലത്തിലെ ചടങ്ങുകളെല്ലാം വേഗത്തിൽ അവസാനിപ്പിച്ചു. നിത്യം നാല്പത്തൊന്നു വലം വെച്ചിരുന്ന ആൾ അന്നു ഒരൊറ്റപ്രദക്ഷിണംകൊണ്ടു് മ

തിയാക്കിയതുകണ്ടു് ആലുംകൂടി ഇല വിറപ്പിച്ചു് ചിരിക്കുവാൻ തുടങ്ങി· വീട്ടിൽവന്നു് സന്തോഷവൎത്തമാനം എല്ലാവരോടും പറഞ്ഞു ഒരു കൊല്ലം സഞ്ചാരമെന്നൊക്കെ അമ്മയെ കളിപ്പിക്കാൻ പറഞ്ഞതായിരിക്കുമെന്നും ഉടനെ വരുമെന്നും വിചാരിച്ചു. തളത്തിൽ അങ്ങോട്ടും ഇങ്ങോട്ടും നടന്നു കിളിവാതിലിൽകൂടി തപാൽശിപായി വരുന്നുണ്ടോ എന്നു ഇടക്കിടെ നോക്കിക്കൊണ്ടിരുന്നു. കുറച്ചുനേരം കഴിഞ്ഞു ക്ഷമയില്ലാതെയായി. മുകളിൽ പോയി തന്റെ പ്രാണപ്രിയൻ മുമ്പയച്ച കത്തുകളെല്ലാം എടുത്തു വായിക്കുവാൻ തുടങ്ങി. താൻ ജീവനോടുകൂടി ഇരിക്കുന്ന കാലത്തോളം അന്യസ്ത്രീയെ സ്മരിക്കപോലും ചെയ്യില്ലെന്നും മററും വിവാഹത്തിന്നു മുമ്പയച്ച എഴുത്തുകളും അക്കൂട്ടത്തിലുണ്ടായിരുന്നു. അതെല്ലാം വീണ്ടും വീണ്ടും വായിച്ചു. അപ്പോഴേക്കു കുഞ്ഞിക്കുട്ടൻ ഓടിവന്നു് ഇതാ! "ഏട്ടത്തിക്കു് ഒരു കത്തു്" എന്നു പറഞ്ഞു കൊടുത്തു. എഴുത്തു കുട്ടിരാമൻമേനവന്റേതായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. വേഗം പൊളിച്ചു താഴെകാണുന്നപ്രകാരം വായിച്ചു.

മധുര

ശ്രീ.

അല്ലയോ പ്രാണപ്രിയേ!

രണ്ടുകൊല്ലം അനുഭവിച്ച കഷ്ടപ്പാടുകൾ കാലദോഷംകൊണ്ടുവന്നതാണെന്നു വിചാരിച്ചു് എന്നോടു പരിഭവിക്കാതിരിക്കണം. കളിച്ചുവളൎന്ന പ്രേമവും, തെളിഞ്ഞുവന്ന രാഗവും മറന്നുകളയുന്ന കൂട്ടത്തിലല്ല ഞാനെന്നു്

അനുഭവമുള്ളതാണല്ലോ. രശീതി മടക്കി അയച്ചതും എഴുതയക്കാതിരുന്നതും, നാട്ടിൽ പാട്ടായതാൽ അമ്മയുടെ ചെകിട്ടിലും എത്താതിരിക്കയില്ലെന്നു കരുതി ചെയ്തു പോയിക്കയാണു്. വേറെ യാതൊന്നും തെററിദ്ധരിക്കേണ്ട. വീട്ടുകാരേയും അമ്മയേയും [illegible] ഒരു കൊല്ലം സഞ്ചാരം വേണമെന്നുദ്ദേശിക്കുന്നു. അതുവരെ ക്ഷമിക്കു. ഈശ്വരകാരുണ്യമുണ്ടെങ്കിൽ പണ്ടെ യഥാപൂർവ്വം സുഖിച്ചിരിക്കാം. കഴിഞ്ഞ കഥയൊക്കെ മറക്കേണമെന്നു് വീണ്ടും പറഞ്ഞുകൊള്ളുന്നു. വിവരങ്ങൾ ഇടയ്ക്കിടയ്ക്ക് എഴുതി അയക്കാം.

എന്നു്, പത്മാവതിക്കു്

സ്വ. കുട്ടിരാമൻമേനോൻ.

ഇതു വായിച്ചപ്പോൾ പത്മാവതിയമ്മക്കുണ്ടായ പരമാനന്ദം പറഞ്ഞറിയിക്കാൻ പ്രയാസം.

## 5

നിശ്ചയിച്ച ദിവസം സംബന്ധം നടക്കാത്തതിനാൽ കോട്ടയിൽക്കാർക്കുണ്ടായ അവമാനം ചില്ലറയൊന്നുമല്ല. കോട്ടയിൽക്കാർ പാലക്കൽ തറവാട്ടുകാർ—പ്രത്യേകിച്ചു് കുട്ടിരാമൻമേനോൻ—നശിക്കുവാൻവേണ്ടി ദുർമ്മന്ത്രവാദങ്ങളും മാരണങ്ങളും ചെയ്യിച്ചുതുടങ്ങി. കൈക്കൂലി വാങ്ങിയ സംഖ്യക്കു അന്യായം ഫയലാക്കുമെന്നു ഭീഷണിപ്പെടുത്തുകയാൽ മനമല്ലാ മനഃസ്സോടുകൂടി കുഞ്ഞിക്കാളിഅമ്മ മടക്കിക്കൊടുത്തു. പണം എടുത്തു കോണി ഇറങ്ങുമ്പോൾ കുഞ്ഞിക്കാളിഅമ്മ കാലുതെററിവീണു. എണീല്ക്കുവാൻ വയ്യാത്ത കിടപ്പിലും ആയി. ഇതു ദു-

കൊണ്ടു താൻ ചെയ്ത അക്രമങ്ങൾക്കുള്ള ദൈവശിക്ഷ യായിരിക്കുമോ എന്നു ശങ്കിക്കുവാനും തുടങ്ങി. എണ്ണയും, കുഴമ്പും കാച്ചി എടവിടാതെ ഉഴിഞ്ഞിരുന്നതുകൊണ്ടു് അധികം കിടക്കേണ്ടിവന്നില്ല. ഒന്നുരണ്ടു് ആഴ്ചകൊണ്ടു് ആശ്വാസമായി.

ഇങ്ങിനെ ഇരിക്കുമ്പോഴാണു് മദിരാശിയിൽ നിന്നു കുട്ടിരാമൻമേനോൻ "അത്യാസന്നം" ദീനമായി ആസ്പ ത്രിയിൽ കിടക്കുകയാണെന്നു കമ്പി കിട്ടിയതു്. കുട്ടിരാമ ൻമേനോൻ സഞ്ചാരത്തിനൊരുങ്ങി മധുരയിൽ നിന്നു മ ദിരാശി എത്തി വണ്ടി ഇറങ്ങി മനോരാജ്യത്തിൽ മുങ്ങി അങ്ങോട്ടു ഇങ്ങോട്ടും നോക്കാതെ നിരത്തിന്മേൽ കൂടെ ന ടന്നുതുടങ്ങി. വേഷം സന്യാസിയുടേതായിരുന്നുവെങ്കി ലും വിചാരം സംസാരിയുടേതായിരുന്നു. പത്മാവതി അ മ്മയുടെ കരളലിയിക്കുന്ന കണ്ണും മുഖവും അയാളുടെ മന സ്സിൽ പ്രകാശിച്ചു തിളങ്ങുന്നു. ഇതുവരെ യാതൊരപ്രി യവും ചെയ്തിട്ടില്ലെന്നു തന്നെയല്ല "മന്ദിരംതന്നിൽ ഞാ ൻ ചെന്നുകൂടുംവിധൌ മന്ദസ്മിതംചെയ്തരികേവരും" എന്ന നിലയിലല്ലാതെ ഒരു നിമിഷമെങ്കിലും കണ്ടിട്ടില്ല. അങ്ങിനെയിരിക്കുന്ന പ്രാണവല്ലഭയെ കളിക്കാതെ ഈശ്വ രൻ ചുമപ്പിക്കുന്നതു് മഹാകഷ്ടം തന്നെ. ഇങ്ങിനെ ഓ രോ വിചാരത്തോടുകൂടിയായിരുന്നു നടന്നിരുന്നതു്. ഒരു തെരുവിലെത്തിയപ്പോൾ പെട്ടെന്നു ഒരു മോട്ടോർകാർ വരലും മുട്ടലും ഒപ്പം കഴിഞ്ഞു. കുട്ടിരാമൻമേനോൻ ബോ ധമില്ലാതെ ഉടനെ നിലത്തു വീണു. ഡ്രൈവരുടെ സാമ ർത്ഥ്യംകൊണ്ടു വണ്ടി മേൽകയറാതെ കഴിച്ചുകൂട്ടി. ആളു

കൾ ഒഴിഞ്ഞു നിൽക്കുവാനായി പുറപ്പെടീച്ചിരുന്ന ശബ്ദമൊന്നും ഗ്രഹപ്പിഴകൊണ്ട് നമ്മുടെ "മനോരാജ്യസഞ്ചാരി" കേട്ടില്ല. ഉടനെ ആസ്പത്രിയിൽ കൊണ്ടുപോയി പരിശോധിച്ചു നോക്കിയപ്പോൾ മരിക്കത്തക്ക അപായമൊന്നുമില്ലെന്നു കണ്ടു. തലക്കു പററിയ മുറിവിൽ നിന്നു രക്തം ധാരയായി ഒഴിഞ്ഞിരുന്നതു് പെട്ടെന്നുഒരു മരുന്നു വെച്ചു ഡോക്ടർ നിത്തി. വൈകുന്നേരമായപ്പോഴക്കു കലശലായ പനിയും തുടങ്ങി. പിറേറന്നു രാവിലെക്കു കഷ്ടിച്ചു ബോധം തെളിഞ്ഞു. ഉടനെ അടുത്തുനിന്നിരുന്ന വാലിയക്കാരൻ കൃഷ്ണനെ വിളിച്ചു് അമ്മക്കും മററും കമ്പി അടിക്കാനേല്പിച്ചു. അന്നു വൈകുന്നേരം തന്നെ പത്മാവതിഅമ്മയെ കൊണ്ടുവരാനായി അവനെ നാട്ടിലേയ്ക്കയച്ചു.

കൃഷ്ണൻ പാലക്കാട്ടെത്തി പത്മാവതിഅമ്മയെ കണ്ടു വിവരം പറഞ്ഞു. അമ്മക്കു വലിയ പരിഭ്രമമായി വീട്ടുകാർക്കൊന്നും അത്രസമ്മതമുണ്ടായിരുന്നില്ലെങ്കിലും ആങ്ങളയേയുംകൂട്ടി ഉടനെ പുറപ്പെട്ടു. മദിരാശി എത്തിയ ഉടനെ ആസ്പത്രിയിലെത്തി ഡോക്ടരോടു പ്രത്യേകം അനുവാദം വാങ്ങി കുട്ടിരാമമേനോൻ കിടക്കുന്ന മുറിയിലേക്കു ചെന്നു. പനി നല്ലവണ്ണം ഉണ്ടായിരുന്നതിനാൽ ഐസ്സ് തലക്കു കെട്ടി കിടക്കുകയായിരുന്നു. ഒരു ധാത്രി വന്നു നോക്കി പനി അധികമൊന്നുമില്ലെന്നു പറഞ്ഞു സമാധാനിപ്പിച്ചു മുറി കഴകി കെട്ടുകയായിരുന്നു. അപ്പോഴാണു് തന്റെ ജീവനായികയുടെ ഓമനമുഖം—വളരെനാളായി സങ്കല്പത്തിൽ മാത്രം കണ്ടുകൊണ്ടിരുന്ന ആ സുകുമാരവദനം—പ്രത്യക്ഷമായതു്. കണ്ടപ്പോൾ തന്നെ മന

സ്സ വല്ലാതൊന്നു തണുത്തു. കുറെനേരം കണ്ണടച്ചു് ആ സുഖം അനുഭവിച്ചു. വീണ്ടും കണ്ണുതുറന്നു് ഒന്നും സംസാരിക്കാൻ ശക്തനാകാതെ വിരഹസങ്കടത്താൽ വാടി ശ്രീമാത്രം ശേഷിച്ച പത്മാവതിഅമ്മയുടെ മുഖത്തു നോക്കി കണ്ണിൽ വെള്ളംനിറച്ചു പശ്ചാത്താപം വന്ന അപരാധിയെപ്പോലെ ഒന്നുരണ്ടു നെടുവീർപ്പിട്ടു. ഇതു കണ്ടു നിന്നിരുന്ന പത്മാവതിഅമ്മ സഹിക്കാൻവയ്യാതായപ്പോൾ അടുത്തുചെന്നു പനിനോക്കുന്ന ഭാവത്തിൽ കണ്ണിൽ വെള്ളം താൻ മേലിട്ട മുണ്ടുകൊണ്ടുതുടച്ചു. അപ്പോൾ അറിയാതെ ഒരു തുള്ളിവെള്ളം തന്റെ കണ്ണിൽനിന്നും അദ്ദേഹത്തിന്റെ മുഖത്തുവീണു. ഇത്രയും കണ്ടപ്പോൾ ആങ്ങളയും കൃഷ്ണനും സങ്കടംതോന്നി മാറിനിന്നു. ഉടനെ കുട്ടിരാമൻമേനോൻ പത്മാവതിഅമ്മയുടെ കൈപിടിച്ചു ശയ്യമേലിരുത്തി, തൊണ്ട ഇടറി ഞാൻ——ഞാൻ——എന്നു പറഞ്ഞു. അവിടുന്നങ്ങോട്ടു സംസാരിക്കാൻ സമ്മതിക്കാതെ പത്മാവതിഅമ്മ—അപരാധിയല്ലെന്നു് എനിക്കറിയാം. പിന്നെ എന്തിനു വ്യസനിക്കുന്നു.

കുട്ടി—എന്റെ നേരെ യാതൊരു സുഖക്കേടും തോന്നരുത്. എല്ലാം ഈശ്വരേച്ഛ.

പത്മാ—സംസാരിച്ചു ക്ഷീണിക്കേണ്ട. (കുട്ടിരാമൻമേനോന്റെ മാറത്തു്,കൈവച്ചുകൊണ്ടു്) ഈ മനസ്സു് എന്റേതാണെന്നുഎനിക്കറിയാം.ഭർത്താവിന്റെസന്തോഷംമാത്രം കാംക്ഷിക്കുന്ന ഒരു സ്ത്രീക്കു (പതിവ്രതയ്ക്കു) വേറെ പ്രതിഫലമൊന്നും ആവശ്യമില്ല.തിരുനാരായണപുരത്തപ്പന്റെസഹായംകൊണ്ടു് വേഗം ആശ്വാസമാവട്ടെ. പോരുമ്പോൾ ഉഴിഞ്ഞുകെട്ടീട്ടുണ്ടു്.പിന്നെ കഴിഞ്ഞ കഥകളെല്ലാം പറവാൻ തുടങ്ങി. അ

പ്പോഴേക്ക കുഞ്ഞിക്കാളിഅമ്മയും കൂട്ടരും എത്തി. അമ്മയെ കണ്ട ഉടൻ പത്മാവതിഅമ്മ സാഷ്ടാംഗം വീണു നമസ്കരിച്ചു മാറിനിന്നു.

കുഞ്ഞിക്കാളിഅമ്മ മകനെ തൊട്ട് "എന്റെ ഗുരുവായൂരപ്പ! ഒരാഴ്ചക്കുള്ളിൽ എല്ലാം സുഖമാവട്ടെ, എന്നാൽ ഒരുത്താഴം കഴിച്ചുകൊള്ളാം." എന്നു പ്രാർത്ഥിച്ചുഉഴിഞ്ഞുകെട്ടി.

കുഞ്ഞി—കുട്ടാ—മനസ്സിൽ യാതൊരു വിചാരവുംവേണ്ട. എല്ലാം നിന്റെ ഇഷ്ടംപോലെയാകട്ടെ. എന്റെ കുട്ടിയുടെ ദീനം വേഗം മാറട്ടെ. പത്മാവതി ഒന്നിച്ചു തന്നെ നമുക്ക നാട്ടിലേക്കപോവാം.

കുട്ടി—പത്മാവതിയെ അമ്മതെറ്റിദ്ധരിച്ചു.

കുഞ്ഞി—അതെല്ലാം പോട്ടെ. അവൾ ഗുരുത്വം ഉള്ളവളാണ്. വേണ്ട സമയത്ത് എത്തിയില്ലെ?

ഒരു മാസംകൊണ്ടു കുട്ടിരാമൻമേനോനു നല്ലവണ്ണം ആശ്വാസമായി. അവരെല്ലാവരും നാട്ടിലേക്ക പോന്നു.

ലക്ഷ്മീഭായി

3

# പ്രായശ്ചിത്തം

1

അന്നു രാവിലെ കുടക് രാജാവു പള്ളിക്കുറുപ്പുണർന്നതു് ഒരു ശീലായ്മയോടുകൂടിയാണു്. തലേദിവസം രാത്രി ഒന്നു രണ്ടു പ്രാവശ്യം ഞെട്ടിയുണരുകയും ഉണ്ടായി രാ

ജാവിൻെറ അസ്വസ്ഥതയിൽ അനാസ്ഥനായെന്നപോലെ സൂൎയ്യഭഗവാൻ പതിവുപോലെ ഉദിച്ചു പൊന്തിക്കഴിഞ്ഞു. നാലഞ്ചുനാഴിക പുലൎന്നിട്ടും പ്രാണനാഥൻ നീരാട്ടുകുളി മുതലായ ദിനകൃത്യങ്ങളിൽ പ്രവേശിക്കാത്തതു കണ്ടു് രാജ്ഞി മനസ്സമാധാനമില്ലാതെ പള്ളിയറയിലേക്ക വീണ്ടും എഴുന്നള്ളി ചിന്താഗ്രസ്തനായ രാജാവിനെ കണ്ടിട്ടു് ഇങ്ങിനെ സ്നേഹാശങ്കയോടുകൂടി ചോദിച്ചു.

രാജ്ഞി—നാഥ! ദിനചൎയ്യയിൽ അങ്ങു് ഇങ്ങിനെ അമാന്തം കാണിക്കാറില്ലല്ലോ.

രജാവു്—പ്രിയേ! ഞാൻ ഇന്നലെ ചില ദുസ്വപ്നങ്ങൾ കണ്ടു. രാവിലെ എഴുനീററപ്പോഴും ഒരു സുഖമില്ലായ്മതോന്നി. നമുക്ക എന്തോ ആപത്തുവരുവാനടുത്തുവെന്ന തോന്നുന്നു. എഴുനീററ ഉടനെ ഒരു ഗൌളി മേൽഭാഗത്തുനിന്നു് എൻെറ കാക്കൽ വീണു ചത്തു. ഇതൊരു ദുൎന്നിമിത്തമാണു്. ഞാൻ ഈവകയൊന്നും വിശ്വസിക്കാറില്ലെങ്കിലും ഇന്നു് ഈ സംഭവം കണ്ടതോടുകൂടി എൻെറ മനസ്സും സ്വസ്ഥമാകുന്നില്ല.

രാജ്ഞി—അങ്ങയുടെ ഈ ഭീരുത്വമാണു് ആപൽസൂചകമായിരിക്കുന്നതു്. ഇത്തരത്തിൽ അങ്ങു സംസാരിക്കുന്നതു് എനിക്കു് ഇതുവരെകേൾക്കാൻതന്നെ ഇടയായിട്ടില്ലല്ലോ. പല ആപത്ഘട്ടങ്ങളും നമുക്കു് ഉണ്ടായിട്ടുണ്ടു്. അപ്പോഴെല്ലാംഅങ്ങു് എന്നെ സമാധാനിപ്പിക്കുകയാണല്ലോപതിവ്. ഇപ്പോൾമറിച്ചായല്ലൊ.

രാജാവ്—പ്രിയേ! ശത്രുക്കൾ നമ്മുടെ രാജ്യം കയ്യേറിയെന്നും നാം രണ്ടുപേരും നിസ്സഹായരായി ഒരു കാ

ട്ടിൽ പെട്ടുവെന്നും അവിടെവെച്ചു ഞാൻ മരിച്ചുവെന്നുമാണ് സ്വപ്നം കണ്ടതു്—

"സ്വപ്നം ചിലക്ക ചിലകാലമൊക്ക" മെന്നാണ് മഹാന്മാർ പറയുന്നതു്. കമ്പനിക്കാരും സാമൂതിരിയുമായി ഒരുടമ്പടിയുണ്ടായിട്ടുണ്ടെന്നും, അവർ ഇനി തിരിയുന്നതു നമ്മുടെ നേരെയാണെന്നും, ചാരന്മാർ മുഖേന ഇന്നലെ അറിവും കിട്ടി. സാമൂതിരിയും കമ്പനിക്കാരും യോജിച്ചാൽ നമുക്ക് അനത്ഥമാണ്. അവരെ അകററാനായിക്കൊണ്ടുള്ള എന്റെ ശ്രമം ഇതുവരെ ഫലിച്ചു. കാൎയ്യങ്ങളുടെ ഗതിയും സ്വപ്നവും ഏകദേശം ഒത്തുകാണുന്നു.

രാജ്ഞി—വരുവാനുള്ളതു് വഴിയിൽ തങ്ങില്ലല്ലോ. ഈ ചാഞ്ചല്യം ഏതായാലും അങ്ങക്ക വേണ്ടതല്ല—ധീരകൃത്യങ്ങൾക്കസദാ സന്നദ്ധനായ അങ്ങക്ക് ഇതൊരു വിഘ്നമായിത്തീരുമെന്നു ഞാൻ ശങ്കിക്കുന്നു. ഈ അരവാളുള്ള കാലത്തോളം അങ്ങയുടെ ദേഹത്തിന്നു് യാതൊന്നും സംഭവിക്കുന്നതല്ലല്ലൊ. പിന്നെന്തിന്നാണ് ഭയം—

രാജാവ്—യുദ്ധംചെയ്തു മരിക്കുന്നതിലല്ലഎനിക്ക ഭയം—നമ്മുടെരാജ്യം അന്യാധീനമായാൽ പ്രജകളുടെസ്ഥിതിയെന്തായിരിക്കുമെന്നു് വിചാരിക്കുമ്പോഴാണ് എനിക്കസങ്കടം തോന്നുന്നതു്.ലാഭംമോഹിച്ചുവന്ന വിദേശീയർ പ്രജകളുടെ ക്ഷേമത്തിൽ മനസ്സുവെക്കയില്ല. അടുത്തുവന്നാൽ ആയിരക്കണക്കായി ശത്രുക്കളെ ഒരു നിമിഷംകൊണ്ടു സംഹരിക്കാൻ എനിക്കു സാധിക്കും, പക്ഷേഅവക്ക് അകലെനിന്നു ദ്രോഹി

ക്കാനുള്ള സാമഗ്രികളും ഉണ്ടെന്നല്ലേ കേൾക്കുന്നതു്. ഒരു സമയം ഞാൻ മരിച്ചുപോയെങ്കിൽ എന്നെപ്പിന്തുടൎന്നു് വൈരികളോടു പൊരുതുവാൻ ആരുമില്ലല്ലോ എന്നു വിചാരിക്കുമ്പോഴും എനിക്കു സ്വൈരം കിട്ടുന്നില്ല. നമുക്കു് ഒരു മകളല്ലേ ഉള്ളു.

രാജ്ഞി—ഇങ്ങിനെ ആലോചിച്ചു മനസ്സിനെ ശല്യപ്പെടുത്തരുതു്—ശത്രുക്കളുടെ പുറപ്പാടു് ഏതുവിധത്തിലാണെന്നറിയട്ടെ. പിന്നീടു നമുക്കു വേണ്ടതു പ്രവൎത്തിക്കാമല്ലോ.

രാജാവു്—നേരിട്ടു യുദ്ധത്തിന്നു അവർ പുറപ്പെടുകയില്ല. എന്നെ അവൎക്കു നല്ലവണ്ണം അറിയാം. ചതിക്കാനേ ശ്രമം ചെയ്കയുള്ളു. എന്റെ കഥ കഴിച്ചാൽ പിന്നെ അവൎക്കു ആരേയും പേടിക്കേണ്ടതുമില്ലല്ലോ.

രാജ്ഞി—ഈ അമംഗളവൎത്തമാനം അധികം പറയരുതേ. നേരം വൈകിത്തുടങ്ങി. വയറു കാഞ്ഞാൽ കേടാണു്, വരു.

ഈ സമയം മകൾ ഗുണവതിയുടെ "അമ്മേ!" എന്നുള്ള വിളി ദമ്പതിമാരുടെ സംഭാഷണത്തിന്നു ഭംഗം വരുത്തി. സാമൂതിരിയുടെ ഒരു ദൂതൻ വന്നിട്ടുണ്ടെന്നു് അറിയിക്കാനായി തവണക്കാരൻ കാത്തു നില്ക്കുന്നുവെന്നാണു് മകൾ കൊണ്ടുവന്ന വൎത്തമാനം. ആസ്ഥാനമണ്ഡപത്തിലേക്കു താൻ വരുന്ന സമയത്തു ദൂതനെ കൊണ്ടുവരാനേല്പിച്ചിട്ടു് രാജാവു് ദിനകൃത്യങ്ങളിൽ പ്രവേശിച്ചു. രാജ്ഞിയോടു സ്വകാൎയ്യത്തിൽ "സാമൂതിരിയുടെ ദൂതന്മാരെ ഇനി സൂക്ഷിക്കേണം" എന്നും അരുളിച്ചെയ്തു.

## 2

ആ സ്ഥാനമണ്ഡപത്തിൽ രാജാവു് പ്രവേശിച്ച ഉടനെ സാമൂതിരിയുടെ ദൂതനേയും കൊണ്ടുവന്നു. അക്കാലത്തു രാജാക്കന്മാർ തമ്മിൽ കിടമത്സരം ഒഴിയാതെ ഉണ്ടായിരുന്നതിനാൽ ചിലരെല്ലാം ചേൎന്നു, ഒരു കക്ഷി, മററു ചിലർ കൂടി വേറൊരു കക്ഷി ഇങ്ങിനെ സംഘം ചേൎന്നിട്ടായിരുന്നു അവരുടെ പ്രയോഗങ്ങളെല്ലാം. ഇവരുടെ എല്ലാവരുടേയും ഇടയിൽ കളിച്ചുകൊണ്ടു വിദേശീയ കമ്പനിക്കാരും വിലസിക്കൊണ്ടിരുന്നു. കൂററുകാർ ആയ്കുന്ന ഒററുകാരെ ഏതു സമയത്തും രാജസന്നിധിയിൽ എത്തിക്കേണമെന്നു നിശ്ചയമുണ്ടായിരുന്നു. അതുകൊണ്ടായിരുന്നു സാമൂതിരിയുടെ ദൂതൻെറ ആഗമനം പ്രഭാതത്തിൽ തന്നെ രാജാവിനെ അറിയിക്കാൻ താവണക്കാരൻ ധൈൎയ്യപ്പെട്ടതു്. മണ്ഡപത്തിൽ വന്ന ഉടനെ രാജാവു് ദൂതനെ വിളിച്ചു.

"എന്താ നമ്മുടെ ബന്ധുവിന്നു് കുശലം തന്നെയല്ലേ?

ദൂതൻ—റാൻ. കുറഞ്ഞൊരു കാൎയ്യം തിരുമനസ്സറിയേണ്ടതിനാണു് വിടകൊണ്ടിട്ടുള്ളതു്.

രാജാവു്—അതെന്താണു്?

ദൂതൻ—അടിയൻെറ പൊന്നുതിരുമേനിയും ഇവിടുന്നുമായുള്ള ബന്ധം ഒന്നുകൂടി ബലപ്പെടുത്തേണമെന്നു് അവിടത്തെക്കു് വിചാരമുണ്ടു്.

രാജാവു—എന്താ ഇപ്പോഠം ബന്ധത്തിന്നു വല്ല ഉടച്ചിലും തട്ടീട്ടുണ്ടോ?

ദൂതൻ—അതില്ല ഉള്ള ബന്ധത്തിന്നു് ഉറപ്പു വരുത്തേണമെന്നെ ഉദ്ദേശമുള്ളു.

രാജാവു്—ബന്ധത്തിന്നു് ഉറപ്പു വരുത്തേണമെന്നു തോന്നുന്നതു് അതിന്നു അയവു തട്ടുമ്പോഴാണ്. അല്ലേ?

ദൂതൻ—അതു വേണമെന്നില്ല. ഉള്ളതുകൊണ്ടു തൃപ്തിപ്പെടാതെ വരുമ്പോഴും അങ്ങിനെ തോന്നാമല്ലോ. ഇവിടുത്തേക്കുതന്നെ അറിയുന്ന കാൎയ്യങ്ങളാണല്ലോ ഇതൊക്കെ.

രാജാവു്—അങ്ങിനെയൊരു തൃപ്തികേടിന്നു കാരണം വല്ലതും ഉണ്ടായോ എന്നുതന്നെയാണു് എന്റെ ചോദ്യം. തനിക്കു വിവരം എത്രത്തോളമുണ്ടെന്നും അറിയിക്കേണ്ടതല്ലേ.

ദൂതൻ—അടിയന്നു് അറിഞ്ഞുകൂടാ.

രാജാവു്—(സ്വരം ഒന്നുമാറി) ഇങ്ങിനെ അറിയാത്ത ഒരുത്തനെയാണോ സാമൂതിരി എന്നോടു കാൎയ്യം പറവാനയച്ചതു്?

ദൂതൻ—(അമ്പരന്നുകൊണ്ടു) തിരുവുള്ളക്കേടിന്റെ കാരണമാണു് അടിയന്നു് മനസ്സിലാവാത്തതു്. ഇവിടുത്തെ സ്വരൂപവുമായി ഒരു വേഴ്ച വേണമെന്നുള്ള അഭിപ്രായം ഇവിടെ തിരുമനസ്സറിയിക്കാനായിട്ടാണു് അടിയനെ അയച്ചിട്ടുള്ളതു്.

രാജാവു്—(ഗൌരവസ്വരത്തിൽ) അങ്ങിനെയാണെങ്കിൽ ദൂതന്റെ കൈവശം ഒരു എഴുത്തും അയക്കുക പതിവുണ്ടു്. അതാണു് സ്വരൂപങ്ങൾ തമ്മിൽ ഇതുവരെ ഉണ്ടായിരുന്ന മൎയ്യാദ. ആ സമ്പ്രദായം വേ

ണ്ടെന്നു വെയ്ക്കുവാൻ സാമൂതിരിക്കു വല്ല കാരണവുമു ണ്ടായോ എന്നു് അന്വേഷിക്കുന്നതിന്നുമുമ്പായി ഈ ആലോചന സ്വീകരിക്കത്തക്കതല്ല. താൻ സാമൂതിരിയുടെ ദൂതൻ തന്നെയാണൊ? അടുത്തുവരിക, ദൂതന്മാരെ തിരിച്ചറിയാൻ ഞങ്ങൾക്കു ഒരടയാളമുണ്ടു്.

ദൂതൻ—(അടുത്തുചെല്ലുവാൻ മടിച്ചു്) തിരുമനസ്സിലേയ്ക്കു സംശയം തോന്നുവാൻ എന്താണാവോ കാരണം.

രാജാവു്—(ഉച്ചസ്വരത്തിൽ) തന്റെ വാക്കും നോക്കുംതന്നെ. എന്താ അടുത്തു വരുവാൻ മടി? ഇത്രയുംപറഞ്ഞു രാജാവു സിംഹാസനത്തിൽനിന്നു് ഇറങ്ങി ദൂതന്റെ സമീപത്തു് ഒരു നൊടിനേരംകൊണ്ടു് എത്തി, അയാളുടെ ദേഹം പരിശോധിച്ചു. സാമൂതിരിയുടെ ദൂതനല്ലെന്നു ബോദ്ധ്യം വന്നതിനാൽ കൈ രണ്ടുംകെട്ടിപ്പിടിച്ചു ആ മണ്ഡപം മുഴക്കത്തക്ക സ്വരത്തിൽ "സാമൂതിരിക്കു് ഇങ്ങിനെയുള്ള ദൂതന്മാരുണ്ടെന്നു ഞാൻ ഇപ്പോഴേ അറിഞ്ഞുള്ളു. ഏതായാലും സൂക്ഷ്മം അറിയുന്നതുവരെ തന്നെപ്പോലെയുള്ളവൎക്കു വിശ്രമിക്കുവാനായുണ്ടാക്കീട്ടുള്ള സ്ഥലത്തുപോയിരിക്കുക" എന്നു പറഞ്ഞു തടവിലിടുവാൻ കല്പിച്ചു. താമസിയാതെ ആസ്ഥാനമണ്ഡപംവിട്ടു് ആ വീരകേസരി അന്തഃപുരത്തിലേക്കു എഴുന്നള്ളുകയുംചെയ്തു.

ദൂതൻ ആസ്ഥാനമണ്ഡപത്തിൽ പ്രവേശിച്ചതോടുകൂടി പലരുടേയും ശ്രദ്ധയെ ആകൎഷിച്ചിട്ടുണ്ടായിരുന്നു. വെളുത്തു തടിച്ചു് ഓജസ്സുള്ള ദേഹം, സാധാരണയിൽ

കവിഞ്ഞ ഉയരം, ഉരുണ്ടു് അല്പം തുറിച്ച കണ്ണുകൾ, എ പ്പോഴും ഇളകിക്കൊണ്ടിരിക്കുന്ന അതിലെ കൃഷ്ണമണികൾ, നീണ്ടുനിവൎന്ന കൈകൾ, ഘനനട ഇതെല്ലാംകണ്ടാൽ സാ മാന്യനല്ലെന്നു് ആൎക്കുംതോന്നും.ആസ്ഥാനമണ്ഡപത്തിലെ ത്തിയപ്പോൾതന്നെ ദൂതന്റെ സംഭാഷണം കേൾപ്പാൻ അവിടെയുള്ളവർ ക്ഷമകേടു് കാണിച്ചുതുടങ്ങി. ദൂതന്മാ രിൽ ഇങ്ങിനെയുള്ളവർ സുലഭമല്ലല്ലോ—അക്ഷരം പെറു ക്കി എടുക്കാവുന്ന തരത്തിലുള്ള അയാളുടെ സംസാരം ആ മണ്ഡപത്തിന്റെ പല കോണിലും ചെന്നുതറച്ചുവെന്നു തന്നെ പറയാം. ഇക്കൂട്ടത്തിൽ ഗുണവതിയുടെ ശ്രദ്ധ യേയും ആ രസികൻ ആകൎഷിച്ചു. ആ രാജപുത്രി മാളി കമുകളിൽനിന്നു് ആസ്ഥാനമണ്ഡപത്തിലെ സംസാര ങ്ങൾ സൂക്ഷിക്കുന്നുണ്ടായിരുന്നു—കാരാഗൃഹത്തിൽ ദൂത നെ തള്ളിവിടുവാനുള്ള അച്ഛന്റെ കല്പന കേട്ടപ്പോൾ അല്പം നീരസത്തോടുകൂടി അവൾ പിന്മാറുകയും ചെയ്തു.

## 3

കാരാഗൃഹവുമായുള്ള പുതിയ പരിചയം ദൂതനെ പലവിധത്തിലും അസ്വസ്ഥനാക്കിത്തീൎത്തു. താൻ അതു വരെ കെട്ടിവന്ന മാളികകളെല്ലാം "ആകാശക്കോട്ട"കളാ യി പരിണമിച്ചതുപോലെ അയാൾക്കു തോന്നി. ഒരു നിമിഷമെങ്കിലും വിശ്രമം കൊള്ളാതെ പണത്തിന്നും പദ വിക്കുംവേണ്ടി നാടു മുഴുവനും ഓടിവന്നിരുന്ന ആ പുരുഷ ന്നു് കുടകു് രാജാവു കല്പിച്ചുകൊടുത്ത ഏകാന്തവാസം പര മസങ്കടമായി പരിണമിച്ചതിൽ അത്ഭുതമില്ലല്ലോ. മേൽ

ഭാഗത്തു് ഏതോ ഒരു കോണിൽ കൂടെ ഒന്നോ രണ്ടോ സൂൎയ്യരശ്മിക്കുമാത്രം കടക്കുവാൻ പഴുതുവിട്ടിരുന്ന ആ മുറിയിൽ ഇരിക്കുന്നവൎക്കു രാത്രിയും പകലും തിരിച്ചറിയുവാൻ സാധിക്കുന്നതല്ല. ഒരു വലിപ്പുപോലെ നീങ്ങുന്ന കനത്ത വാതിൽ തുറന്നു തനിക്കു ഭക്ഷണം കൊണ്ടുവന്നിരുന്ന പരിചാരകന്റെ വരവുംപോക്കും മാത്രമേ സമയത്തിന്റെ ബോധം ഉണ്ടാവാൻ കാരാഗൃഹസ്ഥനെ സഹായിച്ചിരുന്നുള്ളു. പരിചാരകൻ വരുമ്പോഴെല്ലാം ഒരു വിളക്കു കയ്യിലുണ്ടായിരുന്നതുകൊണ്ടു രാത്രിയും പകലും അറിയേണമെങ്കിൽ അയാളോടു ചോദിക്കതന്നെ വേണം. ഒന്നു രണ്ടു ദിവസത്തേയ്ക്കു ഭൃത്യൻ ഒരു മനുഷ്യനോടാണു് പെരുമാറുന്നതു് എന്നുതന്നെ ഭാവിക്കയുണ്ടായില്ല. അയാളുടെ സേവ പിടിച്ചു വല്ലവിധത്തിലും പുറത്തുചാടുവാൻ ശ്രമിച്ചാലോ എന്നു ഭൂതന്നു് പലപ്പോഴും തോന്നുകയുണ്ടായി. മൂൎത്തി അറിയാതെ ഭജിച്ചാൽ അനുഗ്രഹത്തിനു പകരം നിഗ്രഹം കിട്ടിയാലോ എന്നു ഭയപ്പെട്ടു കുറച്ചുദിവസം ഗൌരവം വിടാതെ കൂടി. സ്വതവേ ശക്തികൂടിയ ഭൂതന്റെ കണ്ണുകൾ ക്രമേണ അന്ധകാരത്തേയും ഭേദിക്കുവാൻ തുടങ്ങി. ഇരുന്നുമുഷിഞ്ഞാൽ ഇടക്കു് അയാൾ എണീററു നടക്കാൻ തുടങ്ങും. നടക്കുമ്പോൾ ഒരു വാതിലിൽ ചവുട്ടിയപോലെ തോന്നി. അതിന്റെ നാലുഭാഗത്തും തപ്പിനോക്കിയിട്ടും തുറക്കുവാനുള്ള ഉപായങ്ങളൊന്നും കണ്ടില്ല. ഉള്ളിലുള്ളാളെ കഷ്ടപ്പെടുത്താൻ, പുറമെയുള്ള വല്ല യന്ത്രങ്ങളും ലുംതുറക്കുന്ന വല്ല കെണിയുമായിരിക്കുമൊ ഇതു് എന്നു ശങ്കി

ച്ചു് ഉടനെ പിൻമാറി. തടവുമുറിയിൽ കൂടെ ഇടക്കിടക്കു പാഞ്ഞുകളിച്ചിരുന്ന എലി മുതലായവയേപ്പോലും സമസൃഷ്ടിസ്നേഹത്തോടുകൂടി ആ കാരാഗൃഹവാസി അപ്പോഠം ആദരിക്കുവാൻ തുടങ്ങി.

ഇങ്ങിനെ നാലഞ്ചുദിവസം കഴിഞ്ഞു. ഒരു നിമിഷംപോലും ഇനി ആ മുറിയിൽ കഴിച്ചുകൂട്ടുന്നതു് ബന്ധനസ്ഥനു പ്രയാസമായിത്തോന്നി. ഭക്ഷണം കൊണ്ടുവരുന്നതു പകുതിയല്ല മുക്കാലും മടക്കിക്കൊണ്ടുപോകേണ്ടിവന്നു. പല വിചാരങ്ങളും തിരതല്ലിക്കൊണ്ടിരുന്ന അയാളുടെ മനസ്സു് നിദ്രാദേവിയെ ക്ഷണിച്ചില്ലെന്നു മാത്രമല്ല കഴിയുന്നത്ര അകററുകയും ചെയ്തു.

ആറാംദിവസം പരിചാരകൻ അയാളുടെ കയ്യിൽ ഒരെഴുത്തു കൊടുത്തു. ദീപത്തിൻെറ സഹായത്തോടുകൂടി അതുനോക്കിയപ്പോഠം അതിൽ ഇങ്ങിനെകണ്ടു.

"അങ്ങു് ഒട്ടും നിരാശപ്പെടേണ്ട. അങ്ങക്കു് ഇവിടെ ഒരു ബന്ധുവുണ്ടെന്നു സമാധാനിച്ചുകൊഠംക. ഉടനെ കാണാം. ഗുണവതി."

എഴുത്തു വായിച്ചതോടുകൂടി നമ്മുടെ ദൂതൻ സന്തോഷപാരവശ്യംകൊണ്ടു മൌനം പൂണ്ടു. അതു സൂക്ഷിച്ചു നിന്നിരുന്ന ഭൃത്യൻ "ഇനി വ്യസനിക്കേണ്ട. ഈ എഴുത്തു കൊച്ചുതമ്പുരാട്ടിയുടേതാണു്. അവിടുത്തേക്കു് നിങ്ങളുടെ പേരിൽ എന്തോ വലിയ ദയതോന്നിയിരിക്കുന്നു."

ദൂതൻ—കൊച്ചുതമ്പുരാട്ടിയെന്നുപറയുന്നതു് രാജാവിൻെറ മകളാണോ?

ഭൃത്യൻ—അതേ.

ദൂതൻ—അവിടുത്തേക്കു പ്രായം എത്രയായി?

ഭൃത്യൻ—ഏകദേശം ഇരുപതായി തിരുവയസ്സ്.

ദൂതൻ—അടിയൻ എന്നെന്നേക്കും അവിടുത്തെ ദാസനാണെന്നു് തിരുമനസ്സുണർത്തിക്കുക. അപരാധം ചെയ്യാതെ ശിക്ഷയനുഭവിക്കുന്ന ഇയ്യുള്ളവൻെറ പേരിൽ അവിടുത്തേക്കെങ്കിലും തിരുവുള്ളമുണ്ടായതുകൊണ്ടു് ഇവൻെറ ഭാഗ്യം തീരെ നശിച്ചിട്ടില്ലെന്നുകരുതാം. കൊച്ചുതമ്പുരാട്ടിയെ ഞാൻ ഇതാ മനസാ നമസ്കരിക്കുന്നു.

ഭൃത്യൻപോയതോടുകൂടി വീണ്ടും അന്ധകാരം ആ മുറിയെ ആക്രമിച്ചു.

4

ഗുണവതി—അസമയത്തു ഞാൻ ഈ തടവിൽ വരുവാനുള്ള കാരണം അച്ഛൻെറ കഠിനഹൃദയം ഹേതുവായി ഒരു മാന്യനു് സംഭവിച്ച അവമാനമാണു്.

ദൂതൻ—ഇവിടുത്തോടു് ഇവനുള്ള നന്ദി ഇത്രയെന്നു അറിയിക്കുവാൻ പ്രയാസമാണു്.

ഗുണവതി—ഈ കാരാഗൃഹത്തിലിരുന്നു കഷ്ടപ്പെടേണ്ട. എൻെറ കൂടെ വരിക.

ദൂതൻ—തിരുമനസ്സുപോലെ ചെയ്‌വാൻ അടിയൻ എപ്പോഴും ഒരുക്കമാണു്.

രണ്ടുപേരുംകൂടി രാജകുമാരിയുടെ ശയനമുറിയിലാണു് വന്നുചേൎന്നതു്. അതിലെത്തിയശേഷം ദൂതനെ യ

ഥോചിതം ആദരിച്ച് ഗുണവതി സംഭാഷണം തുടൻ.

ഗുണ—ആളറിയാതെ അച്ഛൻ കല്പിച്ച ശിക്ഷ കുറെ ശല്യപ്പെടുത്തിയിരിക്കാം.

ദൂതൻ—മകളുടെ ഔദാര്യം അതിനെല്ലാം പരിഹാരം ചെയ്തു. ഇനി സങ്കടമില്ല. മകളുടെ കല്പനയും ശിരസാവഹിക്കാൻ തെയ്യാറാണ്.

ഗുണവതി—മകൾ തന്നെ കല്പനക്ക അധീനമാവാൻ ഒരുങ്ങിയാലോ?

ദൂതൻ—ഇയ്യുള്ളവൻെറ ശുക്രദശ. പക്ഷെ സ്ഥിതിഭേദം ഓർമ്മവേണം. അച്ഛനറിഞ്ഞാലത്തെ സ്ഥിതി എന്തായിരിക്കുമെന്നു മകൾക്ക തന്നേ അറിവാൻ സാധിക്കയുള്ളു.

ഗുണവതി—മനുഷ്യജന്മം കിട്ടിയാൽ ചിലതെല്ലാം അനുഭവിക്കണം. അതിലല്ലാതെ വെറുതേ നീട്ടിക്കൊണ്ടു പോകുന്ന ജീവിതം നിഷ്പ്രയോജനമാണ്.

ദൂതൻ—അല്പസുഖത്തിൽ ഭ്രമിച്ച അനന്തദുഃഖത്തിന് വഴിയുണ്ടാക്കരുത്.

ഗുണവതി—സുഖവും ദുഃഖവും എല്ലാവക്കും സ്വാധീനമാണ്. ദുഃഖിച്ചുകൊണ്ടുള്ള ജീവിതം വേണ്ടെന്നു വെക്കാൻ സ്വാതന്ത്ര്യം നമുക്കില്ലേ?.

ദൂതൻ—അത്രത്തോളം കരുതീട്ടുണ്ടെങ്കിൽ ഇയ്യുള്ളവൻ എന്നെന്നേക്കും ഇവിടുത്തെ ദാസനാണ്.

സംഭാഷണം സമ്മേളനത്തിൽ ലയിച്ചു. അന്യരറിയരുതെന്ന് വിചാരിച്ചിട്ടായിരിക്കാം, അവരുടെ ആലോചനകൂടാതെയുള്ള പ്രവൃത്തികൾ അന്ധകാരവും മറച്ചു.

ബന്ധനസ്ഥനു് അതിൽ പിന്നീടുള്ള വാസം ഒരു വിധം രസപ്രദമായിരുന്നുവെന്നു തന്നെ പറയാം. തന്നെ

അയച്ച സ്വാമിയുടെ കാൎയ്യം നിൎവ്വഹിക്കാൻ അതുവരെ സാധിക്കാതെ വന്നതിലുള്ള മനസ്താപവും, കാൎയ്യസാദ്ധ്യം കൊണ്ടു കിട്ടാവുന്ന ലാഭം പൊയ്പ്പോകുമെന്നുള്ള ഭയവും; ആ ദേഹത്തെ വല്ലാതെ പീഡിപ്പിച്ചു. ഒരു ദിവസം ക്ഷമയില്ലാതെ രാജകുമാരിയോടു ഇങ്ങിനെ ചോദിച്ചു.

ദൂതൻ—ഒരു കാൎയ്യം അറിഞ്ഞാൽ കൊള്ളാമെന്നുണ്ട്.

ഗുണവതി—എന്താണു്?

ദൂതൻ—അച്ഛൻ വലിയ സേനകളെ ഇവിടെ ശേഖരിച്ചതായി കാണുന്നില്ലല്ലൊ. പലതവണയും ഈ രാജ്യം ശത്രുക്കളുടെ ആക്രമണത്തിന്നു് ഇരയായിട്ടുണ്ടെന്നാണു് കേൾവി. എങ്ങിനെയാണു് ഇതുവരെ വൈരികളുടെ കയ്യിൽ പെടാതെ അദ്ദേഹം രക്ഷപ്പെട്ടു ന്നതു്?

ഗുണവതി—അച്ഛന്റെ അരയിൽ ഒരു (അര) വാളുണ്ടു്. അതുള്ള കാലത്തോളം അച്ഛന്റെ ദേഹത്തിന്നു യാതൊന്നും പറവുന്നതല്ല.

ദൂതൻ—അതു ഒരു സമയത്തും അരയിൽനിന്നു് അഴിക്കാറില്ലെ?

ഗുണവതി—കുളിക്കുമ്പോൾ മാത്രം അഴിക്കും. മറ്റെതുസമയത്തും അരയിലുണ്ടായിരിക്കും.

ഈ വൎത്തമാനം കേട്ട ക്ഷണത്തിൽ ദൂതൻ ആലോചനയിൽ മുഴുകിയപോലെ തോന്നി. അതിൽനിന്നു് ഉണൎന്നശേഷം വീണ്ടും രാജകുമാരിയോടു് ഇങ്ങിനെ അപേക്ഷിച്ചു.

തൻ—തമ്പുരാട്ടി! ഇവിടുത്തെ കരുണാതിരേകത്തിന്നു്

പാത്രമായ ഇവൻ ഒരു അപേക്ഷകൂടി ചെയ്തുകൊള്ളട്ടെ.

ഗുണവതി—(ദൂതനെ അരികെ ഇരുത്തി) തമ്പുരാട്ടിയെന്നും അപേക്ഷയെന്നും ഇനി കേൾക്കരുതു്. എന്തു വേണമെങ്കിലും പറഞ്ഞുകൊള്ളൂ.

ദൂതൻ—ഇവിടേയ്ക്കു വരുമ്പോൾ എൻെറ വസ്ത്രം മുതലായവ ഒരു ഭാണ്ഡമാക്കിക്കെട്ടി കൊട്ടാരത്തിന്നുപുറത്തു ഒരാളെ ഏല്പിച്ചിട്ടുണ്ടു്. ഏതായാലും ഇനി ഇവിടെനിന്നു പോകണമെന്നില്ല. ഈ പൊന്നുതിരുമേനി കണ്ടാനന്ദിച്ചിരുന്നാൽമതി. അതുകൊണ്ടു് ആ സാമാനങ്ങൾ ഇവിടെ കൊണ്ടുവന്നേക്കാം. ദൂതന്നു ഒരു തവണക്കാരൻെറ സഹായം ഉടനെ കിട്ടി. പുറത്തുപോയി തോക്കു മുതലായ തൻെറ ആയുധങ്ങൾ കയ്യിലാക്കിയാണു് വീണ്ടും കൊട്ടാരത്തിൽ പ്രവേശിച്ചതു്. രാജകുമാരിയുടെ സേവക്കാരൻെറ അപ്രീതി സമ്പാദിച്ചാൽ വിഷമമാണെന്നുകരുതി അയാൾ കൊണ്ടുവരുന്നതെന്തെല്ലാമെന്നു് തവണക്കാരൻ സൂക്ഷിക്കയുണ്ടായില്ല. കൊട്ടാരത്തിന്നുള്ളിൽ കുളമുള്ള സ്ഥലത്തെത്തിയപ്പോൾ താൻ കുളത്തിലിറങ്ങിവരാമെന്നും പറഞ്ഞു തവണക്കാരനെ ദൂതൻ മടക്കിഅയച്ചിട്ടു കുളത്തിലിറങ്ങി, കണ്ണുകൊണ്ടു കാണാവുന്നിടത്തോളം അവിടത്തെ സ്ഥലസമ്പ്രദായം മനസ്സിലാക്കി. കാരാഗൃഹത്തിലെ അന്ധകാരവുമായ അധികപരിചയം സിദ്ധിച്ച കണ്ണുകൾ ഇവിടെ അയാൾക്കു വളരെ ഉപകരിച്ചു. കുളപ്പുരയുടെ മേൽ മേൽഭാഗത്തു് ഒരു സ്ഥലം ഉടനെ പിടിച്ചു.

വെളിച്ചമാവാൻ ഒരു മുഹൂൎത്തമുള്ളപ്പോൾ രാജാവു് നീരാട്ടുകുളിക്കു കുളത്തിലേക്കു എഴുന്നള്ളി. അരവാൾ അഴിച്ചുസ്നാനത്തിന്നിറങ്ങുമ്പോൾ പിൻകഴുത്തിൽ ഒരു വെട്ടികൊണ്ടു. താമസിയാതെ കാലഗതി പ്രാപിച്ചു.

5

ദൂതനെ കാത്തുകൊണ്ടിരുന്ന രാജകുമാരിക്കു് ക്ഷമകേടു വർദ്ധിച്ചുതുടങ്ങി. കുളത്തിൽനിന്നു് ഒരു ശബ്ദം കേട്ടപ്പോൾ പരിഭ്രമം കലശലായിട്ടു് ഉടനെ തവണക്കാരനെ വിളിച്ചു കുളത്തിലേക്കു യാത്രയായി. കുളക്കടവിലെത്താറായപ്പോൾ പരിചാരകൻെറ കയ്യിൽനിന്നു വിളക്കു വാങ്ങി താൻ തന്നെ ഇറങ്ങിച്ചെന്നു. തൻെറ കാമുകന്നു് വല്ല അപായവും വന്നിരിക്കുമോയെന്നു് ശങ്കിച്ചുംകൊണ്ടു് ഇറങ്ങിവന്നിരുന്ന രാജകുമാരി രക്തം പുരണ്ടു കിടക്കുന്ന മൃതദേഹം അച്ഛൻെറതാണെന്നറിഞ്ഞതോടുകൂടി കുറച്ചുനേരം നിശ്ചഞ്ചലയായിനിന്നു. ദൂതനെപ്പററി സംശയംജനിച്ചു. താൻ കളിപ്പാട്ടമായി അതുവരെ കരുതിവന്നതു് ഒരു കാളസൎപ്പമാണെന്നു് ഹൃദയത്തിൽ ഒരു ഭൂതോദയമുണ്ടായി. താൻ ദൂതന്നു് അന്നു പറഞ്ഞുകൊടുത്ത രഹസ്യവും ഓൎമ്മവന്നു. നാലുപാടുംനോക്കി, ആരേയും കണ്ടില്ല.

അച്ഛൻെറ മൃതദേഹം വെള്ളത്തിലും കരയിലുമല്ലാതെ കിടന്നിരുന്നതു് എടുത്തു് ഒരു പടവിന്മേൽ വെച്ചു തൻെറ ശിരസ്സു് പിതാവിൻെറ പാദാരവിന്ദത്തിൽ സമൎപ്പിച്ചു—ഏതാനും നിമിഷം കഴിഞ്ഞതിന്നുശേഷം എഴുനീററുനിന്നു തൻെറ യൌവ്വനചാപല്യം നിമിത്തം അച്ഛന്നു വന്ന അവസ്ഥാന്തരം ഓൎക്കുന്തോറും ആ ധീര

വനിതയുടെ ഹൃദയം തുടിക്കുവാൻ തുടങ്ങി. അച്ഛൻെറആ ജ്ഞപ്രകാരം താൻ പുറത്തിറങ്ങുമ്പോഴെല്ലാം ധരിച്ചിരു കാാരത്തെ നോക്കി. "അല്ലയോ വീരായുധമേ! കളങ്കം തട്ടിയ എൻെറ ദേഹത്തിൻെറ സ്പർശം ഇനി നിനക്ക് ഭൂഷണമല്ല. അച്ഛൻെറ നേരെയും തന്മൂലം ഈ വംശ ത്തിൻെറ നേരെയും ഞാൻ ചെയ്ത അപരാധത്തിന്ന് എ ൻെറ ദേഹാപ്പണം തന്നെയാണ് ശരിയായ പ്രായശ്ചി ത്തം. എന്നെ സഹായിക്കുക."

കുളക്കടവിലെ വത്തമാനംകേട്ട് പരിഭ്രമിച്ചുവന്ന രാജ്ഞി മുതലായവർ പിറേറദിവസം പ്രഭാതത്തിൽ ക ണ്ടതു് രണ്ട് മൃതദേഹങ്ങളാണ്.

അരുണോദയംവിശേഷാൽപ്രതി(1928)

---

4

# കാട്ടുരാജാവ്.

---

ശിരസ്തദാർ കുഞ്ഞുണ്ണിമേനോൻ പെൻഷൻവാങ്ങി ഉ ദ്യോഗത്തിൽനിന്നു പിരിഞ്ഞിട്ട് മൂന്നുകൊല്ലത്തോളമായി. ദേഹത്തിന്നു പ്രായത്തിന്നടുത്ത ക്ഷീണം ബാധിക്കാത്തതി നാൽ വെറുതെ ഇരിക്കാൻ കഴികയില്ലെന്നു തീർച്ചയാക്കി മണ്ണാക്കാട്ട് തറവാട്ടുവകയായിട്ടുള്ള കളത്തിൽ താമസം തു ടങ്ങീട്ട് അധികം നാളായിട്ടില്ല. ഉദ്യോഗമുള്ള കാലത്തു കഴിയുന്ന സഹായം തറവാട്ടിലേക്കു ചെയ്തിട്ടുണ്ടെങ്കിലും പണിയിൽനിന്നു പിരിഞ്ഞു തറവാട്ടിൽവന്നുകാരണവ സ്ഥാനം വഹിക്കാൻ തുടങ്ങിയപ്പോൾഅനന്തിരവന്മാരുടെ

പിറുപിറുപ്പിന്നു കുറവുണ്ടായില്ല. താനും ഒരു കാലത്തു തന്റെ കാരണവരെ ശകാരിക്കാൻ കൂടീട്ടുണ്ടെങ്കിലും താൻ കാരണവരായപ്പോൾ അനന്തിരവന്മാർ ശകാരിക്കുന്നതു് അവരുടെ കൊള്ളരുതായ്കകൊണ്ടാണെന്നു തോന്നിയുള്ളു. അനന്തിരവന്മാരായിരിക്കുമ്പോൾ കാരണവന്മാരെ ശകാരിക്കുന്നവർ ആ സ്ഥാനത്തു് എത്തുമ്പോൾ മരിച്ചുപോയവരെ നന്നാക്കി വെക്കുകയാണല്ലൊ സാധാരണ തറവാടുകളിൽ പതിവു്. കാരണവൻ കുഞ്ഞുണ്ണിമേനോനും പഴയ നടവടിക്കു വ്യത്യാസം വരുത്തിയില്ല. അധികാരം കയ്യിലുള്ളവസ്ഥയ്ക്കു അനന്തിരവന്മാരായി അകന്നു നില്ക്കുന്നതായാൽ തന്റെ കാൎയ്യത്തിന്നു് ഗുണമുണ്ടെന്നും അവരെ താമസിയാതെ ഒരുപാഠം പഠിപ്പിക്കാമെന്നും കരുതിയാണു് കളത്തിലേക്കു പുറപ്പെട്ടതു്. അതിന്നപ്പുറമെ കൃഷിപ്പണിയിൽ ഒന്നിറങ്ങി നോക്കണമെന്നും മോഹമുണ്ടായിരുന്നു. തറവാട്ടിൽ കുറേക്കാലമായി വൎദ്ധന അംഗങ്ങൾക്കല്ലാതെ സ്വത്തിന്നു ഉണ്ടായിട്ടില്ലെന്നു് ഓൎത്തപ്പോൾ കൃഷി നടക്കുന്നതു് ആദായത്തിന്നുള്ള മാൎഗ്ഗമാണെന്നും അദ്ദേഹത്തിന്റെ സംസ്കൃതബുദ്ധിയിൽ തോന്നാതിരുന്നിട്ടില്ല.

ഇങ്ങിനെ പല കാരണങ്ങളാലും കളത്തിലെത്തിച്ചേൎന്ന കുഞ്ഞുണ്ണിമേനോൻ കൃഷിക്കുള്ള ഒരുക്കങ്ങൾ ഓരോന്നായി ചെയ്തുതുടങ്ങി. ഇതിൽ ഒന്നാണു് ഒരു നല്ല കൃഷിക്കാരനെന്നു പേരെടുത്ത ഇട്ടീണ്ണാൻനായരെ തന്റെ പ്രധാന കാൎയ്യസ്ഥനായി നിശ്ചയിച്ചതു്. പിന്നീടു അയാളുടെ അഭിപ്രായപ്രകാരം നാലു വടക്കൻകാളകളെ വാങ്ങിയതാണു്. കാളകളെ വാങ്ങി തൊഴുത്തിലാക്കിയതി

ന്റെ മൂന്നാംദിവസം കുഞ്ഞുണ്ണിമേനോൻ പാടത്തിറങ്ങു വാനായി പടിക്കലെത്തിയപ്പോൾ ഇട്ടീണാൻനായർ തന്റെനേരെ ഓടിവരുന്നതു കണ്ടു. ഇട്ടീണാൻനായരുടെ പരിഭ്രമത്തിന്റെ കാരണം മനസ്സിലാവാതെ കുറച്ചുനേരം കുഞ്ഞുണ്ണിമേനോനും പരിഭ്രമിച്ചു. അപ്പോഴേക്ക നായർ അടുത്തെത്തി.

കുഞ്ഞുണ്ണിമേനോൻ—എന്താ ഇട്ടീണാൻനായക്കിത്ര പരിഭ്രമം?

ഇട്ടീണാൻനായർ—ഒന്നുമില്ല. മാങ്കടക്കഴിയന്റെ ആള വരുന്നുണ്ടു്. അവനെകണ്ടിട്ടാണു് ഞാൻഓടിവരുന്നത്.അവനോടുഇവിടുന്നൊന്നുംഎതിത്തുപറയരുതു്.

കു. മേനോൻ—എന്തിനാ അവൻ എന്നെ കാണാൻ വരുന്നതു്.

ഇട്ടീണാൻനായർ—മാങ്കടക്കഴിയൻ ഇവിടുത്തെകള്ളന്മാരുടെ തലവനാണു്. അവന്റെ വാസം എന്നും കാട്ടിലാണ്. ഇവിടുത്തുകാരെല്ലാം അവനെ കാട്ടുരാജാവെന്നാണു്വിളിക്കുന്നതു്. അവനു്ഇടക്കിടക്കകൈമടക്കുന്നതു് കൊണ്ടാണു് ഇവിടുത്തുകാരുടെ കന്നിനു രക്ഷകിട്ടുന്നതു്. അതുകൊണ്ടു അവനോടു കയക്കാതിരിക്കയാണ് നമുക്കും നല്ലതു്.

കു.മേനോൻ—(ദേഷ്യപ്പെട്ടു്) ഈ വക ഉപദേശങ്ങൾ തരാനല്ല ഞാൻ തനിക്ക ശമ്പളം തരുന്നതു്. പത്തിരുപത്തഞ്ചുകൊല്ലം സക്കാരുദ്യോഗംഭരിച്ച എനിക്കറിയാം ആരോടൊക്കെയാണു് കയക്കാതിരിക്കേണ്ടതെ

ന്ന്. ബ്രിട്ടീഷുഗവമ്മേണ്ടിന്റെ ഭരണമാണിപ്പോഴെ ന്ന് അവൻ ഇതുവരെ അറിഞ്ഞിട്ടില്ലെങ്കിൽ ഞാൻ നിമിത്തം അവൻ അറിയും.

അപ്പോഴേയ്ക്കു മാങ്കടക്കുഴിയന്റെ ഭൃത്യൻ മായൻകുട്ടി എത്തി.

കു. മേനോൻ—താൻ എന്തിനാ വന്നത്?

മായൻകുട്ടി—ഇവിടുത്തെ കാണാൻ വന്നതാണ്.

കു. മേനോൻ—കാര്യം?

മായൻകുട്ടി—ഞമ്മടെ മുതലാളിപറഞ്ഞയച്ചുവന്നതാണ്.

കു. മേനോൻ—ആരാ, നിന്റെ മുതലാളി? അയാൾ എന്താ പറഞ്ഞയച്ചതു്?

മാ. കുട്ടി—(ഇട്ടീണാൻനായരെ നോക്കി) ഏമാനു് ഇബടങ്ങളിലെ മര്യാദയൊന്നും പിടിയാടില്ലെന്നു തോന്നുണല്ലൊ.

കു. മേനോൻ—എന്തു മര്യാദയാണു് ഇതു കേൾക്കട്ടെ. എന്താ ഞാൻ നിന്റെ മുതലാളിയെ കാണാൻ ചെല്ലണൊ?

മാ. കുട്ടി—അതൊന്നും വേണ്ട. മുതലാളിക്കു അബകാശങ്ങൾ കിട്ടിയാൽ മതി.

കു. മേനോൻ—എന്തവകാശം! ഞാൻ നിന്റെ മുതലാളിയുടെ ജന്മം കാണത്തിന്നു വാങ്ങീട്ടില്ല.

മാ. കുട്ടി—അതല്ല ഞമ്മള്് പറഞ്ഞതു്. കരിമ്പ്രുങ്ങളുള്ളോരെല്ലാം മുതലാളിക്കു വല്ലതും കൊടുത്താൽ അവരെറെ "പണിക്ക്" കിട്ടും. ഇല്ലെങ്കിൽ വല്ലോരുടേയുംകയ്യി

ലാവും അതു്. അല്ലാണ്ടൊന്നുമില്ല്യേ്യാ. ഇതു ഇപ്പോ ണ്ടു് തുടങ്ങിയതൊന്നുമല്ല. പണ്ടേയുള്ള ചട്ടമാണു്.

കു. മേനോൻ—നിൻെറ മുതലാളി എന്നേപ്പോലുള്ളവരെ കണ്ടിട്ടുണ്ടാവില്ല. നീ ചെന്നു പറഞ്ഞേക്ക്. ഞാൻ നല്ല തൊഴുത്തുണ്ടാക്കീട്ടുണ്ടു്. ഇതു ഇപ്പോൾ വെള്ള ക്കാരൻെറ രാജ്യമാണു്. പോല്ലീസും പട്ടാളവും വെ റുതെയല്ല ഏർപ്പാടുചെയ്തിട്ടുള്ളതു്. മനസ്സിലായോ.

മാ. കുട്ടി—ഞമ്മക്കു ഇതൊന്നും പറഞ്ഞേരണ്ട. വെള്ള ക്കാരൻ ഇന്നലെ വന്നതല്ലല്ലൊ. വെള്ളക്കാരൻെറ പയ(ഴ)ക്കം മുതലാളിക്കും ഉണ്ടു്. ആട്ടെ ഞമ്മങ്ങ് പോട്ടെ, എനി നേരിട്ടു് തെരുതാര (സംസാര)മൊ ന്നും വേണ്ട.

കു. മേനോൻ—ഓ. അങ്ങിനെയാവട്ടെ, ഉടുക്കാത്ത ഭ്രാന്ത ന്നു് ഉടുത്ത ഭ്രാന്തൻ.

## 2

മായൻകുട്ടി മടങ്ങിപ്പോയതിൻെറ മൂന്നാംപക്കം രാ വിലെ കുഞ്ഞുണ്ണിമേനോൻ എഴുനീററപ്പോൾ തൊഴുത്തി കാളകളെ കാണ്മാനില്ലെന്ന വർത്തമാനംകൊണ്ടാണു് ഇ ട്ടീണാൻനായർ അഭിവാദ്യം ചെയ്തതു്. കുഞ്ഞുണ്ണിമേനോൻ കുറച്ചുനേരത്തിന്നു ഒന്നും മിണ്ടാതെയിരുന്നു. കുറച്ചുകഴി ഞ്ഞപ്പോൾ "എനി എന്താവേണ്ടതു ഇട്ടീണാൻനായരേ" എന്നു ചോദിച്ചു.

ഇട്ടീണാൻനായർ—മാങ്കടക്കുഴിയൻ ചില്ലറക്കാരനല്ല. പോല്ലീസുകാരൊക്കെ അവനോടു അങ്ങോട്ടു ലോക്യം

കൂട്ടകയാണ്. കയക്കാൻ പോയാൽ എങ്ങിനെയാ യാലും നമുക്കേ നഷ്ടം വരികയുള്ളൂ.

കു. മേനോൻ—ടിപ്പു മുതലായ മഹാപരാക്രമികളെ അമ ത്തിയ വെള്ളക്കാൎക്കുണ്ടോ മാങ്കടക്കുഴിയനെ പിടി ക്കാൻ പ്രയാസം. എനിക്കു ആ വിചാരമൊന്നുമില്ല. (അല്പം ആലോചന നടിച്ച്)—

നമുക്കു പൂട്ട തുടങ്ങേണ്ട കാലമായല്ലൊ. ഈ സമ യത്തു കാളകളില്ലാഞ്ഞാൽ നമ്മുടെ ശ്രമമൊക്കെ വെറുതെ യാവും. കുറച്ചു പണം ഇറക്കുകയും ചെയ്തു. പോലീസി ലേക്കു അറിവുകൊടുത്തു അന്വേഷിച്ചു തുമ്പുണ്ടാകുമ്പോ ഴേക്കു കാലവും തെറരും. ഇതൊക്കെയാണെന്റെ മനസ്സി ലിപ്പോൾ. കൃഷി തുടങ്ങുമ്പോൾതന്നെ അവലക്ഷണം. കാളകൾ പോവും എന്നു് എനിക്കു പേടിയില്ല. കൊണ്ടു പോയവൻ ഇനി അധികം കളവുകൾ നടത്തുന്നതുമല്ല.

ഇട്ടീണാൻനായർ—കേസ്സിന്നും കൂട്ടത്തിന്നും പോയാൽ വിതക്കാൻ കാലം വൈകുമല്ലൊ എന്നാണു് എനി ക്കു വിചാരം. അതുകൊണ്ടാണു് തൽക്കാലം കയക്കേ ണ്ടെന്നു പറഞ്ഞതു്.

കു. മേനോൻ—ആട്ടെ, താൻ ഇന്നുതന്നെ മാങ്കടക്കുഴിയ നെ ഒന്നു പോയികാണണം. ആയാളുടെ അവകാശ ങ്ങൾ കൊടുത്തേക്കാമെന്നു പറയു.

ഇട്ടീണാൻനായർ—പോയി നോക്കാം.

ഇട്ടീണാൻനായർ ഉടനെതന്നെ കഞ്ഞി കുടിച്ചു യാത്രയായി. കഞ്ഞുണ്ണിമേനോൻആലോചനയിലും മുഴുകി. ആ ദിക്കിലുള്ള വങ്കന്മാരും താനും ഒരുപോലെയല്ലെന്നു

മാങ്കടക്കുഴിയനെ മനസ്സിലാക്കാതെ അവിടം വിട്ടുന്നതല്ലെന്നു മേനോൻ ഉറച്ചു് ദിനകൃത്യങ്ങൾക്കു ഒരുങ്ങി.

ഇട്ടീണാൻനായർ ഏകദേശം ഒരു നാഴിക നടന്നപ്പോൾ മലയുടെ അടിവാരത്തിലെത്തി. മാങ്കടക്കുഴിയനെ ഇതിന്നുമുമ്പു കാണാൻ പോയിട്ടില്ലെങ്കിലും ആ പ്രമാണിയുടെ വാസസ്ഥലം തനിക്കു അറിയാമായിരുന്നു. കാട്ടിന്നുള്ളിലേക്കു പോകുന്ന ഒരുട്ടുവഴിയിൽക്കൂടെ കുറച്ചുദൂരം നടന്നപ്പോൾ മായൻകുട്ടിയും അയാളുടെ രണ്ടു ചങ്ങാതിമാരും ഒരു പാറപ്പുറത്തിരിക്കുന്നതു കണ്ടു. ഇട്ടീണാൻനായരെ കണ്ടപ്പോൾ മായൻകുട്ടിക്കു കാൎയ്യം മനസ്സിലായി. അയാളെ എതിരേല്ക്കാനെന്ന ഭാവത്തിൽ വന്നു.

മായൻ—(ഒന്നും അറിയാത്ത ഭാവത്തിൽ) ബിശേയിച്ചു്?

ഇട്ടീണാൻ—മായൻകുട്ടി അറിയാണ്ടിരിക്കൊ.

മായൻ—ഞമ്മക്ക് എന്തറിയാനാണു്. നിങ്ങൾ ബെള്ളക്കാരൻെറക്കൂടെ ബന്നാളിൻെറ കൂടെയല്ലെ താമതം. (താമസം)

ഇട്ടീണാൻ—കളിയൊക്കെ പോട്ടെ. കാളകളെ കാണാനില്ലല്ലൊ. വല്ല നിവൃത്തിയും ഉണ്ടാക്കിത്തരണം.

മായൻ—മുതലാളിയെ കാണണ്ടെ.

ഇട്ടീണാൻ—വേണം.

മായൻ—എന്നാൽ പൊഗാ. (പോകുക)

മായൻകുട്ടി നായരെ കൊണ്ടുപോയതു ഒരു വലിയ മലംചെരുവിലേക്കാണു്. നട്ടുച്ചക്കും വെളിച്ചംതട്ടാത്ത വിധമുള്ള കാടാണു് നാലുഭാഗവും. പരിചയമില്ലാത്തവർ അതിൽപെട്ടുപോയാൽ ഉഴലുകയേ തരമുള്ളൂ. "അവളെ

പ്പേടിച്ചാരും നേർവഴി നടപ്പീല." എന്നു താടകയെപ്പറ്റി പറഞ്ഞപോലെ മാങ്കടക്കുഴിയനെ പേടിച്ച് ആ കാട്ടിലെ ദുഷ്ടമൃഗങ്ങളെല്ലാം എങ്ങോ പോയിരിക്കുന്നു. മല അവിടെ ഒരുട്ടപ്പിന്റെ ആകൃതിയാണ്. നടുക്കു അഗാധമായ ഒരു കുണ്ടും. മരത്തിന്മേൽ കൊമ്പുകളെന്നപോലെ വലിയ മലയിൽനിന്നു രണ്ടു ശാഖകൾ തള്ളിനിൽക്കുന്നുണ്ട്. ഈ ശാഖകൾ കൂട്ടിമുട്ടീട്ടുണ്ടെന്നു പുറമെനിന്നു നോക്കിയാൽ തോന്നും. പരിചയമുള്ളവക്കു അവയുടെ പഴുതു കണ്ടുപിടിപ്പാൻ പ്രയാസമില്ല. ആ പഴുതിൽക്കൂടെയാണ് മേൽപറഞ്ഞ കുണ്ടിലേക്കു വഴി. ഈ കുണ്ടിന്റെ ഒരു ഭാഗത്തു വലിയ മലയിന്മേൽ കുറെ പൊന്തീട്ടാണു മങ്കടക്കുഴിയന്റെ ഭവനം. അടുത്തു ചെന്നാലല്ലാതെ മഷിവെച്ചുനോക്കിയാലും കാണാതിരിക്കത്തക്കവണ്ണമാണ് അതു സ്ഥിതിചെയ്യുന്നതു്. അവിടെ എത്താനുള്ള വഴിയും കുറെ ദുർഘടമായിട്ടുള്ളതാണ്. ചില ദിക്കിൽ കുത്തനെയുള്ള മലംപള്ള കടക്കേണ്ടതായിട്ടുണ്ട്. ആ വക സ്ഥലങ്ങളിൽ ആടുകൾക്കും അപായം പററുമെന്നാണ് പറയേണ്ടതു്. കാലുതെററിപ്പോയാൽ പിന്നെ ചെല്ലുന്നതു എവിടെയാണെന്നു പറവാൻ വീണവരാരും ഇതുവരെ മടങ്ങിവന്നിട്ടില്ല.

ഈ കുണ്ടിലേക്കു കടക്കുന്ന വഴി മാങ്കടക്കുഴിയന്റെ വീട്ടിന്റെ ഒരു മൂലക്കിരുന്നാൽ കാണത്തക്ക ഏപ്പാടുകൾ ആ കാട്ടുരാജാവു ചെയ്തിട്ടുണ്ട്. അയാളുടെ അനുചരന്മാർ എപ്പോഴും കാട്ടിൽ അവിടവിടെയായി നടക്കുന്നുണ്ടാവും. അവരെ കാണാതെ അവിടെ എത്തിച്ചാടാൻ

പ്രയാസമാണ്. അഥവാ അവരില്ലാതെ അങ്ങോട്ടു കടന്നുവെങ്കിൽ മാങ്കടക്കുഴിയന്റെ ലക്ഷ്യം തെററാത്ത വെടിക്ക് ഇരയാവുകയും ചെയ്യും. ഇങ്ങിനെ ചിലർ "ഇങ്ങിനിവരാതവണ്ണം" പോയിട്ടുണ്ടെന്നു് അടുത്തുള്ളവർക്കു് അറിയാവുന്നതുകൊണ്ടു് മായൻകുട്ടിയുമായി കാര്യം തീർച്ചയാക്കുകയല്ലാതെ മാങ്കടക്കുഴിയനെ കാണാൻ ആരും വഴിവെക്കുക പതിവില്ല.

ഇങ്ങിനെ ഒരു ദുർഘടസ്ഥലത്താണ് ഇട്ടീണാൻനായർ ചെന്നു ചേർന്നതു്.

3

അധികം താമസിക്കാതെ മാങ്കടക്കുഴിയന്റെ മുമ്പിൽ ഇട്ടീണാൻനായരെത്തി. വലിയ വീതിയുള്ള ഒരു കട്ടിലിന്മേൽ പടന്പിടിച്ചുംകൊണ്ടാണ് അവൻ ഇരിക്കുന്നതു്. കുറെ മുറുക്കുസാമാനങ്ങൾ ഒരു ഭാഗത്തും മറെറാരുഭാഗത്തു ഹുക്കയും ആ പ്രമാണിയെ വിട്ടുപിരിയാത്ത സാമഗ്രികളെന്ന വിധത്തിൽ അവിടെ നിലകൊള്ളുന്നുണ്ടു്. തടിച്ചുകൊഴുത്ത അവന്റെ ദേഹത്തിന്നു് പുഷ്ടിക്കുപുറമെ ദാർഢ്യവുമുണ്ടെന്നു് ഒരു നോട്ടത്തിൽ മനസ്സിലാകും. കറുത്തിരുണ്ട മീശയും താടിയും ആ കാട്ടുരാജാവിന്റെ വട്ടമുഖത്തിന്നു ഗാംഭീര്യവും ഓജസ്സും വർദ്ധിപ്പിച്ചിട്ടുണ്ടു്. പൂമുഖത്തിരിക്കുന്ന യജമാനനെ വണങ്ങിക്കൊണ്ടു ഭൃത്യന്മാരെന്ന നിലയിൽ നാലഞ്ചാളുകൾ മുററത്തു നില്ക്കുന്നുണ്ടു്.

ഇട്ടീണാന്റേയും മായൻകുട്ടിയുടേയും വരവു കണ്ടപ്പോൾ അതുവരെയുണ്ടായിരുന്ന സംസാരം നിർത്തി അ

വരെ നോക്കിക്കൊണ്ടു നിന്നു. അവർ അരികത്തെത്തിയപ്പോൾ മായൻകുട്ടിയോടായി–"ഈ നായർകുട്ടി ഏതാണു്" എന്നു ചോദിച്ചു.

മായൻ—ഞമ്മക്ക് അവെകാശം തരാത്ത് ആ പഹയന്റെ ആളാണു്.

മാങ്കടക്കഴിയൻ—ആഹാ! എന്താ നായർകുട്ടി.പോന്നതു്?

ഇട്ടീണാൻ—എജമാനൻ ഇവിടെ ഒന്നു വന്നു കാണ്ണണം എന്നു പറഞ്ഞിട്ടു വന്നതാണു്.

മാങ്കടക്കഴി—നിങ്ങടെ എജമാന്നു് ഞമ്മളെക്കൊണ്ടു് എന്താ കാര്യം?

ഇട്ടീണാൻ—കന്നുകാണ്ണാതായതിന്നെപ്പററി ഇവിടെ വന്നു് അന്വേഷിക്കണമെന്നു പറഞ്ഞു.

മാങ്ക—തൊഴുത്തു നല്ല ഉറപ്പിൽ പണിചെയ്തിട്ടുണ്ടെന്നല്ലേ നിങ്ങടെ ഏമാനൻ മായൻകുട്ടിയോടു പറഞ്ഞേയച്ചതു്. ഇപ്പോഴെന്തേ ഉറപ്പില്ലാണ്ടായോ!

ഇട്ടീണാൻ—ഏമാനൻ ഈ ദിക്കിലേക്കേ ആദ്യമായിട്ടുള്ളവരാണു്. ഇവിടുത്തെ സമ്പ്രദായങ്ങളൊന്നും നിശ്ചയമില്ല. ഇനിയൊക്കെ വേണ്ടതുപോലെ ആയ്ക്കോള്ളാമെന്നു് ഇവിടെ പറയാനേൽപിച്ചിട്ടുണ്ടു്.

മാങ്കട—ആട്ടെ, ഏമാന്നു് ഇപ്പോഴെങ്കിലും ഇങ്ങിനെ തോന്നിയല്ലോ. എന്താ വല്ലതും കൊണ്ടുവന്നിട്ടുണ്ടോ?

ഇട്ടീണാൻ—ഒന്നും കൊണ്ടുവന്നിട്ടില്ല. കാളകളെ കണ്ടതിന്നുശേഷം എജമാനൻതന്നെ ഇങ്ങോട്ടിറങ്ങണമെന്നു വിചാരിച്ചിരിക്കയാണു്.

മാങ്കട—ഈ മിരട്ടൊന്നും മാങ്കടക്കുഴിയനോട്ട വേണ്ടാ. കിട്ടേണ്ടതു കിട്ടിയാൽ കാണേണ്ടതു കാണും.

ഇട്ടീണാൻ—അങ്ങിനെ വിചാരിക്കരുതു്. ഞാൻ ശമ്പളക്കാരനാണു്. പറയാനേല്പിച്ചതു് പറഞ്ഞു.

മാങ്കട—എന്നാൽ തന്റെ ഏമാനോട്ട പറയൂ ഞാൻ പറഞ്ഞതെല്ലാം.

ഇട്ടീണാൻ—അങ്ങിനെയാകട്ടെ.

മാങ്കട—ഇന്നു വൈകുന്നേരത്തിന്നുള്ളിൽ ഇവിടെ കിട്ടേണ്ടതുകിട്ടിയാൽ രാവിലേക്കു തൊഴുത്തിൽ കാളകളും ഉണ്ടാവും. വേണമെങ്കിൽ മായൻകുട്ടിയുംകൂടെ വരും.

ഇട്ടീണാൻ—മായൻകുട്ടിയും കൂടെ വന്നോട്ടെ. പിന്നെ കണ്ടോളാം.

4

മാങ്കടക്കുഴിയന്റെ ഇഷ്ടം സാധിച്ചപ്പോൾ കുഞ്ഞുണ്ണിമേനോന്റെ ഇഷ്ടവും സാധിച്ചു. മായൻകുട്ടിയെ സല്ക്കരിച്ചയച്ചതിന്റെ പിറേറ ദിവസം രാവിലെ കാളകളെ. തൊഴുത്തിൽ കണ്ടപ്പോൾ കുഞ്ഞുണ്ണിമേനോനുണ്ടായ സന്തോഷം പറഞ്ഞാലാവില്ല. അതോട്ടകൂടി തന്നെ പററിച്ചതിന്നു പകരം അങ്ങോട്ടും എന്തെങ്കിലും ഒന്നു പററിക്കേണമെന്നു മനസ്സുകൊണ്ടുറച്ചു. മാങ്കടക്കുഴിയന്റെ വത്തമാനങ്ങൾ ഓരോന്നോരോന്നായി അന്വേഷിച്ചുതുടങ്ങി. അന്വേഷണം അധികമാവുന്തോറും മിസ്റ്റർ കുഞ്ഞുണ്ണിമേനോനു് ആ കാട്ടുരാജാവിനോട്ട വെറുപ്പിന്നു പകരം ബഹുമാനമാണു് തോന്നിയതു്. കുറെ ആളുകൾക്കു തലവനായി കന്നുകാലികളുടെ ആധിപത്യം വഹിച്ചിരിക്കു

ന്നതു് പണ്ടുപണ്ടേയുള്ള കുലവൃത്തിയായി സ്വീകരിച്ചിട്ടു ണ്ടെന്നല്ലാതെ ജനദ്രോഹം ചെയ്യേണമെന്നു് ആ ചോരപ്രമാണിക്കു് ആഗ്രഹമുള്ളതായിക്കണ്ടില്ല. എന്നുതന്നെയല്ല അനവധി സാധുജനങ്ങൾ ആ മഹാമനസ്കൻെറ സംരക്ഷണയിൽ ഇരിക്കുന്നതായും അറിഞ്ഞു. ഒരു ദിവസം മി. കുഞ്ഞുണ്ണിമേനോൻ വൈകുന്നേരം നടക്കാനായി പുറത്തിറങ്ങിയപ്പോൾ തൻെറ സമീപസ്ഥനും വളരെ ദരിദ്രനും ആയ ഒരു നായർ ഒരു ജോടി പോത്തുകളെ കയറിട്ടു കൊണ്ടുവരുന്നതു കണ്ടു. അവയെ വില കൊടുത്തു വാങ്ങുവാൻ കഴിയാത്ത ആ സാധുവിന്നു് ഇതെങ്ങിനെ കിട്ടിയെന്നറിയാനായി മി. കുഞ്ഞുണ്ണിമേനോൻ "എന്താ ചന്തക്കു പോയിരുന്നുവോ? പോത്തുകൾക്കു് എങ്ങിനെയാ വിലഎന്നുചോദിച്ചു."

നായർ—വിലക്കു വാങ്ങിയതല്ല. ഞാൻ മാങ്കടക്കുഴിയനെ ഒന്നു കാണാൻപോയി. കഷ്ടപ്പാടുകൾ എല്ലാം നേരിട്ടു പറഞ്ഞപ്പോൾ "കൃഷി നടന്നോളൂ. ഓരര കന്നു തരാം." എന്നു പറഞ്ഞു് ഇവയെ തന്നു. ഇനി കുറച്ചു നിലം വേണം. അതു് ഇവിടുന്നും തരണം.

കുഞ്ഞുണ്ണിമേനോൻ—മാങ്കടക്കുഴിയൻ ഇങ്ങിനയൊക്കെ ചെയ്യുന്നുണ്ടോ?

നായർ—ഇങ്ങിനെയൊരു ധർമ്മിഷ്ഠനുണ്ടോ? ഇവിടങ്ങളിൽ അനവധി ജനത്തിന്നു് ഇങ്ങനെ സഹായിക്കുന്നുണ്ടു്.

ഇതുകേട്ടപ്പോൾ കുഞ്ഞുണ്ണിമേനോൻ മാങ്കടക്കഴിയന്റെ നേരേ അതുവരെ തങ്ങിക്കണ്ടായിരുന്ന ധാരണയെപ്പററി വ്യസനിച്ചു. ആ പ്രമാണിയുമായി അധികം പരിചയിപ്പാനുള്ള അവസരം ഉണ്ടാകേണമെന്നും വിചാരിച്ചു് ഇട്ടീണ്ണാനോടുകൂടി ഒരുദിവസം മാങ്കടക്കഴിയനെ കാണ്മാൻ ചെന്നു. കുഞ്ഞുണ്ണിമേനവന്റെ വത്തമാനങ്ങളെല്ലാം അറിഞ്ഞിരുന്ന മാങ്കടക്കഴിയൻ അദ്ദേഹത്തെ യഥോചിതം ആദരിച്ചു.

കുഞ്ഞുണ്ണിമേനോൻ—നേരിട്ടു പരിചയമാവേണമെന്നുവെച്ചിട്ടാണു ഞാൻ വന്നതു്. ഞാൻ ആദ്യം ധരിച്ചതൊക്കെ തെററി.

മാങ്കട—ഞമ്മള ഒരു വെറും കള്ളനാണെന്നാണു് പലരുടേയും ധാരണ. പണ്ടുപണ്ടെ ഞങ്ങടെ തൊഴില് കളവാണെന്നേ ഉള്ളു. കുഴങ്ങിയവനെ മാങ്കടക്കഴിയൻ ഇതുവരെ കഷ്ടത്തിലാക്കീട്ടില്ല. "യാതൊരു ഗതിയും ഇല്ല രക്ഷിക്കണം" എന്നു പറഞ്ഞുവരുന്നവക്കെല്ലാവക്കും കൈനിറച്ചും വയറുനിറച്ചുംഞമ്മള് കൊടുക്കാതിരുന്നിട്ടില്ല. ഇതിനൊക്കെ തികയേണമെങ്കിൽ കയ്യിലുള്ളോന്റെ പണം കുറേശ്ശ തട്ടാതെ തരമുണ്ടോ? അത്രേയുള്ളു.

കുഞ്ഞുണ്ണി—സാധു സംരക്ഷണമാണു് വലിയ കാൎയ്യം. മറെറന്തു കഠിനകൃത്യങ്ങൾ ചെയ്താലും ഈ വലിയ പുണ്യം മുതലാളിയെ എന്നെന്നേക്കും കാക്കും.

മാങ്കട—ഞമ്മേക്കും അതുതന്നെയാണു് ധൈൎയ്യം. ഞമ്മടെ കളവും പഠിച്ച കളവാണു്. ഞമ്മടെ "കുരുക്കളെ"

മഹാ പ്രമാണിയായിരുന്നു. രാത്രിമുഴവൻ ഉറക്കമൊഴിച്ചു കാവലിരുന്നാലും ഞമ്മെക്കു പ്രയാസമില്ല.

കുഞ്ഞുണ്ണി—എന്നാൽ അതു് എനിക്കൊന്നു പരീക്ഷിക്കണം. ഇങ്ങിനത്തവരുണ്ടെന്നു ഞാൻ കേട്ടിട്ടേ ഉള്ളു. ഒരു ദിവസം നമ്മുടെ കാളകളെ കൊണ്ടുപോരിക. ദിവസം പറയണം, ഞാൻ കാവലിരിക്കാം.

മാങ്കട—ഓ. ഒരു ദിവസം ഞമ്മടെ വിദ്യ ഒന്നു കാണിച്ചുതരാം.

ഒരു ദിവസം നിശ്ചയിച്ചു് മാങ്കടക്കുഴിയനു് ആളെ അയച്ചു. കുഞ്ഞുണ്ണിമേനോൻ കാവലിന്നുള്ള ഏർപ്പാടുകളെല്ലാം ചെയ്തു. തൊഴുത്തുവാതലിന്റെ ചീർപ്പിനോടു തൊട്ടു് ഒരു തട്ടുണ്ടാക്കി അതിന്റെ മീതെ നിന്നു പകിടകളിപ്പാനായിരുന്നു മി. മേനോൻ ഏർപ്പാടു ചെയ്തിരുന്നതു്. ചീപ്പു് പൊന്തിക്കാതെ വാതിൽ തുറക്കാൻ സാധിക്കുകയില്ല. ചീപ്പു് പൊന്തിച്ചാൽ തട്ടു് ഇളകും. അതിനും പുറമെ കളിക്കുന്ന ആറും ചീപ്പിന്മേൽ ചവുട്ടിക്കൊണ്ടു നില്ക്കേണമെന്നും നിശ്ചയിച്ചിട്ടുണ്ടായിരുന്നു. ആ വഴിയെ അല്ലാതെ കാളകളെ കൊണ്ടുപോകാനും കഴികയില്ല.

പകിടകളി തുടങ്ങി ഒരു മണിക്കൂറായപ്പോഴെക്കു മാങ്കടക്കുഴിയനും വന്നു. കളിക്കാരുടെ മുഖഭാവംകണ്ടു് അവർ കളിയിൽ മനസ്സു് ഊന്നിയിരിക്കുന്നുവെന്നു ബോദ്ധ്യമാവുന്നതുവരെ മാങ്കടക്കുഴിയൻ അനങ്ങിയില്ല. ക്രമേണ അടുത്തുകൂടി. കളി കഴിഞ്ഞു് ചൂതുവെക്കുന്ന സമയം നോ

ക്കി ആ ചോരപ്രമാണി ഒന്നരണ്ടടി മുമ്പോട്ടു വെക്കും. ഇങ്ങിനെ മെല്ലെമെല്ലെ തട്ടിന്റെ ചോട്ടിൽ ചെന്നുകൂടി കളിക്കുന്ന ആൾ ഒരു കാൽ ചീർപ്പിന്റെ മുകളിലാണു് വെച്ചിരിക്കുന്നതു് എന്നുകണ്ടു. അയാൾ കളിക്കാനായി കുമ്പിടുമ്പോൾ ചീർപ്പിന്മേൽ അമർച്ച് കുറയുന്നതു് മനസ്സിലാക്കി. ആ ലാക്കിൽ അതു് അല്പമൊന്നു പൊന്തിച്ച് അതിന്നു പാകത്തിൽ ഒരു മുട്ടുകൊടുത്തു. വീണ്ടും കളിക്കുന്ന ആൾ താഴുമ്പോൾ ചീർപ്പ് പൊന്തിച്ച് മുട്ടുകൊടുപ്പാൻ തുടങ്ങി. ഇങ്ങിനെ മൂന്നുനാലു തവണ ആവർത്തിച്ചപ്പോഴേക്കു ചീർപ്പു നല്ലവണ്ണം പൊന്തി. വാതിൽ തുറക്കാൻ സാധിച്ചു. മെല്ലെ തൊഴുത്തിൽ കടന്നു. മയക്കമെരുന്നുകൊണ്ടു കാളയെ മയക്കി കയറിട്ടു. അതിനെ മെല്ലെ പുറത്തിറക്കി. അപ്പോൾ തട്ടിന്റെ മുകളിലുള്ളവർ "പകിടപന്ത്രണ്ടു" എന്നുച്ചത്തിൽ പറയുന്നതുകേട്ടു.

ഉടനെ മാങ്കടക്കുഴിയൻ—"പകിട പന്ത്രണ്ടെങ്കിൽ പാണ്ടൻകാളപുറത്തു" എന്നു മറുവടിപറഞ്ഞു.

അതു കേട്ടപ്പോഴാണു് അവർ സംഗതിയെല്ലാം അറിഞ്ഞതു്. കുഞ്ഞുണ്ണിമേനോൻ അവർകളും കൂട്ടുകാരും മാങ്കടക്കുഴിയനെ വളരെ ശ്ലാഘിച്ചു. മേനവൻ— "താങ്കൾ കാട്ടുരാജാവു് എന്ന സ്ഥാനത്തിന്നു് എല്ലാംകൊണ്ടും അവകാശമുള്ള ആളാണു" എന്നു പുകഴ്ത്തി. ആ ചോരക്കരശന്നു് ഒരു വീരശൃംഖലയും സമ്മാനിച്ചു.

5

# മേനോൻെറ അവസാനക്കയ്യ്

അഥവാ

ജാതകവും ഒത്തു

---

നേരം നട്ടുച്ച. വെയിലിൻെറ ചൂടുകൊണ്ടു സകല ജീവജാലങ്ങളും മയങ്ങിക്കിടക്കുന്ന സമയം. കുംഭമാസമായതിനാൽ പാടങ്ങളെല്ലാം ശൂന്യമായിരിക്കുന്നു. സമൃദ്ധിയും ദാരിദ്ര്യവും ഇടകലൎന്നുണ്ടാവുമെന്നുള്ള തത്വം അവ വിളിച്ചുപറയുന്നപോലെ തോന്നുന്നു. കിണറും കുളങ്ങളും തങ്ങൾക്കു ബാധിച്ചിട്ടുള്ള ക്ഷയം ഇനിമേൽ വൎദ്ധിച്ചുവരുമല്ലോ എന്നു വിചാരിച്ചു വ്യസനിക്കുന്നപോലെ അനങ്ങാതിരിക്കുന്നു. അടിയന്തിരകാൎയ്യങ്ങളുള്ളവരല്ലാതെ ആരും അപ്പോൾ വഴിനടക്കുന്നതു കാണാൻ പ്രയാസം. മിനക്കെടാതെ പണിയെടുക്കുന്ന ചില കൃഷിക്കാർമാത്രം അങ്ങുമിങ്ങുമായി അവരുടെ കന്നിനെ അടുത്തുള്ള പുഴയിലോ മറേറാ, ഇറക്കി തേച്ചുകഴുകിക്കൊണ്ടുപോകുന്നുണ്ടു്.

ഈ സമയത്തു മാനേരി പാടത്തിൻെറ വടക്കേഅററത്തുനിന്നു് ഒരാൾ തെക്കോട്ടു പോകുന്നുണ്ടു്. പോകുന്തോറും ഗതിക്കു വേഗം കുറയുകയാണു് ചെയ്യുന്നതു്. ചോലയിൽ കുമാരമേനോൻെറ ഈ പോക്കു് അയാളുടെ പൂൎവ്വചരിത്രം അറിയുന്നവരിൽ അത്ഭുതം ജനിപ്പിച്ചേ

ക്കാം. ഭാഗ്യലക്ഷ്മി അമ്മയും പന്തീരായിരവും പോയതോടുകൂടി സ്വൈരമായിരിക്കാമെന്നു കരുതിയ അദ്ദേഹത്തെ അച്ഛന്റെ മരുമകൾ കല്യാണിക്കുട്ടിയുടെ സ്മരണ കണക്കിലധികം അലട്ടാൻ തുടങ്ങി. അപ്പോഴാണു്, ആ പെണ്മണിയെ ഒന്നു കാണുവാൻ പുറപ്പെടുകതന്നെ എന്നു് അയാളുറച്ചതു്. ആ സമയത്തുതന്നെയാത്രയും ആയി. അച്ഛന്റെ വീട്ടിലേക്കു തനിക്കു ചെല്ലുവാനുള്ള അധികാരം ഏതുകാലത്തുമുണ്ടല്ലോ—അതോടുകൂടി കല്യാണിക്കുട്ടി (ഇപ്പോൾ കല്യാണിക്കുട്ടിഅമ്മയെന്നുതന്നെ പറയേണ്ട പ്രായമായിരിക്കുന്നു)യെ കാണുവാനും, ചില കാര്യങ്ങൾ ചോദിക്കാനും സാധിച്ചുവെങ്കിൽ അതുകൊണ്ടു നഷ്ടമൊന്നും വരാനുമില്ല. തരമുണ്ടെങ്കിൽ തന്റെ രണ്ടാം വിവാഹകാര്യത്തിൽ ഒരാലോചനയും ചെയ്യാം. ആദ്യം അന്തസ്സു പോരെന്നു വിചാരിച്ചു തള്ളിയ കൂട്ടത്തിലാകയാൽ ഈ പുതിയ ആലോചന കല്യാണിക്കുട്ടിയമ്മ സ്വീകരിക്കുമോ അതോ നിരസിക്കുമോ? നാട്ടിൽ തനിക്കു പെണ്ണുകിട്ടാതായപ്പോൾ മാത്രമേ ബന്ധുക്കളെ സ്മരിക്കയുണ്ടായുള്ളു എന്നു് ആയമ്മ പരിഹസിക്കാൻ തുടങ്ങിയാൽ എന്തു സമാധാനം പറയും? കല്യാണിക്കുട്ടിയ്ക്കു വേറെ വല്ലവരും ആലോചിക്കുന്നുണ്ടോ എന്നു് അന്വേഷിച്ചറിയാതെ തന്റെ കാര്യം എങ്ങിനെയാണു് എടുത്തു പറയുന്നതു്? ഈ വക ആലോചനയോടുകൂടിയാണു് കുമാരമേനോൻ ചുട്ടുവെയിലും കൂത്ത വരമ്പും, വകവെയ്ക്കാതെ നടക്കുന്നതു്. ആലോചനയുടെ മുറുക്കമാണു് ഇടക്കു നടത്തത്തിന്റെ മുറ[illegible]ന്നതു്. അച്ഛന്റെ വീടു് അടുക്കുംതോറും അ[illegible] ഏതുതരത്തിലാണു് ആദരി

MUL
165527
165527
38456
...ITY LIBR...
AUG 1955

ക്കുക എന്ന വിചാരം തന്റെ കാലിന്നെ പിന്നോക്കം പിടിക്കുന്നുണ്ടോ എന്നു് കുമാരമേനോന്നു സംശയംതോന്നി. ഒരു സംഗതി മേനോന്നു് അനുകൂലമായിട്ടുണ്ടു്, അതു് കല്യാണിക്കുട്ടിയുടെ വിവാഹം ഇനിയും കഴിഞ്ഞിട്ടില്ലെന്നുള്ളതാണു്. ഏതായാലും മേനവൻ പടിക്കലെത്തി. പടി കടക്കാനുറച്ചു...പടിയിന്മേൽ കയറിയിരുന്നു. അപ്പോൾ അച്ഛന്റെ സോദരി:—

"എന്താ വീടു് മാറിയെന്നു ശങ്കിച്ചിട്ടാണോ സംശയിച്ചു് പടി കടക്കുന്നതു്?" എന്നു ചോദിച്ചു. മേനവന്നു് ഉത്തരമൊന്നും പറയാൻ തോന്നിയില്ല. ചോദ്യം പുറപ്പെട്ട സ്ഥാനത്തേക്കു് ഒന്നു നോക്കുകമാത്രംചെയ്തു. തറവാട്ടമ്മ ലോക്യം കുറച്ചില്ല.

"കുമാരമേനോന്നു് ശങ്കകൂടാതെ വരാമെന്നുള്ള വീടാണല്ലോ ഇതു്." എന്ന ഉപചാരവാക്കുകൾകൊണ്ടു മേനവനെ എതിരേററു.

മേനവൻ ഒന്നുംമിണ്ടാതെ നേരെ നടന്നു കോലായിൽ ചെന്നിരുന്നു. "കാലു കഴുകാൻ വെള്ളം കൊണ്ടുവരാം" എന്നു പറഞ്ഞു തറവാട്ടമ്മ അകത്തേക്കുപോയി.

2

മുത്താഴം കഴിഞ്ഞു്, മുകളിലിരുന്നു രാമായണം വായിക്കുന്ന കല്യാണിക്കുട്ടിഅമ്മ "മൈഥിലി മയിൽപ്പേടപോലെ സന്തോഷംപൂണ്ടാൾ" എന്ന ഘട്ടത്തിലെത്തിയപ്പോഴാണു്, ചോട്ടിൽനിന്നു് അമ്മയുടെ ചോദ്യങ്ങൾ കേട്ടതു്. ഉടനെ കിളിവാതിലിൽകൂടെ പടിക്കലേക്കുനോക്കിയപ്പോൾ ആളേയും മനസ്സിലായി. അപ്പോൾ കുമാരേട്ട

ന്നെ കണ്ടു കുശലം പറവാൻ കല്യാണിക്കുട്ടിക്കു മടി തോന്നിയതിൽ ആരും അവളെ കുററപ്പെടുത്തുകയില്ല. അമ്മാവന്റെ മകനാണെങ്കിലും തന്നെ ഒരിക്കൽ സങ്കോചം കൂടാതെ തള്ളുവാൻ പുള്ളി മടിച്ചിട്ടില്ല. പിന്നീട് ഒരു സ്ത്രീയെ വിവാഹം ചെയ്തു്, ഗൃഹസ്ഥാശ്രമത്തിൽ കുറച്ചു കാലം ഇരുന്നു്, മനസ്സമുട്ടുകകയോ ഇച്ഛാഭംഗം വരികയോ ഉണ്ടായതിനാൽ ഇപ്പോൾ "ഒററ"യാണു് അദ്ദേഹം. തന്നെ നിരസിച്ച കാലം മുതല്ക്കു് യാതൊരു വ്യത്യാസവുമില്ലാത്ത സ്ഥിതിയാണു് കല്യാണിക്കുട്ടിയുടേതു്. ഇപ്പോഴത്തെ വരവു എന്തു് ഉദ്ദേശത്തോടുകൂടിയാണെന്നതും നല്ല വിവരമില്ല. ഇതാണു് സന്ദർഭം. തല്ക്കാലം താഴത്തേക്കു പോകാതിരിക്കുന്നതാണു് നല്ലതെന്നു കരുതി, കട്ടിലിന്മേൽ കയറി ഉറക്കം നടിച്ചു കിടന്നു. കുമാരേട്ടന്റെ വന്ന വരവിലുള്ള "പരുങ്ങ"ലെല്ലാം അവസാനിച്ചതിന്നു ശേഷം മെല്ലെ താഴത്തേക്കു പോകാമെന്നും ഉറച്ചു.

കള്ളഉറക്കം നടിച്ചു കിടക്കുന്ന കല്യാണിക്കുട്ടിയുടെ നാളതുവരെയുള്ള വത്തമാനം അറിയുവാൻ വായനക്കാൎക്കു കൌതുകമുണ്ടായിരിക്കും. കുമാരേട്ടൻ വന്ന വിവരം പറവാൻ ഒന്നു രണ്ടു പ്രാവശ്യം മുകളിലേക്കു കേറിച്ചെന്ന അമ്മ മകളുടെ ഉറക്കം കണ്ടു മടങ്ങി. ഇതൊന്നും അറിയാത്ത നാട്യത്തിൽ കിടക്കുന്ന കല്യാണിക്കുട്ടി അമ്മയുടെ ഉള്ളു് അപ്പോൾ ഉണർച്ചയോടുകൂടിത്തന്നെയായിരുന്നു ഇരുന്നതു്. പഠിപ്പും പരിഷ്കാരവും ഉള്ള കുമാരേട്ടൻ തന്നെ വിവാഹം ചെയ്യാനാഗ്രഹിക്കുമെന്നു് ആ ശുദ്ധഹൃദ-

യത്തിൽ ആദ്യകാലത്തു് ഒട്ടും വിചാരം തന്നെ ഉണ്ടായിട്ടില്ല. പക്ഷെ അമ്മയും മററുള്ളവരും തന്റെ പേരും കുമാരമേനോന്റെ പേരും കൂട്ടിച്ചേൎത്തു പറയാൻ തുടങ്ങിയ മുതല്ക്കു്, അദ്ദേഹവുമായിട്ടുള്ള സമ്പൎക്കത്തിൽ വിരോധവുമുണ്ടായിരുന്നില്ല. പക്ഷെ അതു സാധിക്കുന്ന കാൎയ്യത്തിൽ സംശയം ധാരാളമുണ്ടായിരുന്നു താനും.

അങ്ങിനെയിരിക്കുമ്പോഴാണു് ഭാഗ്യലക്ഷ്മിഅമ്മ കുമാരമേനോന്റെ ഭാൎയ്യാപദം അലങ്കരിച്ചതു്. ആ സംഭവത്തോടുകൂടി കല്യാണിക്കുട്ടി അമ്മയുടെ ആശ, അടിയോടെ അററു. പിന്നീടു കന്യകയായിത്തന്നെയാണു് ഇരിപ്പു്. ഇംഗ്ലീഷ് പഠിച്ചിട്ടില്ലെങ്കിലും, മലയാളപുസ്തകങ്ങൾ വായിക്കുന്നതിൽ തൃപ്തിവരാത്ത കൂട്ടത്തിലാണു്. ഒട്ടും ഏററമില്ലാത്ത ഒരു സ്വഭാവമാകയാൽ കല്യാണിക്കുട്ടിയുടെ ഹിതം നിറവേററാൻ ആ വീട്ടിൽ ആൎക്കും മടിയുണ്ടായിരുന്നില്ല. പുസ്തകങ്ങൾ വരുത്തി വായിക്കുക തന്നെയാണു് കാൎയ്യമായിട്ടുള്ള ജോലി. ഗൃഹകൃത്യങ്ങളെല്ലാം കഴിയുന്നതും വേഗത്തിൽ ചെയ്തു്, ബാക്കിയുള്ള സമയം മുഴുവനും പുസ്തകപാരായണത്തിന്നായി വിനിയോഗിക്കയാണു് പതിവു്. ഇങ്ങിനെ കഴിഞ്ഞുകൂടുമ്പോഴാണു് കുമാരമേനോനും ഭാഗ്യലക്ഷ്മിഅമ്മയും തമ്മിൽ പിണങ്ങിപ്പിരിഞ്ഞ വൎത്തമാനം നാട്ടിൽ പരന്നതു്. ജാതകം ഒക്കില്ലെന്ന ഒഴികഴിവു പറഞ്ഞു് ഒഴിച്ച രസികൻ വീണ്ടും ആലോചിക്കുവാൻ വരുമെന്നു വിചാരിക്കാൻ വഴിയില്ലെങ്കിലും മുജ്ജന്മബന്ധംകൊണ്ടോ എന്തോ കല്യാണിക്കുട്ടി അമ്മക്കു കുറച്ചു ദിവസമായി കുമാരമേനോന്റെ

സ്മരണ വിട്ടുപോകുന്നില്ല. സ്ത്രീയായ തനിക്ക് ആലോചിക്കയല്ലാതെ അതിലപ്പുറം ചെയ്യാൻ തരമില്ലാത്ത സ്ഥിതിയ്ക്കു വായനയിൽ ശുഷ്കാന്തി കൂടുകമാത്രമേ തല്ക്കാലം വികാരത്തിൻെറ ഫലമായുണ്ടായുള്ളു. ഭഗ്നപ്രേമം വിഷയമായിട്ടുള്ള കഥകളിൽതാല്പര്യവും അധികംകാണിച്ചു തുടങ്ങി. ഇങ്ങിനെയുള്ള ഘട്ടങ്ങളിൽ മനസ്സിനെ ആകർഷിക്കാൻ അധികം ശക്തി സന്ദേശകാവ്യങ്ങൾക്കാണെന്ന് ബോദ്ധ്യം വരികയാൽ "സന്ദേശം" എന്ന പേരുള്ള ഏതു പ്രബന്ധവും വായിക്കാതെ വിടാറില്ല. ഇത്തരത്തിൽ മനസ്സിനെ പ്രവർത്തിച്ചുകൊണ്ടു വരുമ്പോൾ കുമാരമേനോൻെറ പെട്ടെന്നുള്ള വരവു, കള്ളൊറക്കം നടിക്കുവാൻ കല്യാണിക്കുട്ടിഅമ്മയെ പ്രേരിപ്പിച്ചതിൽ അത്ഭുതമില്ലല്ലൊ.

3

അച്ഛൻെറ സോദരി കൊണ്ടുവന്ന വെള്ളം കൊണ്ടു കാൽ കഴുകി, കുമാരമേനോൻ കുറച്ചു നേരം കോലായപ്പടിയിന്മേലിരുന്നു. തല്ക്കാലം ക്ഷീണം തീർക്കാൻ ഉടനെ വേണ്ടതെന്താണെന്നുള്ള തറവാട്ടമ്മയുടെ ചോദ്യത്തിന്ന്, ഊണിൻെറ സമയം തെറ്റിയതിനാൽ ചായ മാത്രം മതിയെന്നു സമാധാനം പറഞ്ഞു. കുമാരമേനോൻ സംഭാഷണം ആരംഭിച്ചു.

തറവാട്ടമ്മ——അതുകൊണ്ടു തരക്കേടൊന്നുമില്ല. വേഗം ചോറുണ്ടാക്കാം——എളുപ്പത്തിലാവുന്നതു ചായയാകയാൽ അതു് ആദ്യം കൊണ്ടുവരാം. തെക്കിനിയിലായാൽ ചൂടിന്നു ഭേദമുണ്ടു്. ഒന്നു വിശ്രമിക്കുമ്പോഴെ

ക്ക ചായ തെയ്യാറാക്കാം എന്നുള്ള കുശലത്തോടുകൂടി അച്ഛൻെറ സോദരി അടുക്കളയിലേക്ക പോയി. വിവരങ്ങളെല്ലാം അറിഞ്ഞിരുന്ന ആയമ്മ ഭാഗ്യലക്ഷ്മിയെപ്പററി അന്വേഷണങ്ങൾ ചെയ്തു് കുമാരമേനോനെ ശല്യപ്പെടുത്താൻ ഒരുങ്ങിയില്ല.

കുമാരമേനോൻ "ഓ" എന്നു മാത്രം പറഞ്ഞു തെക്കിനിയിലും പ്രവേശിച്ചു. ഏതാനും കൊല്ലങ്ങൾക്കമുമ്പു് അതേ സമയത്തു് ആ തെക്കിനിയിൽ വെച്ചു തന്നെ തൻെറ വിവാഹ കാര്യത്തെപ്പററി അച്ഛൻെറ സോദരി സ്നേഹപൂർവ്വം ചെയ്ത അന്വേഷണങ്ങൾ താൻ അപ്പോൾ സ്മരിച്ചു. അന്നത്തെ അന്വേഷണങ്ങൾക്ക കാരണഭൂതയായിരുന്ന കല്യാണിക്കുട്ടി (മേനോൻ സ്നേഹംകൊണ്ടു് അങ്ങനെ വിളിച്ചാൽ തരക്കേടൊന്നുമില്ലല്ലൊ) അവിടെയെങ്ങാനും നില്ക്കുന്നുണ്ടോ എന്ന മേനോൻ വളരെ ശങ്കയോടുകൂടി കണ്ണോടിച്ചു നോക്കി. ഇച്ഛാഭംഗത്തോടുകൂടി ഒടുവിൽ തനിക്കിട്ടിരുന്ന പുല്പായയിൽ ഇരുന്നു. ഒരു സമയം കല്യാണിക്കുട്ടി മുകളിലാണെങ്കിൽ ഇറങ്ങിവരുമ്പോൾ കാണാൻ തരമാവുമെന്നു വിചാരിച്ചു കരുതിയിരുന്നു. കണ്ട ഉടനെ ചെയ്യേണ്ട കുശലങ്ങളെന്തൊക്കെയാണെന്നു് ആലോചിച്ചു ക്രമപ്പെടുത്താൻ ശ്രമിക്കുന്തോറും മേനോനു് അന്തം കിട്ടുന്നില്ല. താൻ അതുവരെ ആടിയ നാടകത്തെപ്പററി കല്യാണിക്കുട്ടി അറിയാതിരിക്കാൻ വഴിയില്ല. അതുനിമിത്തം തന്നെപ്പററി എന്തൊരഭിപ്രായമാണു് ഉണ്ടായിട്ടുള്ളതെന്നു് അറിയാതെ വല്ലതും കടന്നു ചോദിച്ചാൽ വഷളാവുമോ എന്നു് അദ്ദേ

ഹത്തിന്നു് സാമാന്യത്തിലധികം ഭയവുമുണ്ടു്. എന്തുതന്നെ യായാലും നേരിട്ടു കണ്ടു തൻെറ ആഗ്രഹം പറയാതെ പോകയില്ലെന്നു് ഉറച്ചു. വേറെ വല്ല ആലോചനകരം ഉണ്ടെങ്കിൽത്തന്നെ അമ്മാവൻെറ മകനായ തൻെറ അവ കാശം കഴിഞ്ഞല്ലാതെ ബാക്കിയാകും ഇല്ലെന്നു വാദിക്കു വാനും വക്കീലായ അദ്ദേഹം ആലോചിക്കാതിരുന്നില്ല.

കുമാരമേനോൻെറ വരവു വെറുതെയാവില്ലെന്നു് ഏ കദേശം ഊഹിച്ചറിഞ്ഞ കല്യാണിക്കുട്ടിയുടെ അമ്മ മക ളെ കുമാരമേനോൻെറ മുമ്പിൽചാടിക്കാൻ സ്ത്രീസഹജമാ യ സാമത്ഥ്യത്തോടു കൂടി ചില പൊടിക്കൈകരം തുടങ്ങി. "കല്യാണിക്കുട്ടി! പഞ്ചസാര കൊണ്ടുവാ, മോളിൽ കൂട്ടിലി രിക്കുന്ന കോപ്പകരം കൊണ്ടുവാ" എന്നിങ്ങിനെ വിളിച്ചു് ആജ്ഞകരം ചെയ്തുതുടങ്ങി. മുകളിൽ രണ്ടു പ്രാവശ്യം പോ യെങ്കിലും കോപ്പയും മററും എടുക്കാതെ തന്നെയാണു് ക ല്യാണിക്കുട്ടിയുടെ അമ്മ ഇറങ്ങിപ്പോന്നതു്.

അമ്മയുടെ വിളികൊണ്ടു കല്യാണിക്കുട്ടിയമ്മക്കു കി ടക്കപ്പൊറുതിയില്ലാതായി. കള്ളൊറക്കം ഉണരാതെ തര മില്ലെന്ന ഘട്ടത്തിലെത്തി. വിളി അധികമാവുന്നേടത്തോ ളം കുമാരമേനോനു സന്തോഷവുംസംഭ്രമവും തുടങ്ങി. കോ ണിക്കൽ വന്നു കല്യാണിക്കുട്ടിയമ്മ തെക്കിനിയിലേ ക്കു് എത്തി നോക്കിയപ്പോരം കുമാരേട്ടൻ അവിടെ ഇ രിക്കുന്നതു കണ്ടു. അമ്മയുടെ സൂത്രം മനസ്സിലായി. ഇറങ്ങാൻ മടിച്ചു വീണ്ടും എത്തിനോക്കി. "കോപ്പയും കൊണ്ടു കല്യാണിക്കുട്ടി ഇപ്പോഴിറങ്ങും, ഇപ്പോഴിറങ്ങും"

എന്നോർത്തു് കോണിക്കലേക്കു് കണ്ണിമക്കാതെ നോക്കിക്കൊണ്ടാണു് കുമാരമേനോന്റെ ഇരിപ്പു്. വരവു കാണാഞ്ഞപ്പോൾ ക്ഷമയില്ലാതെയായി പായയിൽ കിടന്നു. അപ്പോൾ കോണിയുടെ മേലെപ്പടിയിന്മേൽ ആരുടേയോ കാൽ കണ്ടപോലെ തോന്നി. ആ നില്ക്കുന്നതു് തന്റെ പ്രേമഭാജനം തന്നെ ആയിരിക്കും എന്നു കരുതി എന്തുവന്നാലും വേണ്ടതില്ല എന്ന ഭാവത്തിൽ, ധൈര്യത്തോടുകൂടി കോണിച്ചോട്ടിലേക്കു ചെന്നു. "ഞാൻ ഇവിടെയുള്ളതുകൊണ്ടാണോ ഇറങ്ങാൻ മടി?" എന്നു ചോദിച്ചു.

കല്യാണിക്കുട്ടിയമ്മ—ആ: ഇപ്പോൾ കുറച്ചൊക്കെ ശങ്കിക്കേണ്ട കാലമല്ലേ? പിന്നെ ഈ "അവലക്ഷണം" മുമ്പിൽ ചാടിവീണു് സൈപരം കൊടുക്കേണ്ട എന്നും വിചാരിച്ചു.

കുമാര—കല്യാണിക്കുട്ടി അങ്ങിനെ പറയരുതു്. എനിക്കു കല്യാണിക്കുട്ടിയോടു ചിലതൊക്കെ ചോദിക്കാനും പറയാനുമുണ്ടു്.

കല്യാണിക്കുട്ടി—ഇപ്പോൾതന്നെ പോവ്വായൊ? ചായ കുടിക്കാൻ കൂടി സമയം ഇല്ലെന്നുണ്ടോ?

കുമാര—ഇനി കല്യാണിക്കുട്ടി പോവാൻ പറഞ്ഞാലേ പോകയുള്ളു.

കല്യാണി—അതുണ്ടാവില്ല.

എന്നും പറഞ്ഞു് ഇറങ്ങിപ്പോയി. കുമാരമേനോനു് പരിഭ്രമവും തീൎന്നു.

5

കുമാരമേനോനു് ചായ കല്യാണിക്കുട്ടിയമ്മതന്നെ കൊടുക്കേണ്ടിവന്നു. ഞാൻ വേഗം ഒരു ചോറും ഒരുക്കൂട്ടാ

നം ഉണ്ടാക്കട്ടെ. നീ ഈ ചായ കൊണ്ടുപോയി കൊടുത്തു്, കൂട്ടിൽ നിന്നു കുറച്ചുകൊണ്ടാട്ടം എടുത്തുകൊണ്ടുവാ" എന്നു് അമ്മ പറഞ്ഞപ്പോൾ കല്യാണിക്കുട്ടിക്കു് മുടക്കം പറയാൻ നിവൃത്തിയില്ലാതെയായി. അന്തർജ്ജനത്തിയും ബാക്കിയുള്ളവരും അടുത്തൊരു സദ്യക്കു പോയിരുന്നതിനാൽ മററൊരാളെ ഏല്പിക്കാനും തരമില്ലാതെ വന്നു.

ചായ വച്ചു കല്യാണിക്കുട്ടിയമ്മ പോവാൻ തുടങ്ങിയപ്പോൾ,

കുമാര——പിന്നെ, ഞാൻ കല്യാണിക്കുട്ടിയോടു വലിയൊരപരാധമാണു് ചെയ്തിട്ടുള്ളതു്; ക്ഷമിക്കണം.

കല്യാണി——എന്റെ നേക്കു് എന്തു കുററമാണു് ചെയ്തിട്ടുള്ളതു? പുരുഷന്മാർ സ്വതേസ്വതന്ത്രന്മാരല്ലേ? അവരുടെ ഇഷ്ടം നോക്കി നില്ക്കാനല്ലേ മററുള്ളവൎക്കു് അധികാരമുള്ളു?

കുമാര——ആ സ്വാതന്ത്ര്യം തന്നെയാണു് എനിക്കു് അനൎത്ഥങ്ങളൊക്കെയുണ്ടാക്കിയതു്. അല്ലെങ്കിൽ കല്യാണിക്കുട്ടിയും ഞാനും——എന്നുപറഞ്ഞു് തുടരാൻ കഴിയാതെ നിൎത്തി.

കല്യാണി——എന്തേ അവിടെ നിൎത്തിയതു്? എന്നെയും കുമാരേട്ടനേയും ഒരേ നാവുകൊണ്ടു പറയാൻ പാടുണ്ടോ?

കുമാര——ഒരിക്കലും പാടില്ല. "കല്യാണിക്കുട്ടി" എന്ന പഞ്ചാക്ഷരം ഒരിക്കൽ ജപിച്ചാൽ പിന്നെ ആ നാവുകൊണ്ടു കുമാരനെന്നു പറഞ്ഞാൽ പാപമുണ്ടാകും. പക്ഷെ ആ നിമിഷത്തിൽ തന്നെ ആ പഞ്ചാക്ഷരം ഒരിക്കൽ കൂടി ജപിച്ചാൽ പ്രായശ്ചിത്തമായി.

കല്യാണി—നിങ്ങളൊക്കെ വിദ്യാസമ്പന്നന്മാരാണ്. ഏതു തരത്തിലും സംസാരിക്കാം. പോരെങ്കിൽ വക്കീലുമാണല്ലൊ. എൻെറ കഥ "മാനോടൊത്തുവളൎന്നു.. ... എന്നപോലെയല്ലേ? "നാഗരികാംഗനാരസികന്മാരായ" നിങ്ങൾക്കൊക്കെ ഇങ്ങിനെ എന്നോട് രണ്ടു വാക്കു പറയാൻ തോന്നുന്നതു തന്നെ എൻെറ ഭാഗ്യമല്ലേ?

കുമാര—ഞാൻ എൻെറ മുമ്പിൽ ഇപ്പോൾ നില്ക്കുന്ന നാഗരികാംഗനയിലല്ലാതെ വേറെ ഒരാളിലും ഇനി മനസ്സു ചെലുത്തുന്നതല്ല. എൻെറ കഥ മുഴുവൻ അറിഞ്ഞിട്ടും എന്നിൽ വെറുപ്പുകാണിക്കാതിരിക്കുന്ന ഈ മനോഗുണം അല്ലേ യഥാൎത്ഥനാഗരികതയുടെ ലക്ഷണം?

കല്യാണി—ഇന്ന് അങ്ങിനെയായിരിക്കും. നാളത്തെ സ്ഥിതിയെന്തോ? ഒരാളെ തള്ളിക്കളഞ്ഞില്ലേ?

കുമാര—കഴിഞ്ഞ കഥ വിസ്തരിച്ചു കല്യാണിക്കുട്ടി എന്നെ കളിയാക്കരുത്. "സൎവ്വാപരാധം ക്ഷമസ്വ" എന്നേ എനിക്കു പറവാനുള്ളു. എന്നെ ഉപേക്ഷിക്കരുത്.

കല്യാണി—(മന്ദഹസിച്ച്) ഇപ്പോൾ ജാതകം ഒത്തുവോ?

കുമാര—അതെന്തെങ്കിലുമാകട്ടെ. മനസ്സൊത്തു. അതാണ് കാൎയ്യം.

കല്യാണി—എനിക്കു പൂൎണ്ണ പകുതി സമ്മതമാണ്. ഇപ്പോൾ മുഴുവനും ആയി. അല്ലാ, ചായ കുടിച്ചില്ലേ? മേനവൻ തന്നെത്താനെ അഭിനന്ദിച്ചു ചായകുടിച്ചു.

മംഗളോദയം മാസിക (1105 വൃശ്ചികം)

---

6

# ആ നോട്ടം.

എറണാകുളം വണ്ടി ഷൊറണ്ണൂറിൽ എത്തി. അതിലുണ്ടായിരുന്ന യാത്രക്കാരിൽ ചിലർ മേൽപാലം കടന്നു പാലക്കാടൻ വണ്ടിവന്നു നിൽക്കുന്ന പ്ളാററുഫോറത്തിലേയ്ക്കു തിക്കിത്തിരക്കി ഓട്ടം തുടങ്ങി. ഉടമസ്ഥന്മാരെ നോക്കാതെ സാമാനമെടുത്തു പായുന്ന കൂലിക്കാർ ഒരാളുടെ പെട്ടിയും മറെറാരാളുടെ കിടക്കയും ഇങ്ങിനെ മാററി മറിച്ചു വയ്ക്കുന്ന കൂട്ടത്തിൽ യാത്രക്കാർ അവരോടു കലശൽകൂട്ടി കൂലിതീർച്ചയാക്കുന്ന കശപിശ അങ്ങനെയും നടക്കുന്നു. അതിന്നിടയിൽ ചായ, കാപ്പി, സോഡാ, ലമനേഡ്, ഇളന്നീർ എന്നു കൂകി വിളിച്ചുകൊണ്ടു് അങ്ങനെയൊരു കൂട്ടം. ഹിന്ദുപേപ്പർ, മദ്രാസ്മെയിൽ, മാതൃഭൂമി, വികടൻ എന്നീ പത്രപ്പേരുകൾ പറഞ്ഞുകൊണ്ടു് ഒരു കൂട്ടം പിള്ളരും അവരുടെ കൃത്യം നിർവ്വഹിയ്ക്കുന്നുണ്ടു്. ഇവരെയൊന്നും വകവെയ്ക്കാതെ വട, മുറുക്കു്, പലഹാരം, ചുക്കുവെള്ളം എന്നു് ഉരുവിട്ടുകൊണ്ടു്, പിണച്ച കമ്പികൊണ്ടു മൂടീട്ടുള്ള ഒരു മരപ്പെട്ടി തലയിലേററി പലഹാരം വാങ്ങുന്നവർക്കു ചുക്കുവെള്ളം കൊടുത്തും അല്ലാത്തവർ വെള്ളം ചോദിച്ചാൽ കേൾക്കാത്ത ഭാവം നടിച്ചും ഒരു വയറൻസാമിയും ഈ തിരക്കിനിടയിൽ ജനങ്ങളുടെ ശ്രദ്ധയെ ആകർഷിയ്ക്കുന്നുണ്ടു്.

പെട്ടി പ്ലാററുഫോറത്തിലിട്ട് അതിന്മേൽ കയറിയിരിയ്ക്കുന്ന അരവിന്ദാക്ഷമേനോനെ ഈ കോലാഹലങ്ങളൊന്നും ബാധിക്കുന്നില്ല. എങ്ങനെ ബാധിക്കും? ചുററുമുള്ള ലോകത്തെ വിസ്മരിക്കത്തക്ക എന്തോ ഒന്ന് അദ്ദേഹത്തിന്റെ ഉള്ളിൽ കിടന്നു മറിയുന്നുണ്ട്. നമുക്ക് അദ്ദേഹത്തിന്റെ ഉള്ളു കള്ളി പരിശോധിച്ചു നോക്കാം.

മേനോൻ ഇപ്പോൾ ബി. എ. വിദ്യാർത്ഥിയാണ്. വിദ്യാർത്ഥിയാണെങ്കിലും അവിടുന്നങ്ങോട്ടുള്ള ജീവിതത്തിലേക്കു കടക്കുവാൻ തഞ്ചവും തരവും നോക്കാൻ തുടങ്ങിയിരിക്കുന്നു. താൻ കുട്ടിക്കാലം മുതല്ക്കേ പരിചയിച്ച പങ്കജാക്ഷിയെ ഇക്കാലത്തു സ്മരിക്കുന്നതു് ശക്തിയേറിയ ഒരു വികാരത്തിന്നധീനനായിട്ടാണ്. പണ്ട് ഒരു കരുന്നായിരുന്ന ആ മോഹനാംഗി ഇപ്പോൾ ഒരു വല്ലിയായിരിയ്ക്കുന്നു. അമ്മിണിക്കുട്ടിക്കു് (പങ്കജാക്ഷിയുടെ ഓമനപ്പേരു്) ചെറുപ്പം വിട്ടു യൗവനത്തിലെത്തുന്നതിന്നിടയിലുണ്ടായിട്ടുള്ള അവസ്ഥാഭേദങ്ങളും അവളുടെ അവയവങ്ങൾ ഒന്നിനൊന്നു് മികച്ചുവളർന്നുവന്നതിലുണ്ടായ സൗഭാഗ്യവിശേഷവും മേനവന്നു കണ്ണുകൊണ്ടു ആസ്വദിക്കുവാൻ തരമായിട്ടില്ലെങ്കിലും അതുകൊണ്ടുള്ള ന്യൂനത അദ്ദേഹത്തിന്റെ സങ്കല്പശക്തി പരിഹരിച്ചുവരുന്നുണ്ട്. പിന്നെ തന്റെ മററുബന്ധുക്കളിൽ നിന്നും കേട്ടറിഞ്ഞ വിവരം അതിനെ ഉജ്ജ്വലിപ്പിക്കുന്നതുമുണ്ട്. ഇക്കാലത്തുള്ള വർത്തമാനചിത്രങ്ങളോ പത്രസംഘങ്ങളോ എന്തോ ഇക്കാര്യത്തിൽ മേനവനോട്ട് കിടപിടിയ്ക്കുമെന്നു തോന്നുന്നില്ല.

അമ്മിണിയ്ക്കു് അല്പമായ തലനോവുണ്ടായാലോ, പതിവുപ്രകാരമുള്ള കുളിയ്ക്കു വല്ല സംഗതിവശാല്പം താമസം നേരിട്ടാലൊ അവൾ വിശേഷവിധിയായി ചാന്തുകുത്തുകയോ കസവുമുണ്ടുടുക്കുകയോ ചെയ്താലോ, കാപ്പിക്കു് പകരം കൊക്കൊ കുടിച്ചാലോ, പത്തുമണിയ്ക്കുറങ്ങുന്നതു പന്ത്രണ്ടുമണിയ്ക്കായാലോ, എന്നു വേണ്ട അവളുടെ ദിനചര്യയിൽ വല്ല ഇനത്തിനും നീക്കുപോക്കുണ്ടായാലോ, അതു് ഒന്നിനു് പത്താക്കി വർണ്ണിച്ചു് അപ്പഴപ്പൊഴേ കുമ്പിയില്ലാക്കമ്പി മൂലമായി മേനവനു് അറിവു കിട്ടും. മേനവൻ അതു കേട്ടാൽ ആലോചിച്ചുകൊണ്ടിരുന്ന തന്റെ 'നേമ'ങ്ങളിൽ ചിലതു മുടക്കുകയും ചെയ്യും. അടുത്ത ക്ഷണത്തിൽ ആശ്വാസകരമായ വിവരം കിട്ടുന്നതുവരെ സ്വസ്ഥനായിരിയ്ക്കുകയുമില്ല.

ഇങ്ങനെ ഏഴെട്ടുകൊല്ലമായി കഴിയുന്നു. കൊമ്പത്തുള്ള കായ് പഴുത്താൽ പിന്നെ അതു് അധികകാലം അതിന്മേൽ നിൽക്കുകയില്ലെന്നു് മേനവന്നറിയാം. പഴം നല്ലതാണെങ്കിൽ പലരുടെ കണ്ണും അതിൽ പതിയാതെയിരിക്കയുമില്ല. ആവശ്യക്കാർ അധികമായാൽ അതിസമർത്ഥൻ കാര്യം കൈക്കലാക്കിയെന്നു വരും. അതുകൊണ്ടു് ഉദാസീനനായിരിയ്ക്കുന്നതു് എന്തുകൊണ്ടു നോക്കിയാലും ഉചിതമല്ലെന്ന ഘട്ടമെത്തി. മേനവനു് വിദ്യാലയജീവിതം ഇനിയും ഒരു കൊല്ലം നീട്ടേണ്ടതായിട്ടാണിരിക്കുന്നതു്. അത്രത്തോളം ക്ഷമിച്ചിരുന്നാൽ കലാശം എങ്ങനെയാകുമെന്നു് ആരുകണ്ടു? ഉള്ളിലുള്ള മോഹം പരസ്യ

മാക്കിയാൽ "രുദ്രാക്ഷമാല കഴുത്തിലും മറെറാന്നു മനസ്സിലും" എന്ന തരത്തിൽ തൻെറ വിദ്യാൎത്ഥിജീവിതത്തെക്കുറിച്ചു മററുള്ളവർ കളിയാക്കിയാലോ എന്നു മേനവന്നു് ഭയമുണ്ടു്. ക്രമേണ ഈ വക ഭയാശങ്കകളെ തട്ടിനീക്കാനുള്ള ശക്തി മേനവൻെറ വികാരത്തിന്നുണ്ടായി. ഇരുകൂട്ടരുടേയും ബന്ധുവായ ഒരു അമ്മായിയെ ശരണം പ്രാപിച്ചു് അമ്മിണിയെ തൻെറ ആഗ്രഹം അറിയിയ്ക്കാനുറച്ചു. പഠിച്ചുമതിയാക്കി താൻ വല്ല ജോലിയിലും പ്രവേശിയ്ക്കുന്നതുവരെ കാത്തിരിയ്ക്കണമെന്നുള്ള അപേക്ഷയും മേനവൻെറ നിവേദനത്തിലുൾപ്പെട്ടിട്ടുണ്ടു്. രണ്ടിലൊരുമറുപടി കിട്ടണമെന്നു ബന്ധു തിരക്കിയപ്പോൾ അമ്മിണി അല്പം കുഴങ്ങി. കേട്ടുകേൾവിയല്ലാതെ കണ്ടുപരിചയം ഇല്ലാത്തതുകൊണ്ടു് 'ഞാനെന്താണു് പറയേണ്ടതു്?' എന്നു് അമ്മിണി സങ്കോചം ഭാവിച്ചപ്പോൾ കുഞ്ഞുക്കുട്ടിയമ്മ കിണഞ്ഞുകൂടി. അമ്മിണിയുടെ അമ്മാവൻെറ മകളും മേനവൻെറ അമ്മായിയും ആയ കുഞ്ഞുക്കുട്ടിയമ്മയ്ക്കു അമ്മിണിയുടെ കാര്യത്തിൽ ചില സ്വാതന്ത്ര്യങ്ങൾകൈക്കൊള്ളാവുന്നതുമാണല്ലോ. 'എന്നാൽ ഇക്കുറി കോളേജുപൂട്ടിപോകുമ്പോൾ ഇവിടെ ഇറങ്ങാൻ എഴുതട്ടെ?' എന്ന ചോദ്യത്തിനു് 'ഓ, അപ്പോഴേയ്ക്കും ജ്യേഷ്ഠനും വരും' എന്നു് അൎദ്ധസമ്മതമല്ല, പൂൎണ്ണസമ്മതം തന്നെ കിട്ടി. ഉടനെ ആ വിവരം മേനവന്നു് എത്തി. വെക്കേഷൻ തുടങ്ങുന്നതിൻെറ തലേദിവസംതന്നെ മേനവൻകൂടെ താമസിയ്ക്കുന്നവരോടു യാത്ര പറയുവാനുംകൂടി നില്ക്കാതെ പുറപ്പെട്ടു.

കുഞ്ഞുകുട്ടിയമ്മയുടെ കത്തിൽ ആവശ്യപ്പെട്ടപ്രകാരമുള്ള ഇറക്കത്തിലാണു് ഷൊറണ്ണൂർ സ്റ്റേഷനിൽവെച്ചു നാം മേനവനെ കാണുന്നതു്. സന്ദർഭഗൗരവം അദ്ദേഹത്തെ ചിന്താമഗ്നനാക്കിയതിൽ അത്ഭുതമില്ല. മേനോൻ അങ്ങോട്ടോ ഇങ്ങോട്ടോ എന്നുറയ്ക്കുണ്ട ഘട്ടമായി. 'വേണമെങ്കിൽ കയറിക്കൊൾവിൻ' എന്നു കൂക്കിവിളിച്ചുകൊണ്ടു പാലക്കാടൻ വണ്ടിയുമെത്തി. മേനവന്റെ മുഖദർശനം കാത്തിരിക്കുന്നവരെ സന്തോഷിപ്പിക്കണമെങ്കിലും തന്റെ ഉള്ളിൽ കുടികൊണ്ടിരിക്കുന്ന കോമളാംഗിയെ കൺനീറയെ കാണുവാനുള്ള മേനവന്റെ കൊതി സാധിക്കണമെങ്കിലും പടിഞ്ഞാട്ടുപോകുന്ന ആ വണ്ടിയിൽ കയറണം. അതല്ലെങ്കിൽ അരമണിക്കൂർ താമസിച്ചുവരുന്ന വണ്ടിയിൽ കയറി കിഴക്കോട്ടുപോയാൽ മേനവന്റെ വീട്ടിലെത്താം. വണ്ടിവരുന്ന വേഗത്തിൽതന്നെ സന്ദേഹം തീക്കാൻ ആ പാവം കുറച്ചുവിഷമിക്കുകയാണു്. മുൻകൂട്ടിക്കണ്ടറിഞ്ഞു കരാംകൊടുത്തുകഴിഞ്ഞ കാമിനീകാമുകന്മാർ പിന്നീടുള്ള അവരുടെ സന്ദർശനത്തിൽ അത്യത്സുകരാവുന്നതു സ്വാഭാവികമാണു്. മേനവന്റെ സ്ഥിതി അതല്ല. അമ്മിണിക്കുട്ടിയെയല്ലാതെ അമ്മിണിഅമ്മയെ ആ യുവകാമുകൻ കാണുകയുണ്ടായിട്ടില്ല. എട്ടുകൊല്ലംകൊണ്ടു് ആ കമനീയവിഗ്രഹത്തിനു് വന്നിട്ടുള്ള വേഷപ്പകർച്ച എത്ര സങ്കല്പിച്ചാലും മനസ്സിലാക്കാവുന്ന ഒന്നല്ല. ഇങ്ങോട്ടുകണ്ട ഓർമ്മയില്ലെന്നാണു് അറിയിച്ചിട്ടുള്ളതും. ചുരുക്കത്തിൽ ഒരു വൈവാവോസി (Vivavoce പരീക്ഷകന്റെ മുമ്പിൽ നിന്നുള്ള ചോദ്യോത്തരപരീക്ഷ)ക്കു് പോകുമ്പോഴുണ്ടാവാവു

ള്ളതിൽ പത്തിരട്ടി സങ്കോചസംഭ്രമങ്ങൾ അപ്പോൾ മേനവനെ ആക്രമിച്ചുവെന്നുപറഞ്ഞാൽ കഴിഞ്ഞല്ലൊ.

"എജമാനൻ ഈ വണ്ടീയ്ക്കല്ലേ?" എന്നു പോർട്ടർ അടുത്തുചെന്നു ചോദിച്ചപ്പോൾ മേനവനു് പരിതഃസ്ഥിതികളുടെ ബോധമുണ്ടായി. ഒരുവിധം അദ്ദേഹം വണ്ടിയിൽ ചാടിവീണു. വണ്ടി പടിഞ്ഞാട്ടോട്ടേയ്ക്കു പാച്ചിലും തുടങ്ങി. മേനോൻ സ്റ്റേഷൻ ഓരോന്നായി നോക്കിത്തുടങ്ങി. ചിലപ്പോൾ വണ്ടിക്കു വേഗം പോരെന്നു തോന്നിയെങ്കിലും ചിലപ്പോൾ അതു കുറെ പതുക്കെപ്പോയാലും മതിയെന്നു തോന്നാതിരുന്നില്ല. മേനോൻ എന്തു വിചാരിച്ചാലും വണ്ടി അതിൻെറ പാട്ടിനുതന്നെ പോകുന്നുണ്ടു്. മേനോനെപ്പോലെതന്നെ മററു ചിലരും ആ വണ്ടിയിൽ ഉണ്ടാകാമല്ലോ.

2

ഏകദേശം പകൽ നാലുമണിയ്ക്കു് അരവിന്ദാക്ഷമേനോൻ ഇറങ്ങേണ്ട സ്റ്റേഷനിൽ വണ്ടിയെത്തി. വണ്ടിയിൽ പോകുമ്പോൾ ആ സ്റ്റേഷൻ കണ്ടിട്ടുള്ളതല്ലാതെ അവിടെ നമ്മുടെ നായകൻ മുമ്പിറങ്ങീട്ടില്ല. സ്റ്റേഷൻെറ അടുത്തു താമസിയ്ക്കുന്ന അമ്മിണിയുടെ കുടുംബത്തിൻെറ സകല വിവരങ്ങളും അതിനും സ്റ്റേഷനും ഇടയ്ക്കുള്ള ഭൂപ്രകൃതിയുടെ സ്വഭാവവും സർവ്വേ പ്ളാനുംകൂടി എന്നുതന്നെ പറയാം—കുഞ്ഞിക്കുട്ടിയമ്മയുടെ കത്തിലടങ്ങിയ വിവരണത്തിലുണ്ടു്. വണ്ടി അധികം നിൽക്കാത്ത സ്റ്റേഷനായതുകൊണ്ടു മേനോൻ സ്വാസ്ഥ്യം കൈക്കൊണ്ടു വേ

ഗത്തിലിറങ്ങി. തൻെറ സാമാനമെല്ലാം എടുക്കാനായി കൂലിക്കാരനെ ഏൽപ്പിച്ചു. മേനോൻ നേരെ സ്റ്റേഷൻ മാസ്റ്ററുടെ മുറിയിലേയ്ക്കു ചെല്ലുകയാണുണ്ടായതു്. അപ്പോഴേക്ക സാമാനങ്ങളും കൊണ്ടു് കൂലിക്കാരനും കൂടെയെത്തി.

"പെൻഷൻ ഇൻസ്പെക്ടർ കുഞ്ഞുണ്ണിമേനോൻെറ വീട്ടു് ഇവിടെ അടുത്തല്ലേ?"

എന്നു അദ്ദേഹം സ്റ്റേഷൻമാസ്റ്ററോടു ചോദിക്കുന്നതു കേട്ടപ്പോൾ കൂലിക്കാരൻ 'എനിക്കറിയാം; എജമാനനേ?' എന്നു പറകയാൽ ഉടനെ അയാൾ അവൻെറ നേക്കു തിരിഞ്ഞതുകൊണ്ടു് അപ്പോൾ അത്ഥഗർഭമായി മാസ്റ്റർ മന്ദഹസിച്ചതു് അയാൾ കണ്ടിരിയ്ക്കാനിടയില്ല. സാമാനങ്ങളുടെ കൂട്ടത്തിൽ തൻെറ ഒരു ചെറിയപെട്ടി കാണാത്തതിനാൽ 'എടോ, ഒരു പെട്ടി ഇതിലില്ലല്ലോ' എന്നു മേനോൻ അല്പം പരിഭ്രമം പ്രകടിപ്പിക്കുകയുണ്ടായി. തൻെറ കാമിനിക്കു പ്രഥമ സംഭാവനയ്ക്കായി കരുതിയ സാധനങ്ങളൊന്നും പോയപെട്ടിയിൽ ഇല്ലാത്തതുകൊണ്ടു അതിനെപ്പററി അപ്പോൾ അദ്ദേഹം സാരമായി ഗണിച്ചില്ല. ഉടനെ കൂലിക്കാരനോടു് 'ആട്ടെ, സാരമില്ല; നീ മുമ്പേ നടക്കു്' എന്നു പറഞ്ഞു. അവൻ മുമ്പിലും മേനോൻ പിമ്പിലുമായി യാത്ര തുടങ്ങി. സ്റ്റേഷനിൽ നിന്നിറങ്ങുന്നതു് ഒരു പാടത്തേയ്ക്കാണു്. പാടത്തിറങ്ങിയ ഉടനെ മേനോൻ കൂലിക്കാരനോടു് "എടോ, കുഞ്ഞുണ്ണിമേനോൻെറ വീട്ടിലേക്കു എത്ര ദൂരമുണ്ടു്?" എന്നു ചോദിച്ചു.

'അതാ, ആ കാണുന്ന മാളികവീടാണു്" എന്നു് അവൻ ചൂണ്ടിക്കാണിച്ചു. കുഞ്ഞുണ്ണിമേനോൻെറ വീട്ടിൽ നിന്നു നോക്കിയാൽ വണ്ടിയിറങ്ങി വരുന്നവരെ നല്ലവണ്ണം കാണാം. പക്ഷെ, പടിക്കലെത്തിയാൽ വഴി രണ്ടായി പിരിയുന്നതുകൊണ്ടു് അങ്ങോട്ടുള്ളവരെ പടികയറിയാൽത്തന്നെ അറിയാൻ സാധിയ്ക്കുയുള്ളൂ. ഇൻസ്പെക്ടരുടെ വീടാണു് ആ ദിക്കിലുള്ള ഒരു പ്രധാനതറവാട്ടു്. ആ നാട്ടുപ്രദേശത്തു് നല്ല നിലയിൽ കഴിയുന്നവർ ചുരുക്കമാകയാൽ വലിയപെട്ടിയും കിടപ്പുസാമാനങ്ങളുമായി സ്റ്റേഷനെൻറ പിൻവശത്തുള്ള വയലിലേയ്ക്കു് ആരെങ്കിലും ഇറങ്ങുന്നതു് കണ്ടാൽ അവർ ഇൻസ്പെക്ടരുടെ വീട്ടിലേയ്ക്കാണെന്നു് ഏകദേശം തീർച്ചപ്പെടുത്താം. ഒരു വണ്ടിവന്നാൽ കുഞ്ഞുണ്ണിമേനോൻെറ വീട്ടിലുള്ളവരുടെ ദൃഷ്ടി സ്റ്റേഷനു നേരെ തിരിയുന്നതും അവിടത്തെ ഒരു പതിവാണു്. വണ്ടിയുടെ ശബ്ദം കേട്ട നിമിഷത്തിൽ മുകളിലുള്ള ജനവാതില്ക്കൽ അമ്മിണിക്കുട്ടിയും കുഞ്ഞുകുട്ടിഅമ്മയും അണഞ്ഞുകൂടീട്ടുണ്ടു്. പെട്ടിയും സാമാനങ്ങളും, അവയുടെ പിന്നാലെ നാടൻമട്ടിലല്ലാതെയുള്ള വേഷത്തിൽ ഒരാളും പാടത്തിൻെറ അങ്ങേഅററത്തിറങ്ങുന്നതു് കണ്ടപ്പോൾ ഒന്നുനോക്കി അമ്മിണിക്കുട്ടി മാറിയെങ്കിലും കുഞ്ഞുകുട്ടിയമ്മ കിളിവാതിൽ വിട്ടൊഴിഞ്ഞില്ല, സ്റ്റേഷനിൽ നിന്നു വീട്ടിലേയ്ക്കുള്ള ഒരു വരമ്പുദൂരം നടക്കുന്നതിനിടയ്ക്കു ആ സഞ്ചാരി ഒന്നുരണ്ടുപ്രാവശ്യം ഇരിക്കുന്നതും വീട്ടിലേയ്ക്കു തുറിച്ചുനോക്കുന്നതും കണ്ടപ്പോൾ കുഞ്ഞുകുട്ടിയമ്മയ്ക്കു സംശയം തീൻ. "അമ്മിണീ! അടുക്കുന്തോറും ഒരു പരുങ്ങലു

ണ്ടു്. ഇതാ നോക്കൂ. ദൂരെക്കാണുമ്പോഴേക്കു് ഇങ്ങനെ പരിഭ്രമിയ്ക്കുവാൻ തുടങ്ങിയാൽ ഇനി അടുത്തുവരുമ്പോഴത്തെ കഥയെന്താണു്? ഞാൻ താഴത്തേയ്ക്കുപോകട്ടെ. അമ്മിണി ഇവിടെത്തന്നെ ഇരിക്കയാണോ? നല്ല പരിചയമുണ്ടായിട്ടു ഞാനേ ഇവിടെയുള്ളൂ. "ഞാൻ 'ലോക്യം' പറയാൻ പോകട്ടെ" എന്നു കുഞ്ഞുക്കുട്ടിയമ്മ സന്തോഷം പ്രത്യക്ഷമാക്കി അമ്മിണിയുടെ ചുമലിൽ ഒന്നു മെല്ലെ തല്ലി താഴത്തേയ്ക്കു പോകാൻ പുറപ്പെട്ടപ്പോൾ "കുട്ടിജ്യേഷ്ഠത്തി, ചോട്ടിൽ ചെന്നാലുടനെ എന്നെ വിളിയ്ക്കരുതേ" എന്നു് അമ്മിണി സങ്കോപം വെളിവാക്കി. കുഞ്ഞുക്കുട്ടിയമ്മ കോണിപകുതിയിറങ്ങിയപ്പോൾ അമ്മിണി കിളിവാതിലിന്റെ ഒരുഭാഗത്തേയ്ക്കു പററിനിന്നുകൊണ്ടു് ഒന്നുകൂടി മുററത്തേയ്ക്കു നോക്കി. അപ്പോൾ അരവിന്ദാക്ഷമേനോൻ പടി കടക്കുകയായിരുന്നു. അയാളുടെ കണ്ണും കരളും നേരെ പാഞ്ഞതു് ആ ജനവാതിലിലേയ്ക്കു തന്നെയാണു്. ചെറിയ വൈദ്യുതദീപത്തിന്റെ പ്രഭാപൂരത്തെ അതിശയിയ്ക്കുന്നതും തന്നെ കാന്തംപോലെ ആകർഷിയ്ക്കുന്നതുമായ രണ്ടുകണ്ണുകൾ മേനവനെ അഭിവാദ്യം ചെയ്തതും ഉടനെ മറഞ്ഞതും അയാൾ കണ്ടു. കണ്ടതു് ഒരു നിമിഷനേരത്തേയ്ക്കു മാത്രമാണെങ്കിലും ഛായാഗ്രാഹിയന്ത്രം പോലിരിയ്ക്കുന്ന ആ യുവഹൃദയത്തിൽ പ്രണയമസൃണവും മൗനഭാഷയിൽ മനോഹരസല്ലാപം ചെയ്യുന്നതുമായ ആ കണ്ണുകൾ, പ്രേമസുരഭിലമായ മേനോന്റെ അന്തരംഗത്തെ മിന്നൽ പിണരിന്റെ വേഗത്തിൽ ആകർഷിച്ച ആ കാന്തഗോളങ്ങൾ—എന്നെന്നേക്കുമായി പതിഞ്ഞു. മേനവൻ ആ കാന്തികന്ദളത്തിനു്

ആത്മാർപ്പണം ചെയ്തു്, വീട്ടപണികണ്ടു് ആനന്ദിയ്ക്കുക യാണെന്ന ഭാവത്തിൽ ആ കിളിവാതിലിനെ ലക്ഷ്യമാക്കി ഏതാനും നിമിഷം നോക്കിനിന്നു.

"കാണാനുള്ളതു് അധികം അകത്താണു്, പുറത്തല്ല" എന്നു് പൂമുഖത്തു നിൽക്കുന്ന കുഞ്ഞുക്കുട്ടിയമ്മ നേരംപോക്കു പറഞ്ഞതു കേട്ടപ്പോഴാണു് പ്രപഞ്ചത്തിൽ താനും താനപ്പോഴം കണ്ട ദിവ്യമൂർത്തിയുമല്ലാതെ വേറെ ചിലരുമുണ്ടെന്നുള്ള ഓർമ്മ മേനവനുണ്ടായതു്.

മേനോൻ—ഞാൻ ആദ്യം വരികയാണിവിടെ. സ്ഥലഭ്രാന്തിയ്ക്കു് അടിമപ്പെട്ടുപോയതുകൊണ്ടു് ഒന്നു് നോക്കി നിന്നതാണു്.

കുഞ്ഞുക്കുട്ടിയമ്മ—ഇനി ഇവിടുന്നങ്ങോട്ടു് ധാരാളം നിന്നു നോക്കാമല്ലോ. അടിമയാവണമെന്നില്ലതാനും.

ഇത്രയുമായപ്പോഴേക്കു് അരവിന്ദാക്ഷമേനോൻ പൂമുഖത്തുകയറി അമ്മിണിയുടെ അമ്മയായ കുട്ടിലക്ഷ്മിയമ്മയും കുഞ്ഞുക്കുട്ടിയമ്മയിൽ നിന്നു് വിവരങ്ങളൊക്കെ ഗ്രഹിച്ചിരുന്നതിനാൽ മേനവനെ എതിരേൽക്കാനായി അവിടെ മുഖം കാണിച്ചു. തറവാട്ടമ്മയെ കണ്ടപ്പോഴം തന്റെ കുട്ടിക്കാലത്തെ സ്വല്പപരിചയം അവലംബമാക്കി

"എന്നെ ഇപ്പോഴം അറിയുമോ ആവോ" എന്നു മേനവൻ അങ്ങോട്ടുതന്നെ കുശലം തുടങ്ങി.

കുട്ടിലക്ഷ്മിയമ്മ—എങ്ങിനെയാ അറിയാ, അന്നു കോഴിക്കോട്ടു പാഞ്ഞുകളിച്ചിരുന്ന കുട്ടിയാണോ? ഇപ്പോം.

അര. മേ—നിങ്ങൾക്കൊക്കെ ഇപ്പോഴും കുട്ടിതന്നെ. പക്ഷെ പാഞ്ഞുനടക്കലിൻെറ തരം ഒന്നു മാറി.

കുട്ടി. ലക്ഷ്മി—പ്രായം കൂടുന്നേടത്തോളം ഇങ്ങിനെ തരം മാറുമല്ലോ. അന്നു നിങ്ങളുടെയൊക്കെ മുമ്പിൽ വരാൻ അമ്മിണിയ്ക്കു ലജ്ജയുണ്ടായിരുന്നോ? ഇപ്പോം ഇവിടെയെങ്ങാനും മഷിവെച്ചു നോക്കിയാൽ കാണുമോ? നോക്കാൻ!

മേനവൻ തലതാഴ്ത്തി. രണ്ടാം നിലയിലുള്ള കിളിവാതിലിൽക്കൂടി കണ്ട ആ ഗോളമണികൾ താഴത്തുള്ള കിളിവാതിലിന്നിടയിൽക്കൂടെ കാണുന്നുണ്ടോ എന്നു ഇടകണ്ണിട്ടുനോക്കി. ഇച്ഛാഭംഗത്തോടെ, ഇത്ര നിർദ്ദയമായി തൻെറ മനസ്സിനെ പിടിച്ചിളക്കരുതെന്ന് കുട്ടിലക്ഷ്മിയോടും അപേക്ഷിയ്ക്കുന്ന ഭാവത്തിൽ അവരുടെ നേക്കു ഒരു 'നാണംകുണുങ്ങി'ത്തം അഭിനയിച്ചു. അവർ കാര്യംമനസ്സിലാക്കി വിഷയം മാററി.

കുട്ടിലക്ഷ്മിയമ്മ—നിങ്ങളൊക്കെപരിഷ്കാരികളല്ലേ? അതുകൊണ്ട് വണ്ടിശുദ്ധമൊന്നുമില്ലായിരിയ്ക്കാം. ചായവേഗം കൊണ്ടുവരാം. കുഞ്ഞുകുട്ടി! നമ്മുടെ കുട്ടിമേനവൻെറ സാമാനങ്ങളൊക്കെ അകത്തേയ്ക്കു എടുത്തുവയ്ക്കൂ.

എന്നുപറഞ്ഞു ചായ കൊണ്ടുവരാൻ പോയി. അത്തക്കംനോക്കി, മേനവൻ അമ്മായിയോട്ടു എന്തോ മന്ത്രിച്ചു. അമ്മിണിയെ കണ്ടു് സംസാരിയ്ക്കണമെന്നുള്ള തന്റെ ആഗ്രഹം അറിയിച്ചതായിരിയ്ക്കണം.

കുഞ്ഞുകുട്ടിയമ്മ—'അതാ, വടക്കേപ്പുറത്തേക്കു നോക്കൂ. മേൽക്കഴുകാൻ പോകയാണു്. അച്ഛൻ നടക്കാൻ പോയിരിയ്ക്കുന്നു. വരുമ്പോഴേയ്ക്കു പാട്ടുചൊല്ലാൻ തയ്യാറായിരിയ്ക്കണം. അമ്മിണി കുളത്തിൽ നിന്നു വന്നിട്ടുവേണം ഞങ്ങൾക്കുമേൽക്കഴുകാൻ പോകാൻ. അവൾ വിളക്കു കൊളുത്തിക്കാട്ടാൻ ഉമ്മറത്തുവരും. ഇവിടെത്തന്നെ ഇരുന്നുകൊള്ളൂ' എന്നു മേനവനെ സമാധാനിപ്പിച്ചു.

അരവിന്ദാക്ഷമേനോൻ പൂമുഖത്തു് ഉലാത്തുകയാണു്. ഇടയ്ക്കിടയ്ക്കു് ഉമ്മറത്തേയ്ക്കു കിടക്കുന്ന വാതിലിലേയ്ക്കു കണ്ണെറിയുന്നുമുണ്ടു്. അയാളെ ക്ഷമ വിട്ടുവാൻ തുടങ്ങി. അപ്പോൾ അതാ, വാതില്ക്കൽ വെളിച്ചത്തോടുകൂടി തന്റെ ദേവി പ്രത്യക്ഷയാവുന്നു! അതേ—ആ കണ്ണുകൾതന്നെ. മാളികമുകളിൽ നിന്നു തന്റെ ഹൃദയം വശിച്ചെടുത്തു പ്രണയ പാരവശ്യം വെളിപ്പെടുത്തിയ ആ കോമളമുകുളങ്ങൾതന്നെ. കൈയിലെടുത്ത ദീപത്തിനേക്കാളും ഒളിവിതറി മേനവന്റെ കണ്ണിനെ അഞ്ചിയ്ക്കുന്ന പ്രഭാമണികൾതന്നെ. അരവിന്ദാക്ഷമേനോനെ വീണ്ടും എതിരേററു പുറത്തു് ആളുണ്ടെന്നറിഞ്ഞപ്പോൾ ഉമ്മറപ്പടികിടക്കുവാൻ വെച്ചകാലു് ഉള്ളിലേയ്ക്കെടുത്തു് ദീപം

കൊണ്ടു ആ പടിയെ അനുഗ്രഹിച്ചു, അമ്മിണിവാതിലി ൻെറ പിൻപുറത്തേയ്ക്കു മാറിനിന്നു. അവർ പോയിരിയ്ക്കാ നിടയില്ലെന്നുറച്ച മേനവൻ ഉമ്മറപ്പടിയ്ക്കു നേരെ അ ങ്ങോട്ടുചെന്നു് വിളക്കെടുക്കാനെന്നഭാവത്തിൽ കുനിഞ്ഞു് അകത്തേയ്ക്കു നോക്കി.

മേനവൻ—എന്താ ഞാനല്ലതുകൊണ്ടാണോ വിളക്കു് ഉമ്മറപ്പടിയിൽ തങ്ങിയതു്? വിരോധമില്ലെങ്കിൽ ഞാനെടുത്തു് ഇങ്ങോട്ടു വെയ്ക്കാം.

അമ്മിണി—വേണ്ടാ, ഞാൻ തന്നെ എടുത്തു കൊള്ളാം. (ഒന്നു മന്ദഹസിച്ചു്) വഴിയ്ക്കു തടുത്താൽ അങ്ങോട്ടു കടക്കുന്നതെങ്ങിനെയാണു്?

മേനവൻ—(നേരംപോക്കായി) ഞാൻ തടുക്കാനും കൊടു ക്കാനും ഒന്നും വന്നില്ലേ! കൈനീട്ടാൻ വിചാരിയ്ക്കു ന്നതിനുമുമ്പു് തൊട്ടുവെന്നുപറഞ്ഞാൽ കഷ്ടമാണു്.

മേനോൻ അല്പമൊന്നു മാറി.

അമ്മിണി—ഇത്ര ക്ഷണം മുഷിഞ്ഞുവോ? ഇനി ഒന്നുതൊ ട്ടാൽതന്നെ എന്താണു്? ഞാനും നല്ല ജാതിതന്നെ യാണു്.

അമ്മിണി വിളക്കെടുത്തു സാധാരണവയ്ക്കുന്നിടത്തു വച്ചു വീണ്ടും അകത്തേയ്ക്കു മാറിനിന്നു.

മേനോൻ—എൻെറ 'ജാതി'യറിയാനാണോ കാണണമെ ന്നു പറഞ്ഞതു്? കണ്ടേടംകൊണ്ടങ്ങനെ? കുറച്ചുക്കു-

ടി അരികത്തു വന്നു വിളക്കിന്റെ മുമ്പിൽ നില്ക്കണോ!

അമ്മിണി—ഞാൻ കാണണമെന്നും കാണേണ്ടാ എന്നും ഒന്നും പറഞ്ഞിട്ടില്ല. (മന്ദഹസിച്ച്) അടുത്തുനില്ക്കണമെന്നുണ്ടെങ്കിൽ അതു പറഞ്ഞാൽ മതി. എന്നെ എന്തിനാണ് കുററക്കാരിയാക്കുന്നതു്?

മേനവൻ—ആളെ കാണാതെ അഭിപ്രായം പറയുകയില്ലെന്നല്ലേ അമ്മായിയോട്ട് പറഞ്ഞതു്?

അമ്മിണി—കുട്ടിയേടത്തി എന്തൊക്കെയൊണാവോ എഴുതീട്ടുള്ളതു്? ആളെക്കണ്ടു നോട്ടം നോക്കാനൊന്നും എനിയ്ക്കറിഞ്ഞുകൂടാ. അതെല്ലാം പലദിക്കിലും നടക്കുന്ന നിങ്ങളെപ്പോലുള്ളവൎക്കേ അറിയൂ.

മേനവൻ—ഞങ്ങൾക്കറിയുന്നവയൊക്കെ അകത്തിരുന്നു തന്നെ ഇത്രത്തോളം മനസ്സിലാക്കിയോ? അമ്മായി വേണ്ടാത്തതൊന്നും എഴുതീട്ടില്ലേ.

ഇതു കേട്ടും കൊണ്ടുവന്ന കുഞ്ഞുകുട്ടിയമ്മ അമ്മിണിയുടെ മുതുകത്തു തട്ടി.

"രണ്ടാളും തമ്മിൽ കണ്ടപ്പോൾ കുററം എനിയ്ക്കായി, അല്ലേ!" എന്നു പരിഹാസം തുടങ്ങി.

അമ്മിണി—പിന്നിൽ കൂടെ വന്നതു് ഞാൻ അറിഞ്ഞില്ല.

ക. കുട്ടി—നീ ഇനി നിൻെറകൈയോ കാലോ അറുത്താൽ തന്നെ അറിയോ? (ഉടനെ അമ്മിണി കുഞ്ഞുക്കുട്ടിയമ്മയുടെ വായ്പൊത്തി.)

മേനവൻ—അമ്മായിയെകുററപ്പെടുത്തുകയല്ലേ? അമ്മായിയ്ക്കു് എന്താ സമ്മാനം തരേണ്ടതു് എന്നാലോചിയ്ക്കൂ?

ക. കുട്ടി—നിങ്ങൾ രണ്ടാളും സുഖിച്ചിരിയ്ക്കുന്നതു് കാണുന്നതു തന്നെയാണു് എനിയ്ക്കു വലിയ സമ്മാനം.

*    *    *    *    *    *

അരവിന്ദാക്ഷമേനോനും അമ്മിണിയമ്മയും ദമ്പതിമാരായി കൊല്ലം അഞ്ചാറു കഴിഞ്ഞു. അവരുടെ പ്രേമബന്ധം ഒരു സന്താനലാഭം കൊണ്ടു് ഉറപ്പിയ്ക്കുകയും ചെയ്തു. അവർ അവരുടെ പ്രഥമസന്ദർശനത്തെപ്പററി ഇങ്ങനെ അന്യോന്യം ചിലപ്പോൾ കളിയാക്കാറുണ്ടു്.

മേനോൻ—അന്നു ഞാൻ അമ്മിണിയെ കാണാൻ വന്നപ്പോൾ ജനവാതിലിൽക്കൂടെ ഒരു നോട്ടം നോക്കുകയുണ്ടായില്ലേ? അങ്ങനെയൊരു നോട്ടംപിന്നെ ഞാൻ കണ്ടിട്ടില്ല. കണ്ണുകൾക്കു് അന്നുള്ള ശക്തി ഇപ്പോഴില്ലെന്നുണ്ടോ?

അമ്മിണിഅമ്മ—അന്നു് എന്നെ നോക്കിയ മനോഭാവം ഇന്നുണ്ടെങ്കിൽ അപ്പോൾ ആ നോട്ടവും കാണും.

കഥാമാലിക.

---

7

# * പഴശ്ശിയുടെ പോരാട്ടം

കുററ്യാടിച്ചുരം തുടങ്ങുന്ന സ്ഥലത്തുനിന്നു് ഒരു നാഴിക പടിഞ്ഞാറോട്ടു മാറി ഒരു നായർഭവനം നൂററിയമ്പതുകൊല്ലംമുമ്പു് സ്ഥിതിചെയ്തിരുന്നു. അതിൽ ഒരു വൃദ്ധയും അവരുടെ ഭർത്താവായി ഒരു വൃദ്ധനും അന്നു ജീവിച്ചിരുന്നു. പഴശ്ശിത്തമ്പുരാൻെറ അനുയായികളിൽ പ്രാമാണ്യംകൊണ്ടു് അവർക്കു ഗണനീയത കുറവായിരുന്നുവെങ്കിലും ആ മഹാപരാക്രമിയിലുള്ള ഭക്തിബഹുമാനത്തിൽ അവർ ആക്കും താഴെയല്ലായിരുന്നു. കമ്പനിപ്പട്ടാളത്തിൻെറ ഗതാഗതങ്ങൾ സൂക്ഷ്മമായി അന്വേഷിച്ചറിഞ്ഞു് അദ്ദേഹത്തിൻെറ അജ്ഞാതവാസകേന്ദ്രത്തിലേയ്ക്കു് അറിവുകൊടുക്കുക, അദ്ദേഹത്തിൻെറ ഗൂഢസഞ്ചാരത്തിന്നുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുക എന്നീ പ്രധാനകൃത്യങ്ങൾ ഈ കുടുംബം നിർവ്വഹിച്ചിരുന്നതിനാൽ പഴശ്ശിത്തമ്പുരാൻ അവിടെ ഇടയ്ക്കിടയ്ക്കു വരാറുണ്ടായിരുന്നു അനവധിസൈന്യങ്ങളോടൊററയ്ക്കു് എതിക്കാൻ കഴിവുള്ള ആ സിംഹവിക്രമൻെറ പേരുതന്നെ കമ്പനിപ്പട്ടാളത്തിൽ ഒരു ഞെട്ടൽ ഉണ്ടാക്കിയിരുന്നു. ആ രണവീരനുമായി ഏററുമുട്ടിയവർ രണ്ടാമതൊരു കൂടിക്കാഴ്ച കാംക്ഷിച്ചിരുന്നതേയില്ല. വരുന്നതും പോകുന്നതും ആരും അറിയാത്ത വിധത്തിൽ എല്ലാ ദിക്കിലും ഓടി നടന്നിരുന്ന ആ എതിരററ വീരൻ അക്കാലത്തു് ഒരു ദുർഘട സന്ധിയിലെ

ത്തിയിരുന്നു. എടച്ചേനകുങ്കൻ, കൈതേരിയമ്പു, മുത ലായ മന്ത്രിമുഖ്യന്മാരെ ഒററയ്ക്കു തിരിച്ചു കമ്പനിക്കാർ കാലന്തൂക്കയച്ചു. എല്ലാവരേയും രക്ഷിയ്ക്കേണ്ട ആ രാജ പുംഗവൻ ഏകാകിയായി സ്വരക്ഷാമാൎഗ്ഗങ്ങൾതേടി അ വിടെയും ഇവിടേയും നടക്കേണ്ടതായും വന്നു. രാജകുടുംബ ത്തിൽ പിറന്ന ഒരു 'വിഭീഷണൻ' കമ്പനിക്കാൎക്കതന്റെ അജ്ഞാതവാസത്തിന്റെ സകല രഹസ്യങ്ങളും പറഞ്ഞു കൊടുക്കുകയാൽ തന്നെ ജീവനോടെ പിടിയ്ക്കുവാനായി അവർ പല പരിശ്രമങ്ങളും നടത്തിക്കൊണ്ടിരുന്നു. അ ങ്ങിനെയിരിക്കെ ഒരു ദിവസം വൈകുന്നേരം മേൽപറ ഞ്ഞ ഭവനത്തിലെ കുഞ്ഞിമാക്കം എന്ന വൃദ്ധ വളരെ അസ്വസ്ഥയായി കാണപ്പെട്ടു. സന്ധ്യ മയങ്ങുന്നതിന്നു മുമ്പ് മൂന്നു തവണ അവർ പുറത്തേയ്ക്കു പോവുകയും വ രികയും ഉണ്ടായി. അവരുടെ ഭൎത്താവാകട്ടെ, വാൎദ്ധക്യ ത്തിന്റേയും രോഗത്തിന്റേയും പിടിയിൽ ഒരേസമയത്തു പെട്ടുകയാൽ നിദ്രയെ നേരത്തെതന്നെ സേവിയ്ക്കുകയും ചെയ്തു.

മൂന്നാമത്തെ തവണ കുഞ്ഞിമാക്കം തിരിയെ വന്ന പ്പോൾ പടിയ്ക്കൽതന്നെ കുറച്ചുനേരം ഇരുന്നു. അപ്പോൾ കണ്ടു വാഴയുടെ ഇടയിൽനിന്നൊരിളക്കം. കുട്ടിക്കാലം മുതല്ക്കേ പയററി പരിചയമുള്ള കുഞ്ഞിമാക്കം, "ആര തു്?" എന്നു ക്രുദ്ധസ്വരത്തിൽ ചോദിച്ചു. "പതിവായി വരുന്ന ആൾതന്നെ" എന്നു മറുപടിയും കിട്ടി. ശബ്ദം കൊണ്ടു് ആളെ അറിഞ്ഞു് കുഞ്ഞിമാക്കം വാഴക്കൂട്ടത്തി ലേയ്ക്കു് ഓടി.

കുഞ്ഞിമാക്കം—തിരുമേനി! ഈ അജ്ഞാതവാസം എത്രകാലം വേണം? നാട്ടുകാരെ സ്വന്തം മക്കളെപ്പോലെ കരുതുന്ന രാജാവു് കഴിഞ്ഞുകൂടേണ്ടതു കാട്ടിലും മേട്ടിലുംഅല്ലാത്തവക്കു് കൊട്ടിലും കാൎയ്യക്കാരും വല്ലാത്ത യോഗം!"

തമ്പുരാൻ—കുഞ്ഞിമാക്കേ! നിനക്കെന്തിനു് ഈ സങ്കടം? "മന്മാത്രശേഷം ബലം" എന്നല്ലേ എന്റെ അവസ്ഥ? അതുകൊണ്ടു് ആവുന്നതൊക്കെ ചെയ്തു ഈ ആത്മാവടങ്ങൂ. രാജാക്കന്മാർ രണ്ടിന്നും ഒരുങ്ങണം. സുഖിയ്ക്കാനും ദുഃഖിക്കാനും തടുക്കാനും, കൊടുക്കാനും കൊള്ളാനും തള്ളാനും.

കുഞ്ഞിമാക്കം—തിരുമേനീ! ഈ ദേഹം കണ്ടാൽ ദുഃഖിക്കാനുള്ളതാണെന്നു് ആരെങ്കിലും പറയോ? അമ്മത്തമ്പുരാട്ടി 'തിരുവയറൊഴിഞ്ഞ'ശേഷം ഒരു കൊല്ലം ഈ കൈകൊണ്ടു, പെരുമാറാനുള്ള ഭാഗ്യവും അടിയനുണ്ടായിട്ടുണ്ടു്. അതൊക്കെ ഓർമ്മവരുമ്പോൾ ഈ ഉള്ളു് ഒന്നു പിടയാതിരിക്കുമോ? ഇപ്പോളിതാ, ഇരുട്ടും രാത്രിയും കൂട്ടാക്കാതെ നടക്കുന്നതും കാണേണ്ടിവന്നു. ആട്ടെ ഒന്നു് തിരുമനസ്സറിയിക്കാൻ വേണ്ടിയാണു് ഞാൻ പുറത്തു തന്നെ നിന്നിരുന്നതു്. ഇന്നു ചില കുന്തക്കാർ ഈ വീട്ടിന്നു രണ്ടു മൂന്നുപ്രാവശ്യം വലത്തുവെച്ചു പോയിട്ടുണ്ടു്. പടിഞ്ഞാറെ മതിലിന്റെ ഉയരം അളക്കുന്നതും കാണുകയുണ്ടായി. ഒരുത്തന്റെ തല ഒരു ഭാഗത്തു കണ്ടപ്പോൾ എല്ലാം കുതികുതിയ്ക്കുന്നതുംകണ്ടു.

തമ്പുരാൻ—എന്നാൽ രാത്രി ഇങ്ങോട്ടു ചിലർ വരാനും മതി. നിങ്ങൾക്കു രക്ഷയായി ഞാൻ ഇവിടെത്തന്നെ കൂടാം.

കുഞ്ഞിമാക്കം—ഞങ്ങൾക്ക് ഇനി എന്തു രക്ഷയാണ് വേണ്ടതു്? ചാവ് ചിരിയ്ക്കാൻ തുടങ്ങീട്ട് കുറച്ചായി കൊല്ലം. അവിടത്തെ രക്ഷയ്ക്കുള്ള മാർഗ്ഗങ്ങളല്ലേ നോക്കേണ്ടതു്!

തമ്പുരാൻ—അതിനുള്ളതല്ലേ ഈ വാള്? ഇതുള്ളന്ന് എന്നെ ആരും തൊടില്ല. പിന്നെ വീടു വളഞ്ഞു ദ്രോഹിയ്ക്കുവാൻ തുടങ്ങുന്നതാണെങ്കിൽ ഉള്ളതിൽ നിന്ന് ഓരോന്നിനെ അകത്തേയ്ക്കു വിട്ട് എല്ലാററിനേയും ശരിയാക്കുകയുമാവാം.

കുഞ്ഞിമാക്കം—"തൃക്കൈവിളയാട്ടം" പല തരത്തിലും അടിയൻ കണ്ടിട്ടുണ്ടു്. വലിയ സായ്വിന്റെ കൂടെ വന്ന ആയിരത്തിനെ ഒരു വീശലുകൊണ്ടു മുടിച്ചതു് ഒന്നോ രണ്ടോ തവണ കണ്ടു. അതൊക്കെ തുറന്ന സ്ഥലത്തായിരുന്നു. ഉള്ളിൽ ഒളിഞ്ഞുനിന്നുകൊണ്ടുള്ള പോരു കണ്ടിട്ടില്ല.

തമ്പുരാൻ—ഇന്നു സൗകര്യം വന്നാൽ കാണിച്ചുതരാം. കമ്മാരന്ന് അധികമൊന്നുമില്ലല്ലോ?

കുഞ്ഞിമാക്കം—ഇല്ല. എൺപതു കഴിഞ്ഞാൽപിന്നെ ഉള്ളതും ഇല്ലാത്തതുംഫലം ഒന്നല്ലേ?—ഇത്തിരി പാ

ല്യം ചുട്ട നേന്ത്രപ്പഴവും ഒരുക്കീട്ടുണ്ട്. അവറ്റേത്തു കഴിയ്ക്കുക. തമ്പുരാട്ടിമാരുടെ കാൎയ്യങ്ങളൊക്കെ വിസ്തരിച്ചു പറയേം വേണ്ടേ?

തമ്പുരാൻ—മാക്കം എന്ന പേരായാൽത്തന്നെ സ്നേഹംകൂട്ടുമെന്നു തോന്നുന്നു. മററ മാക്കവും നേരമായിരുന്നില്ലെങ്കിലും ചിലതൊക്കെ കഴിപ്പിച്ചേ വിട്ടുള്ളു.

കുഞ്ഞിമാക്കം—അത്ര കേമമായിട്ടു് ഒരുക്കാൻ അടിയന്റേറൽ എന്തുണ്ടു്?

തമ്പുരാൻ—കാൎയ്യമായിട്ടു വേണ്ടതു മനസ്സല്ലേ? അതുണ്ടെങ്കിൽ തരുന്നതിനൊക്കെ സ്വാദു കൂടുവോലൊ! ദുൎയ്യോധനന്റെ ക്ഷണം സ്വീകരിയ്ക്കാതെ വിദുരന്റെ വീട്ടിലേയ്ക്കല്ലേ ഭഗവാൻ അത്താഴത്തിന്നുപോയതു്.

കുഞ്ഞിമാക്കം—പൊന്നു വെയ്ക്കേണ്ടെടത്തു് പൂവു വെയ്ക്കാനേ അടിയനെക്കൊണ്ടാവൂ. അതറിഞ്ഞു സ്വീകരിക്കണമെന്നേ അടിയന്നു് അപേക്ഷയുള്ളു.

തമ്പുരാൻ—മാക്കം തരുന്നതൊക്കെ എനിക്കമൃതാ. രാജ്യം പോയ രാജാവിനെ ആദരിയ്ക്കാൻ ഇങ്ങിനേയും ചിലരുണ്ടല്ലോ എന്നാണു് എനിക്കു സമാധാനം. ആട്ടെ. നേരം വൈകിത്തുടങ്ങി. ഇനി അകത്തേയ്ക്കു പോകാം. വല്ലവരും വരുന്നുണ്ടെങ്കിൽ അതിന്നുള്ള സമയമായിത്തുടങ്ങി."

തമ്പുരാനും കുഞ്ഞിമാക്കവും അകത്തേക്കു കടന്നു തമ്പുരാന്റെ അമൃതേത്തിന്നും അധികം താമസം വേണ്ടി

വന്നില്ല. 'ഇലയമൃതേത്തും' (വെററില മുറുക്കുന്നതിന്നു ള്ള ആചാരവാക്ക്) കഴിഞ്ഞു. അപ്പോൾ കോട്ട പടിഞ്ഞാറെ ഭാഗത്തുനിന്ന് ഒരു ശബ്ദം. ആരോ വലിയ മതിൽ എടുത്തു ചാടിയതോ വീണതോ ആയിരിയ്ക്കുണമെന്ന് അവർ ഊഹിച്ചു. തമ്പുരാൻ ആ ഭാഗത്തേക്കുള്ള കിളിവാതിലിലൂടെ മുറുക്കിത്തുപ്പാൻപോയി. കൂരിരുട്ടിൽ കാണാൻ പ്രയാസമായിരുന്നുവെങ്കിലും ആൾപ്പെരുമാററമുണ്ടെന്ന് ചില ശബ്ദങ്ങൾകൊണ്ടും സൂചനകൊണ്ടും മനസ്സിലാക്കി. കുറെക്കാലമായി താനുമായി ഇണങ്ങിച്ചേർന്നിട്ടുള്ള ഇരുട്ടും കാടും അദ്ദേഹത്തിൻെറ കണ്ണിന്നു മുമ്പേതിനേക്കാൾ തെളിവു കൂട്ടീട്ടുണ്ട്. ഒന്നുകൂടി സൂക്ഷിച്ചപ്പോൾ വീടു വളയാനുള്ള വട്ടമാണെന്നും ഗ്രഹിച്ചു. ഉടനെ മാക്കത്തിൻെറ സമീപം വന്ന് "വീടു വളഞ്ഞു് എന്നെ പിടിയ്ക്കുവാനുള്ള ശ്രമമാണെന്നു തോന്നുന്നു. ഞാനും ഒരുങ്ങിയേയ്ക്കാം. കമ്മാരൻ കിടക്കുന്ന മുറിയിൽപോക്കു. ഞാൻ മുറി പൂട്ടി പോരിന്നു തെയ്യാറാകട്ടെ. നിങ്ങൾക്ക രണ്ടുപേക്കും എൻെറ ജീവൻ പോകുന്നതുവരെ ആപത്തൊന്നും പററുകയില്ല" എന്നരുളി.

കു. മാക്കം—ഞാൻ മുറിയിൽ കൂടിക്കൊള്ളാം. പക്ഷെ വാതിൽ തുറന്നിരിക്കുന്നതല്ലെ നല്ലതു്. വല്ല സഹായവും അടിയനു ചെയ്യാൻ സാധിയ്ക്കുമെങ്കിൽ അതിന്നു തടസ്ഥമുണ്ടാകരുതല്ലോ.

തമ്പുരാൻ—അതുപോലെ തന്നെ അപായവും ഉണ്ടാകും. ഗ്രഹപ്പിഴക്കു വല്ലവരും ഉള്ളിൽ കടന്നു നേരെ മുറി

യിലേയ്ക്കു വന്നാലോ? ഉമ്മറത്തെ വാതിലൊഴിച്ച് ബാക്കിയെല്ലാം ഉള്ളിൽനിന്നു തഴുതിട്ട് മുറിയിലേയ്ക്കു പോക്കു—വലിയ വാതിലിന്റെ മുമ്പിൽ ആറം കൂടുന്നതായി തോന്നുന്നു.

കു. മാക്കം—"അവിടുത്തെ കല്പനപോലെ—"

2

തമ്പുരാൻ ഉമ്മറത്തെ വാതിലിന്റെ പിന്നിൽ വാളുമായി നിന്നു. കുഞ്ഞിമാക്കം മുറിയിൽ കടന്നു—"അടിയൻ സാക്ഷയിട്ടോളാം-പൂട്ടണമെന്നില്ല" എന്നു പറയുമ്പോഴേക്കും വാതിലിന്മേൽ ഇടി തുടങ്ങി.

വീട് രണ്ടുപേക്ക് താമസിയ്ക്കുവാൻ മാത്രം സൗകര്യപ്പെടുത്തിയ ഒന്നായിരുന്നു. ഉമ്മറത്തെ വാതിൽ തുറന്നാൽ ഒരു തളം. അതിന്റെ ഒരുവശത്തു ഒരു മുറി. തളത്തിന്റെ അററത്തു ഒരു ചെറിയ നടുമുററം. അതിന്റെ മൂന്നു ഭാഗത്തും നാലടിവീതിയിൽ നിലം. പുറത്തേയ്ക്കു കടക്കുവാൻ വേറെ മൂന്നു വാതിലും. ഇങ്ങിനെയാണ് വീട്ടിന്റെ ആകൃതി. രണ്ടു മൂന്നിടിയിലധികം താങ്ങുവാൻ ശക്തിയുള്ള വാതിലോ തുലാമോ അതിലുണ്ടായിരുന്നതുമില്ല.

"വാതിൽ തുറക്കുകയാണ് നല്ലതു്. ഇല്ലെങ്കിൽ ഇപ്പോൾ കൊള്ളിവെയ്ക്കും." എന്നു പുറത്തുനിന്ന് ആരോ ആജ്ഞാസ്വരത്തിൽ പറഞ്ഞു.

തമ്പുരാൻ—സ്ഥലം കുറവാണു്. അതുകൊണ്ടു് ഒരു വാതിൽ തുറക്കാം. ഓരോരുത്തരായി കടക്കട്ടെ.

ഒരു വാതിൽ തുറന്നുകൊടുത്തു. ഒരാൾ ഉള്ളിൽ കടന്നു—ഒരു വെട്ടും ഒരു തട്ടുംകൊണ്ടു് അയാൾ തലവേറിട്ടു നട്ടമുററത്തെത്തി—പിന്നാലെ കടന്നവക്കെല്ലാം ഗതി അതുതന്നെ. തുരുതുരെ ആളുകൾ കടക്കാനും തുടങ്ങി. നട്ടമുററം കബന്ധങ്ങളെക്കൊണ്ടു് നൊടിയിടയിൽ നിറഞ്ഞു. ഉള്ളിൽ പോയവരാരും പുറത്തേയ്ക്കുവരുന്നില്ലെന്നല്ല, അവരുടെ ശബ്ദവും കേൾക്കുന്നില്ല. പുറത്തുള്ളവരിൽ പ്രധാനികൾ കൂടിയാലോചന തുടങ്ങി. ചിലരുടെ പേരുവിളിച്ചുനോക്കി. മറുപടിയും ഇല്ല.

തമ്പുരാൻ—"ഉള്ളിൽ ചാടിയവക്കു പററിയതു് ഇതാ കണ്ടോളിൻ!" എന്നു് ഉച്ചത്തിൽ പറയുന്നതോടുകൂടി നട്ടമുററത്തുനിന്നു് ഒരു കബന്ധം പടിഞ്ഞാററയുടെ മുകളിൽക്കൂടി പുറത്തുള്ള സംഘത്തിൻെറ ഇടയിൽ വന്നു വീണു. അതു കണ്ടപ്പോൾ അവരൊന്നു ഞെട്ടി. അപ്പോഴേക്കു് ഒന്നുകൂടി വീണു. ഇങ്ങിനെ പത്തിരുപതെണ്ണം ഒന്നിന്നു പിന്നാലെ വരുവാൻ തുടങ്ങി. ഉടനെ നായകനിൽ നിന്നു് "ഇനി ഉള്ളിലാരും കടക്കണ്ടാ—കൊള്ളിവെയ്ക്കിൻ!" എന്നൊരാജ്ഞ പുറപ്പെട്ടു.

"അതാണങ്ങൾക്കു ചേർന്നതല്ല. പഴശ്ശിയെ പിടിയ്ക്കാൻ ഇന്നു കരുത്തതിലും വെളുത്തതിലും ആരും പിറ

ന്നിട്ടില്ല." എന്ന തമ്പുരാൻെറ മറുപടി അന്തരീക്ഷത്തിൽ മാറെറാലിക്കൊണ്ടു. ആജ്ഞാകാരൻെറ തലപോയി. അതോടുകൂടി അവിടെ കൂടിനിന്നവരിൽ പലരും വാളിൻെറ തിളക്കം കണ്ടപ്പോഴേ തമ്പുരാൻ പുറത്തു ചാടിയ വിവരം അവൎക്കു ബോധ്യമായുള്ളു. പിന്നെ ജീവരക്ഷയ്ക്കുള്ള ഓട്ടമായി. മിഴിതുറന്നടയ്ക്കുന്ന നേരംകൊണ്ടു വന്നവരെല്ലാം ആ സ്ഥലം വിട്ടു.

യാതൊന്നും അതുവരെ നടന്നിട്ടില്ലെന്ന ഭാവത്തിൽ തമ്പുരാൻ വീട്ടിന്നുള്ളിലേയ്ക്കുതന്നെ വീണ്ടും പ്രവേശിച്ചു. "കുഞ്ഞിമാക്കേ!" എന്നു സൗമ്യമായി വിളിച്ചു.

കു. മാക്കം—തിരുമേനി! കണ്ടിട്ടു മതിയായില്ല.

തമ്പുരാൻ—പൊരുതാൻ ആളുണ്ടെങ്കിലല്ലേ അതു കാണിയ്ക്കുവാൻ തരമുള്ളു? ആട്ടെ. ഈ കബന്ധങ്ങളെ ഒഴിച്ചു മാററണ്ടേ? വെളുത്തതൊക്കെ പുറത്തായിരുന്നു. അകത്തു വീണതൊക്കെ കറുത്തതായിരിക്കണം.

കു. മാക്കം—അതെങ്ങിനെയാണു് ഇരുട്ടിൽ അറിഞ്ഞതു്?

തമ്പുരാൻ—ഉള്ളിലേയ്ക്കു വരുമ്പോഴും അവരുടെ കാലിൽ ഒന്നും ഇട്ടിരുന്നില്ല. വെള്ളക്കാർ ബൂട്ട്സില്ലാണ്ടെ നടക്കില്ലല്ലോ. പുറത്തെ ലഹളയിൽ ഒരുത്തൻ എന്നെ ചവുട്ടി. എന്നാലെ! ഇങ്ങിനെ പറഞ്ഞു നില്ക്കേണ്ട സമയമല്ലാ ഇതു്.

കു. മാക്കം—ഒരു കിണ്ടി പാലുകൂടി ഞാൻ കരുതീട്ടുണ്ടു്. അതു് അവരേത്തു കഴിയ്ക്കുക.

തമ്പുരാൻ—പടയിൽ കൂടിയോ! അപ്പോൾ കുഞ്ഞി മാക്കത്തിന്നു പരിഭ്രമം ഒന്നും ഉണ്ടായില്ല, ഉവ്വോ?

കു. മാക്കം—അതു തിരുമേനിയുള്ളപ്പോൾ എന്തിനാ? അതു പോയാൽ അന്ന് ഈ പാവത്തിനേയും കാണുന്നതല്ല.

തമ്പുരാൻ—അത്രത്തോളം ഉറച്ചിട്ടുണ്ടോ? പിന്നെ, രണ്ടാമതൊരു സംഘംകൂടി പകവീട്ടാൻ വരില്ലെന്നു വിചാരിയ്ക്കേണ്ടാ. നമുക്ക് ഈ പടി കടന്ന് ആ കാണുന്ന ആലിന്റെ ചുവട്ടിൽ കൂടാം. വീണ്ടുംഈ വീട് വളയാൻ ഭാവമുണ്ടെങ്കിൽ പിന്നിൽനിന്നും ചില പ്രയോഗങ്ങളുണ്ട്. അല്ലെങ്കിൽ പരുങ്ങുചടക്കം ഒന്നു നോക്കണം.

കു. മാക്കം—ഇങ്ങിനെ യുക്തിമാറിമാറി തോന്നണമെങ്കിൽ മനസ്സിന്നു കുറെയേറെ മിടുക്കുവേണമല്ലോ.

തമ്പുരാൻ—അതൊന്നേ ഇനി ബാക്കിയുള്ളൂ. മനസ്സിന്ന് ഇടിവു തുടങ്ങിയാൽ പിന്നെ മുന്നോക്കമില്ല.

കു. മാക്കം—അതു വരാതിരിയ്ക്കട്ടെ.

തമ്പുരാൻ—കമ്മാരന്റെ കൈപിടിച്ചു വരൂ. ശത്രുക്കളുടെ താവളത്തിലേയ്ക്ക് ഇവിടെനിന്ന് അധികം ദൂരമില്ല. അതുകൊണ്ടു നമുക്കു വേഗം പുറത്ത് കടക്കുക.

കു. മാക്കം—"ഇതാ, വന്നു"

3

തമ്പുരാൻ പടികടക്കുകയല്ല, ചാട്ടുകയാണുണ്ടായതു്. കമ്മാരനെഎയടുത്തു കുഞ്ഞിമാക്കവും പിന്നാലെ എത്തി. ആലിൻചുവടു് ലക്ഷ്യമാക്കി അതിവേഗത്തിൽ ഇരുക്കൂട്ടരും നടന്നു. പകുതി വഴിയെത്തിയപ്പോഠം കഴുത്തിനു മണികെട്ടിയ ഒരു കാള വരുന്നുണ്ടെന്നു തോന്നി. പക്ഷെ മണിയുടെ ശബ്ദം ഇടയ്ക്കു കേഠംക്കുന്നുള്ളു. അതുകൊണ്ടു് അതു നിന്നു നിന്നു വരികയാണെന്നു തമ്പുരാൻ ഊഹിച്ചു.

കു മാക്കം—അതു കാളയോ കുതിരയോ?

തമ്പുരാൻ—കുതിരയാണെങ്കിൽ കുളമ്പടിക്കൂടി കേഠംക്കണ്ടേ? ഞാനൊന്നുകൂടി സൂക്ഷിച്ചു നോക്കട്ടെ. മാക്കം ആലിൻചുവട്ടിലേയ്ക്കു ഓടിക്കൊള്ളൂ.

കു. മാക്കം—'ഒടിയ'ന്മാരുടെ ഉപദ്രവം ഇടയ്ക്കിടെ ഉണ്ടാവാറുണ്ടത്രെ!

തമ്പുരാൻ—തലവന്റെ കഥ കഴിച്ചതിന്നുശേഷംപിന്നെ അങ്ങിനെ കണ്ടിട്ടില്ല. ഏതായാലും സംശയം തീൎത്തേയ്ക്കാം.

ശബ്ദം കേട്ട ദിക്കിലേയ്ക്കു് തമ്പുരാൻ ചാടി ഒരു വെട്ടുവെട്ടലും കാള മൂന്നുതുണ്ടായി വീഴലും ഒന്നിച്ചു കഴിഞ്ഞു. അപ്പോഴാണു് കാളയുടെ വേഷം മാത്രമേയുള്ളുവെന്നും ബാക്കിയൊക്കെ മനുഷ്യന്റേതാണെന്നും മനസ്സിലായതു്.

വീണവൻ—തമ്പുരാൻെറ തൃക്കൈവിളയാട്ടം പിഴയ്ക്കി ല്ലെന്നടിയനറിയാം.

തമ്പുരാൻ—"ആരു, കുഞ്ചുവോ?"

കുഞ്ചു—അടിയനെ പട്ടാളം വട്ടംതിരിയ്ക്കാൻ തുടങ്ങീട്ട് കുറച്ചുനാളായി. ഒടുവിൽ രക്ഷ പ്രാപിയ്ക്കാൻ ഒടി യൻെറ അടവു നോക്കിയതാണേ! വീട്ടിൻെറയു ള്ളിൽ കഴിഞ്ഞതു പറഞ്ഞുകേട്ടപ്പോൾ അട്ടത്തു ണ്ടാവുമെന്നു കരുതി പുറപ്പെട്ടതാണ്. മറുഭാഗത്തു കൂടി മറെറാരുസംഘം തയ്യാറായി വരുന്നുണ്ട്. അ ടിയനെ അനുഗ്രഹിയ്ക്കണം. ഇതാ നാവു പൊന്തു ന്നില്ല.

അങ്ങിനെ തൻെറ വിശ്വസ്തഭൃത്യനും യാത്രയായി. തമ്പുരാന് അവനിൽനിന്നു കുറേക്കൂടി കാര്യങ്ങൾ മന സ്സിലാക്കണമെന്നുണ്ടായിരുന്നു. അതിന്നു് അധികം കാ ക്കേണ്ടിവന്നില്ല. കൂരിരുട്ടിൽക്കൂടി കണ്ണ് ഒന്നുകൂടെ തുള ഞ്ഞുപാഞ്ഞു. ആൾക്കൂട്ടം വരുന്നതിൻെറ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. കമ്മാരനെ ആലിൻചുവട്ടിൽ ഇരുത്തി കുഞ്ഞിമാക്കം തമ്പുരാൻെറ പിന്നിൽക്കൂടി, "എന്താ പടി ഞ്ഞാറുനിന്നു് ഒരിളക്കംപോലെ തോന്നുന്നതു്?" എന്നു തമ്പുരാൻെറ ഏകാഗ്രത ഇളക്കി.

തമ്പുരാൻ—അതുതന്നെയാണ് ഞാനും സൂക്ഷിയ്ക്കുന്നതു്. പുറത്തുള്ള പോരിൽ പരുന്തുചാടക്കം കണ്ടിട്ടുണ്ടോ?

ക. മാക്കം—കുന്നിൻമുകളിൽനിന്നു ചാടി ആ സായ്പിൻെറ സൈന്യത്തെ ശരിയാക്കിയതു അങ്ങിനെയല്ലേ?

തമ്പുരാൻ—അതു ഒരു ചാട്ടംകൊണ്ടു കാൎയ്യം കഴിഞ്ഞു. ഒത്ത നിലത്തുവരുമ്പോൾ അതല്ലാ അടവു്. ഇതാ കണ്ടോളൂ. ഇനി കൎമ്മമാത്രംമതി. മുണ്ടാതെ സൂക്ഷി ച്ചോളൂ.

തമ്പുരാൻ പരുന്തു പറക്കുമ്പോലെ ആൾക്കൂട്ടംകണ്ട ദിക്കിലേയ്ക്കു് ഒരു ചാട്ടം. ആൾക്കൂട്ടം പതറി. "അയ്യോ!" "അപ്പോ!" എന്നീ നിലവിളി ഉച്ചത്തിലും തെരുതെരെ ആവൎത്തിച്ചും കേട്ടുതുടങ്ങി. കഞ്ഞിമാക്കം കുറച്ചുകൂടെ അ ടുത്തു തമ്പുരാൻെറ പോരാട്ടം സൂക്ഷിച്ചു. തമ്പുരാൻ ഇട യ്ക്കിടയ്ക്കു് പൊങ്ങുന്നതും താഴുന്നതും കണ്ടു. താഴോട്ടുവരു മ്പോൾ തമ്പുരാൻെറ വാൾ മിന്നിത്തിളങ്ങുന്നു. അപ്പോ ഴാണു് "അയ്യോ!" നിലവിളി അധികം. ഇങ്ങിനെ അര നാഴിക മിനക്കിടാതെ പോരു നടന്നു. "പഴശ്ശിവന്നു-ഓ ടിക്കൊൾവിൻ" എന്നു തലവൻ ആജ്ഞാപിയ്ക്കലും അ വൻെറ തല തെറിയ്ക്കലും ഒന്നിച്ചുകഴിഞ്ഞു. "എവിടെ യ്ക്കാ ഓടുന്നതു്?" എന്ന ശബ്ദം ശേഷിച്ചവർ തിരിഞ്ഞ തോടുകൂടി അവരുടെ മുമ്പിലെത്തി. "എൻെറ മുമ്പിൽ പെട്ടാൽ ഇതാണുഗതി" എന്നരുളിച്ചെയ്തു തമ്പുരാൻ ചെറുത്തു. തിരിഞ്ഞു തിരിഞ്ഞു വാൾവീശലും തുടങ്ങി.

"വയറു പിഴയ്ക്കാൻ ഇവരുടെകൂടെ കൂടിയതാണേ! തിരുമേനി രക്ഷിയ്ക്കണേ! എന്നു ചിലർ അഭയം പ്രാപി

ച്ചു. "എൻെറക്കൂടെയുള്ളപ്പോൾ വയറു നല്ലവണ്ണം നിറഞ്ഞിരുന്നുവല്ലോ. അതിലധികം ഇപ്പോൾ നിറയുന്നുണ്ടോ? ചതിയന്മാരേ!" ഇത്രയും ആയപ്പോഴേയ്ക്കു് ആൾക്കൂട്ടത്തിൽ ഒന്നു ബാക്കിയില്ലാതെ നിലംപതിച്ചു.

"തിരിഞ്ഞുനോക്കൂ! തിരുമനസ്സിന്നേ! എന്തോ ഒരു വെളിച്ചം കാണുന്നു" എന്നു മാക്കം അപായം അറിയിച്ചു.

തമ്പുരാൻ തിരിഞ്ഞു വെളിച്ചം കണ്ട സ്ഥലത്തേക്കു ചാടി ഒരു വെട്ടുവെട്ടിയപ്പോൾ രണ്ടു കഷണമായി വീണതു് ഒരു വേങ്ങാപ്പുലിയായിരുന്നു.

അതിൻെറ പല്ലു് അടിയത്തിന്നുവേണം. തലേക്കത്തിന്നു് മരുന്നിനാണു്" എന്നായി മാക്കം.

"പിന്നെ തോലെന്തിനാ കളയുന്നതു്" എന്നു തമ്പുരാനും. "ഇതാ മാക്കേ, പുലി നിൻെറ തൊടിയിൽ" എന്നു പറഞ്ഞു കാലുകൊണ്ടു പന്തുതട്ടുമ്പോലെ തിരുമേനി പുലിയെ തോണ്ടിയെറിഞ്ഞു.

മാക്കം അവിടെ കൂടിക്കിടക്കുന്ന മൃതദേഹങ്ങൾ നോക്കി. "അല്ലാ, ഇതു് ഓരോന്നും മൂന്നു മുറിഞ്ഞിട്ടുണ്ടല്ലോ" എന്നു ആശ്ചര്യം വെളിവാക്കി.

"അങ്ങിനെയാണു് പഴശ്ശിയുടെ പോരാട്ടം."

"ചെറുകഥ" കേരളോദയം; മദിരാശി. 31-5-'47

8

# വാത്സല്യം.

ക്രൂരിക്കാട്ടിൽ മാധവിയമ്മ അയൽ വീട്ടിലെ കുളത്തിൽ നിന്നു മേൽക്കഴുകി മടങ്ങിപ്പോകുമ്പോൾ മൂളിപ്പാട്ടും പാടി പടിയിന്മേൽ ആനന്ദമഗ്നനായിരിയ്ക്കുന്ന ആനന്ദകുമാരൻെറ കഴുത്തിലൊന്നു തട്ടി "ഞാനൊന്നു കടന്നുപോട്ടെ" എന്നു താണസ്വരത്തിൽ സമ്മതം ചോദിച്ചു. ഉടനെ ആനന്ദകുമാരൻ തിരിഞ്ഞുനോക്കി.

"അല്ല, മാധവിയമ്മയോ, വഴിതരാൻ ഭാവമില്ലെങ്കിലോ?"

"എന്നാൽ തട്ടിയിട്ടു ഞാനങ്ങുപോകും" എന്നു് അവർ ചിരിച്ചു.

"അത്രധൈര്യമുണ്ടോ?"

"ഈ വീരവാദമൊക്കെ ആനന്ദകുമാരനെ അമ്മയെപ്പോലെ സ്നേഹിയ്ക്കുന്ന എന്നോടാണോ വേണ്ടതു്?

"എന്നാൽ ഈ ദത്തുമകൻ തടയുന്നും ഇല്ല. എന്തെങ്കിലും വർത്തമാനം പറഞ്ഞു നിൽത്താൻ തോന്നി. എന്താ മുഖം ഒന്നു വാടിയപോലെ തോന്നുന്നതു്?

"ആനന്ദകുമാരനുള്ള ആനന്ദമെല്ലാം മററുള്ളവക്കു ണ്ടാകുമോ?"

"എൻെറ പേരിലുള്ള ആനന്ദം എനിക്കു് അനുഭവ ത്തിലുണ്ടെന്നാണോ വിചാരം? ഞാനിവിടെ ഉണ്ണുന്നുണ്ടെ ന്നല്ലാതെ എന്നോടു വാത്സല്യത്തോടെ രണ്ടു വാക്കു പറ യാൻ ഇവിടെയാരുമില്ലെന്നു മാധവിയമ്മയ്ക്കറിയില്ലേ? അതിന്നു് അയൽ വീട്ടിലുള്ള നിങ്ങളെയല്ലേ ദൈവം എനി യ്ക്കു തന്നിട്ടുള്ളതു്."

"എന്നാലും എൻെറ സ്ഥിതിയേക്കാൾ ഭേദമാണു്. ആനന്ദകുമാരന്നു് ഊണിന്നു മുടക്കമൊന്നുമില്ലല്ലോ. എനി യ്ക്കു് ഇന്നുച്ചയ്ക്കു് ഒന്നും കഴിയ്ക്കാൻ തരമായിട്ടില്ല. വൈകു ന്നേരത്തെ കാര്യവും സംശയത്തിലാണു്."

ആനന്ദകുമാരൻ ഞെട്ടിയെഴുന്നീററു. "എന്തു? ഇന്നു ഇതുവരെ ഒന്നും കഴിച്ചിട്ടില്ലേ? ആട്ടെ. ഇവിടെ കുറച്ചു നില്ക്കു. എൻെറ കാപ്പി ഞാൻ കുടിയ്ക്കാതെ വെച്ചിട്ടുണ്ടു്. അതു തരാം. പിന്നെ ഒരുറുപ്പികയും എൻെറ കയ്യിലുണ്ടു്. അതുകൊണ്ടു വല്ലതും വാങ്ങി ഇന്നത്തെ രാത്രി കഴിക്കൂ."

എന്നു പറഞ്ഞു് ആനന്ദകുമാരൻ ഒരോട്ടം. ഒരു നൊടിയിടയ്ക്കുള്ളിൽ ഇങ്ങോട്ടുതന്നെ ചാടിയെത്തി. കാ പ്പിയും ഉറുപ്പികയും മാധവിയമ്മയുടെ കയ്യിൽ കൊടുത്തു. കാപ്പി ഞാണ്ടയറിയാതെ തന്നെ മാധവിയമ്മ കുടിച്ചു. ഉറുപ്പിക വാങ്ങി ആനന്ദകുമാരൻെറ നെററുകയിൽ തൊട്ടു്

എന്റെ കുട്ടീ! ഈ ഉപകാരം ഞാനൊരിയ്ക്കലും മറക്കില്ല. ഞാൻ പെററമകൻ എവിടേയോ കിടക്കുന്നു! എങ്കിലും ദൈവം എന്നെ സ്നേഹിയ്ക്കാൻ ഇങ്ങനെയൊരു മകനെ എനിക്കു തന്നുവല്ലോ."

"ഞാൻ ഇനി അമ്മേ! എന്നുതന്നെ വിളിയ്ക്കട്ടെ? ഇനി ഒട്ടും താമസിയ്ക്കാതെ അമ്മപോയി വിശപ്പടക്കാനുള്ള വഴി നോക്കൂ."

"ഇതിന്നുള്ള പ്രതിഫലം എന്റെ കുട്ടിയ്ക്കു ദൈവം തന്നെ തരും" ഇതു കേട്ടപ്പോഠം ആനന്ദകുമാരന്നു ഒരു ഫലിതമാണു് തോന്നിയതു്.

"ദൈവവും ഞാനുമായുള്ള കണക്കു വേറെയാണു്. അമ്മയ്ക്കു വല്ലതും തരണമെന്നു തോന്നുന്നുണ്ടെങ്കിൽ അതു നേരിട്ടുതന്നെ തന്നാൽ മതി."

"ഈ സാധുവിന്റെ കയ്യിൽ എന്തുണ്ടു്? സ്നേഹിക്കുന്ന ഒരു ഹൃദയമുണ്ടു്."

"അതുമതി, ലോകത്തിൽ പണംകൊടുത്താൽ കിട്ടാത്തതാണതു്."—അവർ തല്ക്കാലം പിരിഞ്ഞു.

2

ആനന്ദകുമാരൻ നല്ല തൻേറടമുള്ള ഒരു ചെറുപ്പക്കാരനാണു്. ഒരു സ്വത്തുള്ള തറവാട്ടിലാണു് ജനിച്ചു അനുഭവം മറിച്ചാണു്. തന്റെ അമ്മയുടെ

ജ്യേഷ്ഠൻ കാരണവരായിട്ട് അധികകാലം ഇരുന്നില്ല. കാരണവർ സ്ഥാനം മറെറാരു താവഴിയിലേയ്ക്കു മാറിയപ്പോഠം ആനന്ദകുമാരൻ പുറംതട്ടായി. തറവാട്ടിൽനിന്നു ചോറല്ലാതെ വേറെയൊന്നും കിട്ടുകയില്ലെന്നും തീർച്ചയായി. പഠിക്കാനുള്ള മോഹമാണെങ്കിൽ അതികലശൽ. അച്ഛനെക്കൊണ്ട് ഇടക്കുവല്ലതും കൊടുക്കാൻ സാധിക്കുമെന്നല്ലാതെ മാസംതോറും ഫീസടച്ച് അവനെ പഠിപ്പിക്കുവാൻ അദ്ദേഹത്തിനു വകയുമില്ല. വീട്ടിന്നടുത്തുള്ള പ്രാഥമിക വിദ്യാലയത്തിലെ പഠിപ്പു കഴിഞ്ഞു. പിന്നെ നാലു നാഴിക ദൂരെയുള്ള ഹൈസ്കൂളിൽ ചേരണം. നാലു നാഴിക നടന്നു പഠിക്കുവാൻ കഴിയുമെങ്കിൽ ഒരു കുറിവെച്ചിട്ടെങ്കിലും ഫീസിന്നും പുസ്തകത്തിനുമുള്ള പണമുണ്ടാക്കാമെന്ന് അവൻെറ മൂത്ത സഹോദരി ഏററു. പഠിക്കുവാൻ സൗകര്യം കിട്ടുകയാണെങ്കിൽ നാലും അതിലിരട്ടിയും നടക്കാനൊരുക്കമുള്ള കുമാരൻ ഹൈസ്കൂളിൽ ചേൎന്നു. ഒരു ദിവസം എട്ടു നാഴിക നടക്കേണ്ടതായിരുന്ന ആനന്ദകുമാരന് പഠിക്കാൻ സമയം കഷ്ടിയായിരുന്നെങ്കിലും പരീക്ഷ കഴിഞ്ഞാൽ ഒന്നാമനായോ രണ്ടാമനായോ അയാളുടെ പേർ വിജയപ്പട്ടികയിൽ കാണാതിരിയ്ക്കുകയില്ല. അങ്ങിനെ ഒന്നാംകിടയിൽതന്നെ അയാളുടെ ഹൈസ്കൂഠം വിദ്യാഭ്യാസം കഴിഞ്ഞു. അതിനുശേഷം കോളേജിൽ ചേരണമെന്നുള്ള ആശയും ജനിച്ചു. അതിനു കോഴിക്കോട്ടേയ്ക്കോ പാലക്കാട്ടേയ്ക്കോ പോകാതെ നിവൃത്തിയില്ലെന്നായി. കഷ്ടപ്പെട്ടാലും ഇത്ര ബുദ്ധിയുള്ള

സോദരനെ പഠിപ്പിയ്ക്കണമെന്നു ജ്യേഷ്ഠത്തിക്കും കൗതുകം വളൎന്നുവന്നു.

കോഴിക്കോട്ട് അന്നു ചേക്കോട്ടു (ആനന്ദകുമാരന്റെ വീട്ടുപേർ)കാൎക്ക് ഒരു ബന്ധുവീടുണ്ടായിരുന്നു. സോദരി അവരുമായി എഴുത്തുകുത്തു നടത്തി. ആനന്ദകുമാരന്ന് അവിടെ താമസിയ്ക്കുവാനുള്ള ഏൎപ്പാടുകൾ ചെയ്തു. എന്നാൽ ചന്ത്രോത്തുവീട്ടുകാരാകട്ടെ, ബുദ്ധിയും സ്വഭാവഗുണവുമുള്ള ആ കുട്ടിയെ സന്തോഷത്തോടുകൂടിയല്ല സ്വീകരിച്ചതു്. ബന്ധുത്വമോൎക്കുമ്പോൾ താമസിയ്ക്കരുതെന്നു പറയാൻ വയ്യ. ഒരാൾക്കുള്ള ചോറ് അധികച്ചെലവു വരുന്നല്ലോ എന്നു സങ്കടമുണ്ടുതാനും. അങ്ങനെയാണ് അവരുടെ മനഃസ്ഥിതി. അവിടെയുള്ളവരുടെ ഊണു കഴിഞ്ഞതിന്നുശേഷമേ ആനന്ദകുമാരനെ ഉണ്ണാൻ വിളിയ്ക്കാറുള്ളു. വിഭവങ്ങൾ വേണ്ടവിധം കിട്ടണമെങ്കിൽ വാല്യക്കാരന്റെ ദയാദാക്ഷിണ്യം ആശ്രയിയ്ക്കുകയും വേണം. ഇങ്ങിനെ കയ്ച്ചിട്ടിറക്കാനും വയ്യ, മധുരിച്ചിട്ടു തുപ്പാനും വയ്യ എന്ന നിലയിൽ ആനന്ദകുമാരൻ അവിടെ കഴിയുന്നതുകണ്ടു് അനുകമ്പ തോന്നീട്ടുള്ള ഏകവ്യക്തിയാണു് അയൽവീട്ടിലുള്ള മാധവിയമ്മ. ചന്ത്രോത്തു കുളത്തിൽ കുളിയ്ക്കാനും മേൽ കഴുകാനും എല്ലാ ദിവസവും അവർ എത്താതിരിക്കയില്ല. അപ്പോഴെല്ലാം ആനന്ദകുമാരനെ കണ്ടാൽ നല്ല രണ്ടുവാക്കു പറഞ്ഞു സമാധാനിപ്പിക്കാതെ പോകയുമില്ല. പ്രായംകൊണ്ടും ആകൃതികൊണ്ടും തന്റെ മകനെപ്പോലെയാണു് ആനന്ദകുമാരനെന്നുള്ള തോന്നലാണു് അവൎക്ക് ആ കുട്ടിയിൽ ജനിച്ച കൗതുകത്തിന്നും വാ-

ത്സല്യത്തിന്നാഹേതു. ആനന്ദകുമാരൻ കോഴിക്കോട്ടേയ്ക്കു വന്നകാലത്തു് മാധവിയമ്മയ്ക്കു ഭർത്താവുണ്ടായിരുന്നു. ആറുമാസം കഴിഞ്ഞപ്പോൾ അയാൾ പെട്ടെന്നു മരിച്ചു. അതിന്നുശേഷം ആ്യമ്മയ്ക്കു കഷ്ടപ്പാടുകളും ഓരോന്നായി വർദ്ധിയ്ക്കാൻ തുടങ്ങി. ഭർത്താവുള്ളപ്പോൾ പലപ്പോഴും ആനന്ദകുമാരനെ വീട്ടിലേയ്ക്കു ക്ഷണിച്ചു ചായപലഹാരാദികൾ കൊടുക്കാറുണ്ടായിരുന്നു. ആ നിലയൊക്കെവിട്ടു നിത്യവൃത്തിക്കു അവർ കുഴങ്ങുന്ന ഘട്ടത്തിലാണു് മേൽ വിവരിച്ച സംഭാഷണം നടന്നതു്. നമ്മുടെ കുമാരനു് എട്ടു ദിവസത്തേയ്ക്കു് ഉച്ചയ്ക്കുള്ള ലഘുഭക്ഷണത്തിന്നുള്ളതാണു് അന്നുച്ചയ്ക്കു അവൻ ആ യമ്മയ്ക്കു കൊടുത്തതു്.

3

ഇങ്ങിനെ ഏതാനും മാസങ്ങൾ കഴിഞ്ഞു പണത്തിന്നുള്ള തിടുക്കങ്ങൾ ആനന്ദകുമാരനു് ഓരോന്നായി വരാൻ തുടങ്ങി. മാധവിയമ്മയ്ക്കുവേണ്ടി ഉച്ചഭക്ഷണം ഉപേക്ഷിയ്ക്കയാൽ ദേഹത്തിന്നു ക്ഷീണവും ബാധിച്ചു. ചിലപ്പോൾ ചങ്ങാതിമാർ അവൻെറ സ്ഥിതിയറിഞ്ഞു സല്ക്കരിക്കും. ചിലപ്പോൾ മുണ്ടു മുറുക്കെച്ചുററി വിശപ്പില്ലെന്നു നടിക്കും. കോളേജുവിട്ടുവന്നാൽ കൊടുക്കാറുള്ള കാപ്പിയും പാലിന്നു ക്ഷാമമാണെന്നു പറഞ്ഞു ചന്ത്രോത്തുകാർ നിർത്തി. മാധവിയമ്മയ്ക്കു് അവനെന്തോ സഹായിയ്ക്കുന്നുവെന്നറിഞ്ഞതാണു് അതിന്നുള്ള ശരിയായ കാരണം. ഇൻറർമീഡിയററുപരീക്ഷയ്ക്കു് അക്കൊല്ലം അയാൾക്കു പോകയുംവേണം. അയാളെ സഹായിച്ചിരുന്ന ജ്യേഷ്ഠത്തി ദീനത്തിൽ

കിടപ്പായി. ഇടക്കു വല്ലതും ആവശ്യപ്പെട്ടാൽ അയച്ചു കൊട്ടത്തിരുന്ന ഒരമ്മാമനും യുദ്ധത്തിൽ ചേൎന്നു. ഒന്നുരണ്ടു മാസമായി അദ്ദേഹത്തിന്റെ വൎത്തമാനവും ഇല്ല. ഒരാഴ്ച യ്ക്കുള്ളിൽ പരീക്ഷയ്ക്കുള്ള പണവും അടയ്ക്കണം. ചന്ദ്രോത്തുവീട്ടുകാരിൽ ചിലർ ധാരാളം പണം കരുതീട്ടുള്ളവരാണെങ്കിലും അവരോടു ചോദിക്കുവാൻ അയാൾക്കു മനസ്സ മില്ല. തല്ക്കാലസ്ഥിതിക്കു മടക്കിക്കൊടുക്കാമെന്നു പറയാനും ധൈൎയ്യമില്ല.

ഈ വിഷമസ്ഥിതി ആനന്ദകുമാരനെ വല്ലാതെ ശല്യപ്പെടുത്തി. പരീക്ഷയ്ക്കു പണമടയ്ക്കാൻ സാധിച്ചില്ലെങ്കിൽ അതുവരെ കഷ്ടപ്പെട്ടതെല്ലാം വെറുതെയായി. "എന്താണീശ്വര! വേണ്ടതു്" എന്നു വിഷാദിച്ചു് അവൻ പഠിക്കുന്ന മുറിയിൽതന്നെ ഇരുന്നു. പതിവുപ്രകാരം ആനന്ദകുമാരനെ മുററത്തോ പടിയ്ക്കലോ കാണാതിരുന്നപ്പോൾ അവന്നു സുഖക്കേടായെയൊ എന്നു ശങ്കിച്ചു മാധവിയമ്മ കുളികഴിഞ്ഞുപോകുമ്പോൾ ചന്ദ്രോത്തു വീട്ടിലേക്കു അന്വേഷിക്കാനായികേറി. അവിടെയുള്ള സ്ത്രീകളോടു കുശലം ചോദിക്കുകയെന്ന ഭാവത്തിൽ ഒന്നു രണ്ടു വാക്കു് പറഞ്ഞു് ആനന്ദകുമാരന്റെ പഠിപ്പുമുറിയുടെ കിളിവാതിൽക്കൽ ചെന്നു. അവൻ മേശമേൽ തലവെച്ചു കിടക്കുന്നതുകണ്ടു്.

"എന്താ കുമാരനു് സുഖക്കേടു വല്ലതും ഉണ്ടോ? പടിക്കലേക്കു വരൂ! എനിക്കു ചിലതു പറയാനുണ്ടു്" എന്നു് അവനെ ഉണൎത്തി.

തലവേദനയുള്ളപ്പോൾ ചന്ദനം പുരട്ടിയതുപോലു ള്ള ആ വാക്കുകൾകേട്ട് തൻെറ വിഷാദങ്ങൾ തല്ക്കാലം മറന്ന പടിക്കലേക്കു മാധവിയമ്മയെ അവൻ അനുഗ മിച്ചു.

മാധവിയമ്മ തുടൎന്നു.

"കുമാരന്നു് എന്താ ഒരു വല്ലാസ്ഥ, എന്നെക്കൊണ്ടു് ആവുന്നതാണെങ്കിൽ അതു തീൎക്കാൻ നോക്കാലോ"

"നിങ്ങടെ കഷ്ടപ്പാടു തീൎക്കാൻതന്നെ നിങ്ങൾ കുഴ ങ്ങുന്നു. അക്കൂട്ടത്തിൽ എൻെറ പ്രാരബ്ധവുംകൂട്ടണോ?"

"അങ്ങനെ വിചാരിക്കേണ്ട, ഞാനും കുമാരനും വേ റെയാണെന്നല്ലല്ലോ ഇതുവരെയുള്ള സങ്കല്പം. അതുകൊ ണ്ടു പറയാൻ മടിയ്ക്കേണ്ട. ഒരാഴ്ചയ്ക്കിപ്പുറം എൻെറ ഗൃ ഹപ്പിഴയും നീങ്ങിവരുന്നുണ്ട്. എനിയ്ക്കിവിടെ ഒരു ബന്ധു വുണ്ടായിട്ടുണ്ടു്. അതുകൊണ്ടു് അത്താഴപ്പട്ടിണിയില്ലാതാ യിട്ടുണ്ടു്. ചിലപ്പോൾ വല്ലതും തന്നിട്ടുപോവും. അതു കൊണ്ടു് മുത്താഴവും ഒരുവിധം കഴിച്ചുകൂട്ടും. ഒരു പതിന ഞ്ചുറുപ്പിക കടം ചോദിച്ചു. അതു തന്നിട്ടാ ഇന്നുപോയ്ത്. കുമാരന്നു പരീക്ഷഫീസിന്നുള്ള പണം വന്നിട്ടില്ലെന്നു കേട്ടു. അതിലേയ്ക്കു് ഇതാ എടുത്തോളൂ."

മാധവിയമ്മ മടിയിൽനിന്നു് ഉറുപ്പികയെടുത്തു് ആനന്ദകുമാരൻെറ വലത്തെകൈപിടിച്ചു അതിൽ വെച്ചു കൊടുത്തപ്പോൾ അയാളുടെ കണ്ണുകളിൽ വെള്ളം നിറ ഞ്ഞു. തല്ക്കാലം ഒന്നും സംസാരിക്കാൻ കഴിയാതെനിന്നു.

മാധവിയമ്മ കുമാരന്റെ മുഖമൊന്നു തലോടി താടിപിടിച്ചുപൊന്തിച്ചു "ദൈവം നമ്മെ ഉപേക്ഷിയ്ക്കില്ല. ഇന്നു തന്നെ ഇതടച്ചു വൈകുന്നേരം മൂളിപ്പാട്ടുംപാടി ഈ പടിയിന്മേൽ വന്നിരിക്കൂ. എനിയ്ക്കു് അതു കാണുന്നതുപോലെ ഒരാനന്ദം വേറെ ഒന്നുകണ്ടാലും ഇല്ല." എന്നു വാത്സല്യകളഭം ഉള്ളിലും പുറത്തും പുരട്ടി.

കുമാരൻ സ്വാസ്ഥ്യം പൂണ്ടു.

"ഇതു ഞാനും മറക്കില്ല കേട്ടോ! ഒരു കാലത്തു് ഈ മകൻ ഈ അമ്മയുടെ ദുഃഖങ്ങളൊക്കെ തീക്കും"

"നമുക്കു രണ്ടുപേക്കും അന്യോന്യം മറക്കാൻ സാധിക്കുമോ? ഏതായാലും തരുന്നതുനേരിട്ടുതന്നെ വേണമെന്നു് ആശിച്ചതുപോലെ ആയല്ലോ."

"അന്നു നേരംപോക്കു പറഞ്ഞതു മറന്നിട്ടില്ല. അല്ലേ"

കുമാരന്റെ ഒരു വാക്കും ഞാൻ മറക്കില്ല,ട്ടൊ—

"ദൈവവുമായുള്ള കണക്കിൽ എന്നെയും ചേക്കണെ"

"ഫലിതത്തിൽ ഞാൻ തോററു.

"വാത്സല്യത്തിൽ ഞാനും"

പാരിജാതം മിഥുനം 1122

9

# ആ ഹരിണാക്ഷി.

---

നവവധുവായ് നന്ദിനിയമ്മയുടെവരവോടുകൂടിവക്കീൽ സുന്ദരേശമേനോൻെറ വീട്ടിൽ ഒരു പുതിയ വെളിച്ചം പ്രകാശിയ്ക്കുവാൻതുടങ്ങി. മുഖത്ത് ഏതുസമയത്തും വിളയാടുന്ന പുഞ്ചിരി, ഭൎത്താവിൻെറ ഹിതങ്ങൾ അദ്ദേഹം വിചാരിയ്ക്കുമ്പോഴേയ്ക്കും ചെയ്തുകൊടുക്കാനുള്ള വകതിരിവ്, വാലിയക്കാരോട് അനുകമ്പപുരട്ടികൊണ്ടുള്ള പെരുമാററം, വിരുന്നുകാരോടു വിനയാദരം നിറഞ്ഞ പ്രസന്നത എന്നീ ഗുണങ്ങൾ അവരിൽ ഇണങ്ങിക്കണ്ടതോടുകൂടി ആ സതീരത്നത്തെ പരദൈവം പോലെ ആദരിയ്ക്കാനും ആരാധിയ്ക്കാനും സുന്ദരേശമേനോനുതോന്നിയെങ്കിൽ അതു് അദ്ദേഹത്തിന്നുണ്ടായിരുന്ന ഔചിത്യബോധത്തിൻെറ ലക്ഷണമായിട്ടേകരുതേണ്ടതുള്ളു. വക്കീൽപണികൊണ്ടു കിട്ടുന്നസമ്പാദ്യം ഒന്നിനുപത്താക്കി അനുഭവപ്പെടുത്തിക്കൊടുക്കാൻ നന്ദിനിയമ്മയ്ക്കുള്ള സാമൎത്ഥ്യം

വിധിതന്നനിധിയാമീനന്ദിനി
വിവിധകാമം തരുവാൻനന്ദിനി

എന്നു് അവരെപ്പററി സുന്ദരേശമേനോൻ അഭിമാനിയ്ക്കാനും ഇടയാക്കി.

ദാംപത്യത്തിൻെറ കരിനിഴൽതട്ടാതെ അതിമോഹനമായ ഒരന്തരീക്ഷം അവരുടെ കുടുംബജീവിതത്തിൽ പട

ന്നു പിടിച്ചു. അതിൽനിന്നുതാനെ കിളന്നു പൊങ്ങിയ പരമാനന്ദപരിമളം പരിസരങ്ങളിലേക്കും പകന്നു. അങ്ങാടിപ്പുറത്തുള്ള പൗരന്മാൎക്കു ഈ മാതൃകാദംപതിമാരെപ്പററിയുള്ള ബഹുമാനം നാൾതോറും വൎദ്ധിച്ചുംവന്നു. രാജ്യകാൎയ്യങ്ങളിലോ സമുദായകാൎയ്യങ്ങളിലോ ഒരു പുതിയ പരിപാടിവേണമെന്നുവന്നാൽ, അതിന്നു ഗണപതികുറിയ്ക്കുാൻ നന്ദിനി സുന്ദരേശന്മാരെ സമീപിയ്ക്കുയെന്നതു് ആ നാട്ടുകാരുടെയിടയിൽ ഒരു പതിവായിത്തീൎന്നു. ആരേയും പിണക്കാതെയും എല്ലാവരേയും കൂട്ടിയിണക്കിയും ഏതുകാൎയ്യത്തിലും ഇറങ്ങി പ്രവൎത്തിയ്ക്കുവാൻഅവൎക്കുള്ള വൈഭവം ആ ദിക്കിലെ കുട്ടികൾക്കുകൂടി ബോധ്യപ്പെട്ടിരുന്നു.

ഇങ്ങനെ ഇവരുടെ കീൎത്തിസൗധംഉയൎന്നു നിൽക്കുമ്പോഴാണു് നന്ദിനിയമ്മയുടെ സഹോദരനായ നന്ദനമേനോൻ ബിലാത്തിയിൽ നിന്നു ഡോക്ടർ ബിരുദം സമ്പാദിച്ചു മടങ്ങിവന്നതു്. ഇരട്ടപെറവുണ്ടായ ഈസോദരീസോദരന്മാൎക്കു പിറവിയിൽ തന്നെ ആകൃതിയിലും പ്രകൃതിയിലും സൗകുമാൎയ്യ സാദൃശ്യ മുണ്ടായിരുന്നതിനാലാണു് അമ്മയച്ഛന്മാർ അവൎക്കു നന്ദിനീനന്ദനന്മാരെന്നുനാമകരണം ചെയ്തതു്. അവരുടെ യൗവനപ്രാപ്തിയിൽ ആ സാദൃശ്യത്തിന്നു തിളക്കം കൂടിയതോടുകൂടി ലോകരഞ്ജനമെന്ന ഗുണം ചേരുകയുമുണ്ടായി—സ്വൎണ്ണത്തിന്നു സൗരഭ്യംചേൎന്നാലെന്നതുപോലെ. "വിദ്യാഭ്യാസ" മെന്ന വിഷയത്തിലാണു് നന്ദനമേനോൻ ഡോക്ടർബിരുദം സമ്പാദിച്ചതു്. അദ്ദേഹത്തിൻെറ ആഗമനത്തോടുകൂടി നന്ദിനീ സുന്ദരേശന്മാരുടെ ഭവനം "ആനന്ദമന്ദിര"മായി പരിണമിച്ചു.

അതിന്റെ അനപത്ഥതയെ പ്പററി ആൎക്കും പിന്നീടുതൎക്കമു ണ്ടായിട്ടില്ല. ധനികനായ മേനോൻ ബിലാത്തിയിലിരു ന്നപ്പോൾ വാങ്ങിയ കാറു താമസിയാതെ വന്നു ചേൎന്നപ്പോ ൾ ആ കുടുംബത്തിന് ഒരു പുതുമകൂടി നേട്ടമുണ്ടായി എന്നു മാത്രമല്ല, നാട്ടുകാർ അതിലെ അംഗങ്ങളെ സമുദായത്തി ന്റെ "കണ്ണുംകയ്യു"മായി അഭിഷേകവും ചെയ്തു. അങ്ങാ ടിപ്പുറത്തുകാൎക്ക് അവരുടെ കാറ് ദിവസത്തിലൊരിക്കലെ ങ്കിലും കാണാതെ സുഖമില്ലെന്നായി. നല്ലവരെ കണ്ടു കൊണ്ടിരിക്കുന്നതുതന്നെ ഒരു ഭാഗ്യമാണല്ലോ. അവരാ കട്ടെ മററുള്ളവരുമായുള്ള പെരുമാററത്തിൽ തങ്ങളുടെ വമ്പുംപ്രതാപവും കാണിച്ചതുമില്ല. പരാനന്ദവും പരപ്രീ തിയുമായിരുന്നു അവരുടെ ജീവിതാദർശം. മരണമോ ആ പത്തോ വല്ല വീട്ടിലുമുണ്ടെന്നറിഞ്ഞാൽ ആദ്യം അവിടെ ച്ചെന്നു് അന്വേഷണം നടത്തുന്നതു് നന്ദിനീ നന്ദനന്മാ രായിരിക്കും. ഒഴിവുള്ളപ്പോഴെല്ലാം സുന്ദരേശമേനോനും അവരെ അനുഗമിയ്ക്കും. ഒരു ധർമ്മപത്നി എന്ന നില യിലും ഒരു മാതൃകാസോദരിയെന്ന നിലയിലും സാക്ഷാൽ നന്ദിനിയെപ്പോലെ നന്ദിനിയമ്മ സകലാരാദ്ധ്യയായി വി ളികൊണ്ടു. ഇങ്ങനെ ആനന്ദമന്ദിരനിവാസികളുടെ പേ രും പെരുമയും വൎദ്ധിച്ചതോടുകൂടി അങ്ങാടിപ്പുറം ഹൈ സ്കൂൾ ഒരു കോളേജായി ഉയരുകയും അതിലെ പ്രിൻസി പ്പാളായി ഡോ. നന്ദനമേനോൻ പ്രതിഷ്ഠിതനാകയും ചെയ്തു. അതിലേയ്ക്കു വേണ്ട മൂലധനത്തിന്റെ . മുക്കാൽ പങ്കും ഡോ. മേനോൻ തന്റെ വലിയ പണസ്സഞ്ചിയിൽ നിന്നുതന്നെ എടുത്തുപയോഗിച്ചിരുന്നു. ഈ ത്യാഗം

നന്ദനമേനോനെ ഒരു മഹാത്മാവാക്കിയെങ്കിൽ അതിലെ ത്ഭുതവുമില്ലല്ലോ.

അങ്ങാടിപ്പുറം നിവാസികളുടെ ഹൃദയത്തിൽ ഇങ്ങനെ കുടികൊണ്ട ഡോക്ടർ മേനോന് തന്റെ ഹൃദയത്തിൽ ഇരുത്തി ലാളിയ്ക്കാനായി ഒരു വ്യക്തിയല്ലെന്നുള്ള കുറവുമാത്രം അവശേഷിച്ചു. അതു പരിഹരിക്കുവാൻ ഔചിത്യനിധികളായ നന്ദിനീസുന്ദരേശന്മാർ ശ്രമിക്കാതിരിക്കുന്നതല്ലല്ലോ. ഒരു ദിവസം ഡോക്ടർ പുറത്തുപോയ സമയം അവർ തമ്മിൽ ഒരു സംഭാഷണമുണ്ടായി.

സുന്ദരേശൻ—പിന്നെ,—നന്ദിനീ, നന്ദനന്റെ വരവോടുകൂടി നന്ദിനിയുടെ കുടുംബഭാരം വളരെ കുറഞ്ഞു, ഇല്ലേ? ഇങ്ങനെ അന്യോന്യം ഉള്ളഴിഞ്ഞുസ്നേഹിക്കുന്ന സോദരീസോദരന്മാരെ ഞാൻ കണ്ടിട്ടില്ല. നിങ്ങൾക്കു "കണ്ണു" തട്ടുമോ എന്നെനിയ്ക്കു ഭയംതോന്നിത്തുടങ്ങി. മുഖസ്തുതി പറകയല്ല.

നന്ദിനി—(നേരംപോക്കായി) അതു കുറെ മുമ്പാണ് വേണ്ടിയിരുന്നതു്. ഇപ്പോൾ നുകംവെച്ചകന്നുപോലെയായില്ലേ?

സുന്ദ—എന്താ, ഇത്ര ക്ഷണം മടുത്തുവോ?

നന്ദിനി—അങ്ങനെയാണെങ്കിൽ ഇങ്ങിനെ നേരംപോക്കു പറയാനിരിക്കുമോ?

സുന്ദ—അതിരിക്കട്ടെ, ജ്യേഷ്ഠൻ ഇങ്ങിനെ ഒററയായിരുന്നാൽ മതിയോ?

നന്ദി—അതു് ജ്യേഷ്ഠനോടല്ലേ ചോദിയ്ക്കേണ്ടതു്?

സുന്ദ—നന്ദനന്നു് ഒരു കൂറ തെളിഞ്ഞ കൂട്ടുകാരിയെ കണ്ടുപിടിക്കണം.

നന്ദി—ഇഷ്ടംപോലെയുള്ള ഒരു ബന്ധത്തിൽ ജ്യേഷ്ഠൻ ഇണങ്ങിക്കാണണമെന്നു് എനിക്കു വളരെ മോഹമുണ്ടു്. അതുംകൂടിയായാലേ നമ്മുടെ സുഖത്തിന്നു് ഒരു തികവു വരികയുള്ളൂ.

സുന്ദ—അതു ശരിയാണു്. നന്ദനന്റെ കറകളഞ്ഞ സ്വഭാവവും, ഔദാര്യവും കാണുമ്പോൾ അതിലും വലിയ ആദർശം പരിപാലിക്കുന്ന കൂട്ടത്തിലായിരിയ്ക്കണം.

നന്ദി—ചെറുപ്പക്കാരുടെ ചാപല്യങ്ങളൊന്നും ജ്യേഷ്ഠനെ ബാധിച്ചതായിട്ടു തോന്നുന്നില്ല; ബിലാത്തിമട്ടും അദ്ദേഹത്തിനെ ദൂഷിപ്പിച്ചിട്ടില്ല.

സുന്ദ—ഇതിലെനിക്കു ചൊട്ടൊന്നുമില്ലല്ലോ?

നന്ദി—എന്താ, "എന്നെക്കണ്ടാൽ കിണ്ണംകട്ടു"വെന്നു തോന്നാൻ?

സുന്ദ—വാക്സാമർത്ഥ്യം നന്ദിനിയെപ്പോലെ എനിയ്ക്കില്ലേ! വക്കീൽമിരട്ടു് ഇവിടെ ചെലവാകയുമില്ല.

നന്ദി—ആ അടവൊന്നും ഇവിടെ വേണ്ട. വെളുപ്പു കറുപ്പാക്കാനും കറുപ്പു വെളുപ്പാക്കാനും നിങ്ങൾക്കു മടിയില്ലല്ലോ. നേരംപോക്കു് പിന്നെയാകാം. ജ്യേഷ്ഠൻ വന്നതിനുശേഷം കുമുദിനിയുടെ വരവു് ഇങ്ങോട്ടുവളരെ ചുരുങ്ങിയിരിക്കുന്നു.

സുന്ദ—അപ്പോൾ നന്ദിനി ഈ കാര്യം ആലോചിച്ചിട്ടുണ്ടു്.

നന്ദി—ഇങ്ങനെയുള്ള കാര്യങ്ങളിൽ ഞങ്ങൾ കടന്നു സംസാരിക്കുന്നതു് സൂക്ഷിച്ചുവേണമല്ലൊ! എന്നെ സ്നേഹിക്കുന്നവർക്കു് എന്റെ ജ്യേഷ്ഠന്റെ യോഗക്ഷേമത്തിലും താല്പര്യം കാണേണ്ടതല്ലേ? അതു കാണിയ്ക്കുന്നതു് കാത്തിരിയ്ക്കുകയായിരുന്നു ഞാൻ. പിന്നെ ഇതൊക്കെ ബന്ധുക്കളുടെ ചുമതലയല്ലേ?

സുന്ദ—അങ്ങിനെവരട്ടെ. ജ്യേഷ്ഠനു ചേന്ന അനുജത്തിതന്നെ. അകവും പുറവും ഒരുപോലെ മനോഹരമായാലേ സുഖമുള്ളു. കുമുദിനിയമ്മയ്ക്കു നല്ല പേരാണു് ഇദ്ദിക്കിൽ. ബാലികാവിദ്യാലയത്തിന്റെ സകല ശ്രേയസ്സിനും കാരണം അവരാണെന്നാ. പക്ഷേ സൗന്ദര്യത്തിൽ ജ്യേഷ്ഠനൊത്ത ഒരു പെണ്മണിയെ കാണുന്നതു് എളുപ്പമല്ല. അനുജത്തിതന്നെയുള്ളൂ. ഇവിടെ എല്ലാംകൊണ്ടും കുമുദിനിയമ്മതന്നെയാണു് മുന്നിട്ടുനില്ക്കുന്നതു്. വിദ്യാഭ്യാസവും

വിവേകവും, തറവാടിത്തവും ഒന്നിനൊന്നു് മത്സരിച്ചുകൊണ്ടാണു് അവരിൽ കുടികൊള്ളുന്നതു്.

നന്ദി—വിവാഹബന്ധത്തിൽ സൗന്ദര്യം സഹായമാണെന്നല്ലാതെ അതിലധികം പ്രാധാന്യം കല്പിച്ചാൽ അവസാനം അബദ്ധമാണു്. ആ കുറിക്കൂട്ടിൽ സുഗന്ധം കൂട്ടാനുള്ള ചേരുമാനങ്ങൾ വേറെ പലതുമുണ്ടെന്നു ഞാൻ പറഞ്ഞുതരണോ? കുമുദിനിയമ്മയ്ക്കു ജ്യേഷ്ഠനെ ഏല്പിച്ചുകൊടുക്കുന്നതിനു് എനിക്കു സമ്മതമാണു്. ആയമ്മയെ ഒന്നിങ്ങോട്ടു ക്ഷണിച്ചുവരുത്തി ജ്യേഷ്ഠനു പരിചയപ്പെടുത്തിക്കൊടുക്കുക. അതിന്നപ്പുറം അവൾക്കും ഏല്പിക്കുക.

സുന്ദ്—ആ വഴി ഒന്നാന്തരം! ഇന്നുതന്നെ ഉണ്ണാൻ ഇങ്ങോട്ടുവരാൻ എഴുതു. ഇന്നും നാളെയും ഒഴിവാണല്ലോ.

സംഭാഷണം ഈ പതനത്തിലെത്തിയപ്പോൾ പടിയ്ക്കൽ ഒരു ജട്ക്കാവണ്ടി വന്നുനിന്നു. "അച്ഛനിച്ഛിച്ചതും വൈദ്യൻ കല്പിച്ചതും പാല്" എന്ന മട്ടിൽ കുമുദിനിയമ്മ അതിൽനിന്നിറങ്ങുകയും ഇവർ ഇരിക്കുന്നേടത്തേക്കു കയറി വരികയും ചെയ്തു.

നന്ദി—എന്താ കുറച്ചുദിവസമായിട്ടു കാണാഞ്ഞതു് എന്നു വിചാരിച്ചിരിയ്ക്കുകയായിരുന്നു.. ഇതാ! ഇപ്പോൾ ഞങ്ങൾ പറഞ്ഞതേ ഉള്ളു. ഊണിനു ക്ഷണിക്കാൻ ഒ

രെഴുതെഴുതാനും തുടങ്ങുകയായിരുന്നു. ജ്യേഷ്ഠൻ ബിലാത്തിയിൽനിന്നു വന്നതിനുശേഷം നിങ്ങൾക്ക് ഒന്നു പരിചയപ്പെടുത്തുകയുണ്ടായില്ലല്ലോ.

സുന്ദ—കുമുദിനിയമ്മയ്ക്കു ദീർഘായുസ്സുണ്ട്. പറയുമ്പോഴേയ്ക്ക് എത്തിയല്ലോ.

കുമുദിനി—"മനംപോലെ മംഗല്യം" എന്നുണ്ടല്ലോ. ആയുസ്സുകൊണ്ടുമാത്രം എന്താ കാര്യം! ഞാൻ പുറപ്പെട്ടിട്ട് കുറേദിവസമായി. സ്കൂൾ തുറന്നമാസമല്ലേ? മുന്നൂറെണ്ണം ചെയ്യുതീർക്കാനുണ്ട്. ഇടകിട്ടാത്തതുകൊണ്ടാണേ! ഇന്നു ഇവിടെ വന്നിട്ടേ മറെറാരു കാര്യമുള്ളു എന്നു തീർച്ചയാക്കി ഓടിവരേ!

നന്ദി—'മംഗല്യം' എന്ന വാക്ക് നിങ്ങടെ വായിൽനിന്നു തന്നെ വീണതു നന്നായി.

കുമു—അതെന്താതു്

നന്ദി—മംഗല്യം അടുത്തതുകൊണ്ടുതന്നെ.

കമു—നിങ്ങൾ രണ്ടാളും ഈ "വൃദ്ധകന്യക"യെ കളിയാക്കാൻ തുടങ്ങുകയാണെങ്കിൽ ഞാൻ വേഗം പോയേയ്ക്കാം.

നന്ദി—(നേരംപോക്കായി) അതിന്നിനി ഞങ്ങടെ സമ്മതംകൂടി വേണമല്ലോ? (സുന്ദരേശമേനോനെനോക്കി)

പിന്നെ ഞങ്ങൾക്കുതന്നെ ഇത്തിരി വർത്തമാനം പറയാനുണ്ട്.

സുന്ദ—ഓ, ഞാൻ സ്വൎഗ്ഗത്തിൽ കട്ടുറുമ്പാവുന്നില്ല. കുമുദിനിയമ്മ പെട്ടെന്നു പോകുകയൊന്നും വേണ്ടാ. പിന്നെ കാപ്പി കുടിക്കാറായാൽ എന്നെയുംകൂടി വിളിക്കണേ! നിങ്ങടെ 'സ്വകാൎയ്യം' കഴിഞ്ഞാൽ ചില 'സ്വകാര്യം' എനിക്കുമുണ്ട്. സുന്ദരേശമേനോൻ അടുത്തുള്ള ആപ്പീസുമുറിയിലേയ്ക്കു മനമല്ലാമനസ്സോടെ മാറി.

നന്ദി—ഞങ്ങൾ ചിലതൊക്കെ വട്ടംകൂട്ടുന്നുണ്ട്. പക്ഷേ അതു കളിയാക്കാനല്ല, കാര്യത്തിലടുപ്പിക്കാനാണ്.

കുമു—നിങ്ങളെപ്പോലെ പരോപകാരിയായി ഒരു സോദരികൂടിയുണ്ടെങ്കിൽ ലോകം ഇങ്ങനെയാണോ?

നന്ദി—എന്നെപ്പോലെ ഒരാളുംകൂടിയുണ്ട്. അതെൻ്റെ ജ്യേഷ്ഠനാണ്. അതിരിക്കട്ടെ, ഞാനൊന്നു ചോദിയ്ക്കട്ടെ. ജ്യേഷ്ഠനെ കാണണമെന്നില്ലേ!

കുമു—അതു് ഞാൻ മാത്രം ആഗ്രഹിച്ചാൽ പോരല്ലോ.

നന്ദി—അങ്ങിനെ പറയൂ. ജ്യേഷ്ഠൻ വന്നതിൻ്റെ ശേഷം എന്തേ ഇങ്ങോട്ടു കാണാത്തതെന്നു് വിചാരിച്ചു. വിരോധമൊന്നുമുണ്ടാവാൻ തരമില്ലല്ലോ!!

ഈ രസികത്വം കേട്ടപ്പോൾ കുമുദിനിയമ്മയുടെ ഹൃദയം നിറഞ്ഞു മറുപടി പറയാൻ അല്പം കുഴങ്ങി.

മുഖം താഴ്ത്തി കുറച്ചുനേരം മിണ്ടാതെ നിന്നു. അങ്ങനെ വിടുന്ന കൂട്ടത്തിലല്ല നന്ദിനിയമ്മ. താടിക്കു തട്ടി കുമുദിനിയുടെ മുഖമൊന്നുയർത്തി. "പിന്നെ, എന്റെ മുഖത്തേയ്ക്കു ഒന്നു നല്ലവണ്ണം നോക്കൂ' എന്നു് അവരുടെ ചാഞ്ചാടുന്ന ഹൃദയം ഒന്നുകൂടി ഇളക്കി. കുമുദിനിയമ്മയ്ക്കു നില്ക്കക്കള്ളിയില്ലാതായി.

കുമു—നിങ്ങടെ ജ്യേഷ്ഠന്റെ പേരിൽ ആർക്കെങ്കിലും വിരോധമുണ്ടാവോ? ഇങ്ങനെ രണ്ടു നിധികളെ ലോകത്തിനു സമ്മാനിച്ച അമ്മയച്ഛന്മാർ എത്ര ഭാഗ്യവാന്മാരായിരിയ്ക്കണം! ഇത്ര ചുരുങ്ങിയ കാലംകൊണ്ടു ഇവിടെ എല്ലാരുടേയും കണ്ണിലുണ്ണിയായില്ലേ? ഒന്നു കണ്ടു പുണ്യം നേടാൻ തന്നെയാണു് ഞാനും വന്നതു് (ഒന്നു പരിഭ്രമിച്ചു സ്വരം താഴ്ത്തി) ഇവിടെ ഉണ്ടോ?

നന്ദി—"ഇല്ല. പുറത്തു പോയിരിക്കയാണു്. വരാറായി. നിങ്ങൾ ആഗ്രഹിയ്ക്കുന്നപുണ്യം വന്ന ഉടനെ സമ്പാദിച്ചു തരാം. അവിടന്നങ്ങോട്ടു് നിങ്ങളുടെ സാമർത്ഥ്യം—എന്താ?" എന്നു പറഞ്ഞു കുമുദിനിയുടെ പുറത്തൊന്നു തട്ടി.

കുമു—(പുഞ്ചിരികൊണ്ടു്) അങ്ങിനെ സാമർത്ഥ്യം കൊണ്ടു് പാട്ടിലാവുന്ന തരത്തിലാണെന്നു് തോന്നുന്നില്ല. അങ്ങിനെയാണെങ്കിൽ ഇവിടെ വല വീശാൻ ആളെത്രയുണ്ടു്! പിന്നെ, ആ കളരിയിൽ ഞാൻ അഭ്യസിച്ചിട്ടുമില്ല.

നന്ദി—അപ്പോൾ "സ്ത്രീണാമശിക്ഷിതപടുത്വ"മെന്ന് കാളിദാസൻ പറഞ്ഞതു വെറുതെയാണോ?

കമു—നിങ്ങടെ ഈ സാമർത്ഥ്യം എനിക്കുണ്ടായിരുന്നുവെങ്കിലും മതിയായിരുന്നു. അപ്പോഴെ, വരാൻ താമസമുണ്ടെങ്കിൽ ഞാൻ വേറൊരിടത്തു പോയി വരേണ്ടതുണ്ട്. മടക്കത്തിൽ ഒന്നുകൂടി വരാം.

നന്ദി—ആക്കെങ്കിലും വല്ല ആവശ്യവുമുണ്ടാകും. കോളേജ് വിട്ടുവന്നാൽ ഇങ്ങിനെ വല്ലവരുടേയും കാര്യത്തിന്നായി പോകയാണ് ജ്യേഷ്ടന് ഇഷ്ടമായ ജോലി. ഇന്നു ശനിയാഴ്ചയായതുകൊണ്ടു നേരത്തെ ഇറങ്ങി എന്നേയുള്ളൂ. നിങ്ങളത്ര ധൃതിപ്പെടുകയൊന്നും വേണ്ട, കുറെയിരിയ്ക്കിൻ.

കമു—അങ്ങനെയുള്ളവർ ഒരു യുഗത്തിലൊന്നേ ഉണ്ടാവുള്ളൂ. ഞാനദ്ദേഹത്തെ ഞങ്ങടെ വാർഷികയോഗത്തിന്നു ക്ഷണിയ്ക്കാൻ വന്നതാണ്. ഇതിലധികം യോഗ്യത തികഞ്ഞ ഒരാളെ അദ്ധ്യക്ഷനായി കിട്ടാനുണ്ടാവില്ല, ഇവിടങ്ങളിലല്ല, എവിടങ്ങളിലും! ആദ്യം വരുന്നതു് എൻെറ സ്കൂളിലാവണമെന്നെനിയ്ക്കു് മോഹമുണ്ടു്. പക്ഷെ, എനിക്കു നേരിട്ടു പറയാൻ ധൈര്യമില്ല. നിങ്ങളൊന്നു പറഞ്ഞു സമ്മതിപ്പിക്കണം. ഹിതമറിഞ്ഞതിനുശേഷം ഞാനെഴുതിക്കൊള്ളാം.

നന്ദി—(ചിരിച്ചുംകൊണ്ടു്) ഇതൊക്കെ നേരിട്ടു തന്നെയല്ലേ നല്ലതു്? നിങ്ങൾക്കാവശ്യമുണ്ടെന്നു് അപ്പോഴേ ബോദ്ധ്യമാവൂ. പിന്നെ ഹിതമറിയാനും ചിലപ്പോൾ എഴുതേണ്ടിവരികയില്ലേ? വാർഷികയോഗത്തിനു് അദ്ധ്യക്ഷനാകുന്നതു് പിന്നെയാവാം. ഉള്ളിലെ അദ്ധ്യക്ഷനാക്കൂ ആദ്യം. നിങ്ങളെ രണ്ടാളെയും ഒന്നു പരിചയപ്പെടുത്തണമെന്നു് ഏട്ടൻ വന്ന മുതല്ക്കു് വിചാരിക്കുന്നുണ്ടു്. മലയാളത്തിൽ നിങ്ങളെപ്പോലെ കടുകട്ടിയാണു്. യം. എ. പാസ്സായിട്ടില്ലെന്നേയുള്ളു. രണ്ടാളും കൂടി "വിലാസലതിക" വായിച്ചുരസിയ്ക്കുന്നതു കാണാനെനിയ്ക്കു കൊതിയുണ്ടു്.

കുമു—(തലതാഴ്ത്തി) അത്രത്തോളം ഭാഗ്യമുണ്ടോ എനിക്കു്? നല്ലവണ്ണം പാടുമെന്നു കേട്ടു?

നന്ദി—അതാരു പറഞ്ഞതു്?

കുമു—കുറച്ചു ദിവസം മുമ്പു് പടിഞ്ഞാറെപ്പാട്ടു പോയിരുന്നുവത്രെ. അവിടെ നാരായണൻ കുട്ടിയുടെ അച്ഛനെ കോളേജ് സംബന്ധമായി എന്തിനോ കാണാൻപോയിരുന്നതാണു്. അവിടെപെൺകുട്ടികൾ ത്യാഗരാജകീർത്തനങ്ങൾ പഠിയ്ക്കുന്നതു് കേട്ടു് അർത്ഥമറിയാത്ത ഗാനങ്ങൾ പഠിയ്ക്കുന്നതിനു പകരം സംഗീതക്കൊഴുപ്പുള്ള നമ്മുടെ കഥകളിപ്പാട്ടുകൾ പഠിയ്ക്കരുതേ? എന്നു ചോദിച്ചപ്പോൾ. ഒരു പാട്ടു ചൊല്ലിക്കേൾപ്പിക്കയുമുണ്ടായത്രെ.

നന്ദി— ജേഷ്ഠന്റെ 'ശാരീരം' ഒന്നാന്തരമാണു്. സംഗീതം അഭ്യസിച്ചിട്ടൊന്നുമില്ല. എങ്കിലും വാസന കുലശലം. എനിക്കു തന്നെ അസൂയ തോന്നാറുണ്ടു്. ആട്ടെ, ഇപ്പോൾ പോകാൻ തിടുക്കമൊന്നും വേണ്ടാ. ഇന്നു് ഊണു് ഇവിടെയാവാം. നമുക്കു കുറെ നേരം പോക്കു പറഞ്ഞു കൂടാം, എന്താ? കുറെദിവസമായല്ലോ ഇങ്ങോട്ടു കണ്ടിട്ടു്? ജുട്ടുക്ക മടക്കി അയച്ചോളൂ. വൈകുന്നേരം ഏട്ടൻ തന്നെ വീട്ടിലേക്കു കാറിൽ കൊണ്ടുപോകും. വേണമെങ്കിൽ ഞങ്ങളും വരാം.

കുമു—(കുറച്ചു പരിഭ്രമം നടിച്ചു്) ഇതൊക്കെ നന്ദിനിയുടെ ആഗ്രഹവും ആശിസ്സും അല്ലേ?

നന്ദി—ആഗ്രഹങ്ങളൊക്കെ അങ്ങനെയാ, ഒരിടത്തു മുളയ്ക്കും, മറ്റൊരിടത്തു വളരും.

അപ്പോഴേക്കു് അകത്തു നിന്നു് 'എന്താ, നിങ്ങൾ വർത്തമാനം പറഞ്ഞു് ചായയുടെ കാര്യം മറന്നു ഇല്ലേ; ഇതു ഞാൻ മുൻകൂട്ടി കരുതി എല്ലാം ഏർപ്പാടു് ചെയ്തിട്ടുണ്ടു്. "ഇങ്ങോട്ടു വരിൻ'' എന്ന സുന്ദരേശമേനോന്റെ വിളി കേട്ടു് രണ്ടാളും ചായ കുടിക്കാൻ പോയി.

നന്ദി—എന്താ, കാത്തിരുന്ന മട്ടുണ്ടു അല്ലേ? ചായ വരാൻ താമസം കണ്ടാൽ അടുക്കളയിലെത്തും എന്നെനിയ്ക്കറിയാം. അങ്ങനെ ചിലപ്പോൾ ആണുങ്ങൾക്കും വകതിരിവു വേണ്ടേ?

സുന്ദ——വകതിരിവൊക്കെ ഉണ്ടാവും. പക്ഷെ, ചായ തിളച്ചതു പോരാ, ഇലയിട്ടതുപോരാ, എന്നു നൂറു കുററങ്ങൾ കാണുമല്ലോ? നിങ്ങടെ 'സംസാരം' കുറെയധികം നീണ്ടു, അല്ലെ?

നന്ദി——'സംസാരം'കഴിയുന്നതുംനീട്ടുവാനല്ലെ എല്ലാവരും ശ്രമിക്കുക?

സുന്ദ——കുമുദിനിയമ്മേ! നന്ദിനിഎന്തൊക്കെയോ അത്ഥം വച്ചു സംസാരിക്കുന്നല്ലോ.

കുമു——ഞാൻ ഇവിടെ കയറിയ മുതൽക്കു് എന്നെ ഇവിടെ പിടിച്ചു നിർത്തി വിസ്തരിക്കയായിരുന്നു.

നന്ദി——ഹും! കുമുദിനി! പാവം! മിണ്ടാതെ നിന്നു് ഒക്കെ കേൾക്കേം ചെയ്തു!!—ഇനി നമുക്കു രണ്ടു പേക്കും കുറച്ചു ചായ കുടിച്ചു ക്ഷീണം തീക്കാം.

3

അവർ മേശയ്ക്കു ചുററും ഇരിക്കുമ്പോഴേക്കു് കാറിൻെറ ശബ്ദം കേട്ടു. ഉടനെ നന്ദനമേനോൻ അവരിരിയ്ക്കുന്നേടത്തേക്കു് ഓടിവന്നു. "എന്താ ഞാൻ വല്ലാതെ താമസിച്ചുവോ?" എന്നു തൻെറ കുററം സമ്മതിച്ചു. പുറമെ ഒരു സ്ത്രീയെ കണ്ടു പിൻമാറാൻ ഭാവിച്ചപ്പോൾ—

നന്ദി—ജ്യേഷ്ഠൻ മാറി നില്ക്കൊന്നും വേണ്ടാ. ഇവർ ജ്യേഷ്ഠനെ കാണാൻ കുറെ നേരമായി കാത്തിരിയ്ക്കുന്നു. ഞങ്ങൾ വർത്തമാനം പറഞ്ഞു് നേരംപോയതു് അറിഞ്ഞതുമില്ല. ഇവർ ഇവിടത്തെ സ്ത്രീവിദ്യാലയത്തിലെ ഹെഡ്മിസ്ട്രസ്സാണു്, കുമുദിനിയമ്മ!

നന്ദനമേനോൻ—ഇവരല്ലേ മലയാളം എം. ഏ യ്ക്കു് ഒന്നാംക്ലാസ്സായി പാസ്സായവർ? ഞാൻ ബിലാത്തിയിലുള്ളപ്പോൾ ഇവരുടെ പേരു്, മാതൃഭൂമിയിലോ മറ്റോ കണ്ടതായി ഓർക്കുന്നുണ്ടു്.

കുമു—(നന്ദിനിയെ നോക്കി) ഇങ്ങനെ പേപ്പറിൽ കണ്ട പേരു് ആരാ ഓർമ്മിയ്ക്കാ!!

നന്ദ. മേ—എല്ലാപേരും ഓർമ്മിക്കാറില്ല. ഒരു മലയാള സ്ത്രീയായതുകൊണ്ടും മലയാളം എം. ഏ. ആയതുകൊണ്ടും. എനിക്കു രണ്ടിലും അഭിമാനമുണ്ടു്. എന്താ വിശേഷിച്ചു്?

സുന്ദ—സംസാരിയ്ക്കുന്നതു് ചായ കുടിച്ചിട്ടു്.

നന്ദ. മേ—നന്ദിനി അതിഥിയ്ക്കു് ആദ്യം കൊടുക്കു.

നന്ദി—ജ്യേഷ്ഠനു കൊടുത്തോ, അവൾക്കു വേണ്ട.

സുന്ദ—ഇവർ ഇവിടെ ഇന്നു് ആദ്യമായി വരല്ല. നിത്യേന എന്നപോലെ എത്താറുണ്ടായിരുന്നു. ഇയിടെയായിട്ടു് അധികം കാണാറില്ലെന്നേയുള്ളു.

നന്ദ—(കുമുദിനിയമ്മയോട്ട്) എന്റെ വരവായിരിക്കുമോ നിങ്ങടെ വരവു നിൎത്താൻ കാരണം?

കുമു—അതെന്നെ വിഷമത്തിലാക്കുന്ന ചോദ്യമാണു്.

നന്ദ—വിഷമം ഏതായാലുംവേണ്ട. ലോകത്തിൽ അതു കുറക്കണമെന്നാണു് എന്റെ ആഗ്രഹം.

കുമു—ആ പരിപാടിയിൽ എന്നെയും ഉൾപ്പെടുത്തണേ!

നന്ദി—അങ്ങനെ ചില രസികത്വം ചാടട്ടെ, കുമുദിനി!!

സുന്ദ—കുമുദിനിയമ്മയ്ക്കും സാഹിത്യത്തിൽ നല്ല വാസന യാണു്.

നന്ദി—ജ്യേഷ്ഠനു് സംഗീതത്തിലുള്ളപോലെ.

നന്ദ—എന്റെ സംഗീതം പഠിച്ചുണ്ടായതല്ലേ? സാഹിത്യത്തിലും എനിക്കു താല്പൎയ്യമുണ്ടു്.

കുമു—താനേയുണ്ടാവുന്ന കലയ്ക്കു മാധുൎയ്യം കൂടും.

നന്ദ—അഭ്യസിച്ചുണ്ടാവുന്നതിനു മിഴിവും.

നന്ദി—ഇങ്ങിനെ തൎക്കിക്കുന്നതിന്നു പകരം ഒന്നു പരീക്ഷിക്കയല്ലേ നല്ലതു്? ജ്യേഷ്ഠൻ ബിലാത്തിക്കു പോകുന്നതിന്നുമുമ്പു് കേട്ടതാണു് ജ്യേഷ്ഠന്റെ പാട്ടു്. മടങ്ങിവന്നതിന്നുശേഷം ഒന്നിനും ഇടയില്ലാതല്ലേ കാണുന്നതു്. മറന്നിട്ടുണ്ടോ എന്നു നോക്കട്ടെ.

നന്ദനൻ—ബിലാത്തിയിൽ നമ്മുടെ പാട്ടിന്നുണ്ടോ വല്ല സ്ഥാനവും? എന്നാലും ഒരിന്ത്യൻ സമ്മേളനത്തിൽ

ഞാനും ഒന്നുപാടി. 'ഹരിണാക്ഷി'എന്ന പദം. ഒരു മദാമ്മ അതു കേട്ടിട്ടുപറഞ്ഞു, മനസ്സിളക്കാൻ അതിന്നു നല്ല ശക്തിയുണ്ടെന്നു്. പിന്നെ പാട്ടുകേൾക്കാൻ ആളുണ്ടെങ്കിലല്ലേ, ഞാൻ പാടേണ്ടു.

സുന്ദ—എന്നാൽ അതിന്നു തയ്യാറായിട്ടാണു് ഞങ്ങളെല്ലാം ഇരിക്കുന്നതു്. ഇത്ര നല്ലൊരു രംഗം ഇനി ഉണ്ടാവുകയുമില്ല.

നന്ദി—അതു ശരിയാ, പാട്ടിൻെറ കേളികേട്ടിട്ടാണു് കുമുദിനിയമ്മയും വന്നിരിക്കുന്നതു്.

നന്ദനൻ—അതു നന്ദിനി എന്നെ കളിയാക്കുകയാണു്. എന്താ, കുമുദിനിയമ്മേ! അതു ശരിയാണോ? നിങ്ങളെ കമ്പം പിടിപ്പിച്ചതാരു?

കുമു--പടിഞ്ഞാറെപ്പാട്ടു് അന്നു പാടുകയുണ്ടായില്ലേ? അതറിയാത്താരാരുമില്ല, ഇപ്പോൾ ഈ ദിക്കിൽ. അതു കേട്ടിട്ടാണു് ഞാൻ വന്നിരിക്കുന്നതു് എന്നു പറയുന്നതു തന്നെ ഒരു പ്രശംസയായിട്ടാണു് ഞാൻ കരുതുന്നതു്.

നന്ദി--ഇന്നു കുമുദിനിയുടെ സരസപ്രകൃതിയും നന്നായി വിളയാടുന്നുണ്ടു്. ആകട്ടെ, 'മദാമ്മ'യെ, മയക്കിയ "ഹരിണാക്ഷി"തന്നെയാകട്ടെ. അതിൻെറ ശക്തിയറിയുന്നവർ ഇവിടെയുണ്ടോ എന്നറിയാലോ!

നന്ദനമേനോൻ കോട്ടുംകോളരും അഴിച്ചു വെച്ചു. “ഹരിണാക്ഷി” മെല്ലെയൊന്നു മൂളി. ‘അരികിൽ വരിക’ എന്നു പാടുമ്പോൾ കുമുദിനിയമ്മയെ ഒന്നു കടാക്ഷിച്ചു. സുന്ദരേശമേനോനും നന്ദിനിയമ്മയും കണ്ണുചിമ്മി അതിൽ ലയിക്കുന്നതായി ഭാവിച്ചു. അതുകണ്ടു്, നന്ദനമേനോൻ ‘ഹരിണാക്ഷി’ ആവർത്തിച്ചു് കുമുദിനിയമ്മയുടെ നേക്കുള്ള കടാക്ഷത്തിന്നു് ഒന്നുകൂടി മൂർച്ചകൂട്ടി. ആ പാവം! എന്തോ ശക്തിക്കധീനയായപോലെ നന്ദനമേനോന്റെ കടാക്ഷത്തെ പിടിച്ചുനിർത്തി.

‘മന്ദിരമിതു മമ മഹിതമായ്‌വന്നു,

എന്ന ചരണം തുടങ്ങിയതോടുകൂടി നന്ദനമേനോൻ താനറിയാതെ കുമുദിനിയെ സൈരന്ധ്രിയാക്കി സ്തോഭം കാണിച്ചു് അഭിനയിച്ചുവെന്നു കരുതേണ്ടിയിരിക്കുന്നു.

“മാമകജന്മവും സഫലമായിന്നു”—മുഖത്തു് എന്തെന്നില്ലാത്ത ഒരു കാന്തി ജ്വലിച്ചു. ഒച്ചയിടറി-ഗാനം അദ്ദേഹത്തിന്റെ കണ്ണിലായെന്നു കുമുദിനിയമ്മ സങ്കല്പിച്ചു. സുഭദ്രയെപ്പോലെ “കമ്പിട്ടാളപ്പോൾതന്നെ.”

ഇനി ഊണു കഴിഞ്ഞിട്ടാവാമെന്നു് നന്ദനമേനോന്റെ ശബ്ദം മാറിക്കേട്ടപ്പോഴേ നന്ദിനീ സുന്ദരേശന്മാർ ലയത്തിൽനിന്നുണർന്നുള്ളു. ഊണു കഴിഞ്ഞപ്പോൾ നന്ദനമേനോന്നു് പാടാനുള്ള ഉത്സാഹം കുറഞ്ഞുകണ്ടു. പൂമുഖത്തുള്ള ചാരുകസാലയിൽ വിശ്രമിക്കുന്നതായിട്ടാണു് കണ്ടതു്. നന്ദിനീസുന്ദരേശന്മാർ മറുഭാഗത്തുള്ള മുറിയിലേയ്ക്കു് നന്ദനമേനോനെ ഉപദ്രവിക്കേണ്ടെന്നു കരുതി,

കുമുദിനിയമ്മയേയും കൂട്ടിപ്പോയി. ഒന്നു മുറുക്കിയതിനു ശേഷം കുമുദിനിയമ്മയെ തളത്തിലെ സോഫയിൽ വിശ്രമിക്കുവാനയച്ചു. ചാരുകസാലയിൽ നന്ദനമേനോനും സോഫായിൽ കുമുദിനിയമ്മക്കും വിശ്രമം കിട്ടിയില്ല. നന്ദനമേനോന്റെ ആ "ഹരിണാക്ഷി!" ചെവിയിൽക്കൂടി ഒഴുകി കുമുദിനിയമ്മയുടെ ഉള്ളിൽ വിദ്യുച്ഛക്തിപോലെ വ്യാപിച്ചിരുന്നതിനാൽ അവർ കിടക്കപ്പൊറുതിയില്ലാതെ എഴുന്നേററു ഉമ്മറത്തേക്കുള്ള വാതുക്കലെത്തി, ഒന്നെത്തിനോക്കി. നന്ദനമേനോൻ കസാലയിൽനിന്നു് എഴുന്നേൽക്കുന്നതുകണ്ടു് വേഗം സോഫയിലേക്കുതന്നെ തിരിച്ചു. അയാളുടെ ഉള്ളിലും ഒരു ഭൂകമ്പം നടക്കുന്നുണ്ടു്. അയാളും തളത്തിലേക്കു് ഒന്നെത്തിനോക്കി. കുമുദിനിയുടെ കിടപ്പുകണ്ടു് ഉറക്കമാണെന്നു തെററിദ്ധരിച്ചു. ചാരുകസാലയെത്തന്നെ വീണ്ടും ശരണം പ്രാപിച്ചു. കുമുദിനിയമ്മയുടെ രണ്ടാമത്തെ ഊഴമായി. ഇക്കുറി എത്തിനോക്കി, പിന്മാറാനല്ല, നന്ദനമേനോനെ സമീപിക്കാൻ തന്നെ. വികാരത്തള്ളുകൊണ്ടു വിഷമിക്കുന്ന അവർ ധൈര്യപ്പെട്ടു. ചാരിയിരുന്ന വാതിൽ കുമുദിനിയമ്മയുടെ ദേഹത്തിന്റേയും ആവേശത്തിന്റേയും തള്ളൽകൊണ്ടു തുറന്നതു് അവരറിഞ്ഞില്ല. അവിടേക്കുററുനോക്കിയിരുന്ന നന്ദനമേനോൻ ഒരു നൊടിയിടക്കു് കുമുദിനിയമ്മയുടെ മുമ്പിലെത്തി. കാലുതൊടാൻ കുമ്പിട്ട അവരെ നന്ദനമേനോൻ വാരിയെടുത്തു. തന്റെ വിശാലഹസ്തങ്ങളിലടക്കി.

"ആ ഹരിണാക്ഷി' എന്നെ വല്ലാതെ ഇളക്കിവിട്ടു." കുമുദിനിയമ്മ മന്ത്രിച്ചു. "ഈ 'ഹരിണാക്ഷി' എന്നേ

യും"—നന്ദനമേനോൻ പ്രേമമുദ്രപതിച്ചു. പരിതഃസ്ഥിതികളുടെ ബോധാവന്നു് രണ്ടുപേരും കയ്യയച്ചു. സോഫയിലേക്കു് തിരിച്ചുവരുന്ന കുമുദിനിയമ്മയെ എതിരേററതു് നന്ദിനിയമ്മയായിരുന്നു. ഭാവം മനസ്സിലാക്കിയ ആ ഗുണകാംക്ഷിണി കുമുദിനിയമ്മയെ കെട്ടിപ്പിടിച്ചു "അങ്ങനെ പാട്ടിലായി, അല്ലേ?" എന്നു് അതിസന്തോഷം പ്രകടിപ്പിച്ചു. "വാർഷികയോഗത്തിന്നു ക്ഷണിച്ചുവോ?" എന്നൊരു ഫലിതവും അവർ തട്ടി മൂളിച്ചു. കുമുദിനിയമ്മയുടെ സപ്തനാഡികളും തളർന്നിരിക്കയാണു്; എങ്കിലും, "ആരു് ആരെയാണു് ക്ഷണിക്കേണ്ടതു്? എന്ന സംശയത്തിലാണിപ്പോൾ. എന്നേയും എന്റെ വിദ്യാലയത്തേയും ഞാൻ ആ പാദങ്ങളിൽ സമർപ്പിച്ചു" എന്നൊരുവിധം മറുപടിയൊപ്പിച്ചു. പൂമുഖത്തേക്കു തിരിഞ്ഞപ്പോൾ നന്ദനമേനോൻ തളത്തിലേക്കു വരുന്നതു കണ്ടു്, "നന്ദിനി! സ്ത്രീവിദ്യാലയത്തിന്റേയും കുമുദിനിയമ്മയുടേയും ഭർത്തൃപദം ഞാൻ കയ്യേററു" എന്നു് അദ്ദേഹവും അവരുടെ പ്രമേയം സ്വീകരിച്ചു.

നന്ദി—പാട്ടിലിനിയും രണ്ടുവരി ബാക്കിയുണ്ടല്ലോ?

സുന്ദരേശൻ—അതു ഇനി പാടേണ്ടതില്ല.

കലാനിധി

10

# കണ്ടന്റെ പിലാവ്.

"എന്താ കണാര, പുതിയ പുരയുടെ തെക്കിനിയും ചുററും ഒരാഴ്ചകൊണ്ടു് ഉയന്നു വരുമല്ലോ. അതിപ്പോഴക്കു് 18 കോൽ നീളമുള്ള ഒരുത്തരം കിട്ടണ്ടെ?"

"പലടത്തും തിരിഞ്ഞു നോക്കി, കാണുന്നില്ല. മുക്കാൽ കോലെങ്കിലും വീതി വേണം. അതിനു് ഒരു മൂത്ത പിലാവുതന്നെ വേണം നല്ല കാതലുള്ളതായിരിക്കയും വേണം."

"നമ്മുടെ കണ്ടന്റെ ചാളയുടെ പടിഞ്ഞാറുഭാഗത്തു് ഒരു ഉയന്ന പിലാവു നിൽക്കുന്നുണ്ടല്ലോ. മിനിഞ്ഞാന്നു് ഞാനതിലെ ചുററിത്തിരിയുമ്പോഴാണു് കണ്ടതു്. കോരപ്പന്റെ തൊടിയിലെ "മുടിലാരം" കൊണ്ടുമറഞ്ഞിരിക്കുന്നതിനാൽ അതു് ദൂരത്തുനിന്നു നോക്കിയാൽ കാണില്ല. അതു നമ്മുടെ "കയ്യുണക്കിന്നു" പററുമെന്നു തോന്നുന്നു—എന്താ അതു് മുറിച്ചുകൂടെ?"

"അതു ഞാനും കണ്ടു അതവൻവെച്ചുണ്ടാക്കിയതാണു്. അവന്റെ ആകെ മുതലായിട്ടാണു് അതു് അവൻ കരുതിയിരിക്കുന്നതു്."

വലിയനായർ ഒന്നുമുരണ്ടു –"കണാരാ, ചെറുമക്കൾക്കു ചമയം വെച്ചുണ്ടാക്കാൻ പണ്ടും പാടില്ലല്ലോ. ഇതുവരെ അവൻ അതിനെപ്പററി എന്നോടു പറഞ്ഞിട്ടുമില്ല".

"ഇപ്പോൾ ആ ന്യായമൊക്കെ പറഞ്ഞാൽ നടക്കോ! പിന്നെ അവർ സാധുക്കളല്ലേ? പ്രതിഫലമായി വല്ലതും കൊടുത്തു് അവനെ തൃപ്തിപ്പെടുത്തണം. മണ്ണു് നമ്മുടെയാണെങ്കിലും പ്രയത്നം അവന്റേതല്ലേ?"

"വല്ലതും പത്തോ പതിനഞ്ചോ കൊടുത്തേയ്ക്കാം. അവർക്കു വേണ്ടതൊക്കെ അന്വേഷിക്കുന്നതു് നാമല്ലേ? അതിൽ പാപമൊന്നുമില്ല്യ! നല്ലതടിയായി എത്രകൊല്ലം കിട്ടുമെന്നു് നോക്കി വരൂ. ബാക്കിയൊക്കെപിന്നെ തീർച്ചയാക്കാം."

"അങ്ങനെയാകട്ടെ"

തെങ്ങിൻതടത്തിലെ വലിയ മൂപ്പിൽനായരും കാര്യസ്ഥൻകണാരമേനോനും തമ്മിലുള്ള സംഭാഷണമാണു് മേൽ കുറിച്ചതു്. വലിയ നായരുടെ ജന്മ ചെറുമനാണു് കണ്ടൻ. അതായതു് പഴയ സമ്പ്രദായപ്രകാരം അദ്ദേഹത്തിന്റെ തറവാട്ടിലേയ്ക്കു പ്രവൃത്തിയെടുക്കുവാൻ കടപ്പെട്ടവൻ. മൂപ്പിൽ നായരുടെ കുടുംബംകണ്ടന്റെ കുടുംബത്തെ, പണിയുണ്ടെങ്കിലും ഇല്ലെങ്കിലും, സംരക്ഷിക്കുവാനും ഉത്തരവാദപ്പെട്ടവരാണു്. ആണ്ടറുതികളിലും കല്യാണം മുതലായ അവസരങ്ങളിലും കണ്ടനു് മൂപ്പിൽ നാ

യർപലസഹായങ്ങളും അവകാശക്കണക്കിനു കൊടുക്കേണ്ടതായിട്ടുണ്ട്. കൃഷിയുണ്ടെങ്കിൽ കൃഷിപ്പണി, അതു കഴിഞ്ഞാൽ തോട്ടംകിള, വേലിപ്പണി, കായ്കറിപ്പണി. ഇങ്ങനെ കണ്ടനും കുട്ടികൾക്കും പണിയെപ്പോഴുമുണ്ടാകും. നിത്യവൃത്തിയ്ക്കു് നായർ വല്ലികൊടുക്കും. വിശേഷാവസരങ്ങളിൽ അതിന്നുവേണ്ടപോലെയും. ഇങ്ങനെ കാലക്ഷേപത്തിനു കുറവില്ലാതെ കണ്ടനും കുടുംബവും കഴിയുന്നുണ്ടെങ്കിലും അവന്നു് കഴിവുള്ളപ്പോൾ മററു വല്ലയിടത്തും പ്രവൃത്തിയ്ക്കുപോകാനും ആ വഴിക്കു വല്ലതും സമ്പാദിക്കാനും സ്വാതന്ത്ര്യമില്ല. അങ്ങനെ വല്ലതിനും അവന്നു് പോകണമെന്നുണ്ടെങ്കിൽ അതിന്നു മൂപ്പിൽനായരുടെ ("വലിയ തമ്പുരാൻ" എന്നാണു് വിളിയ്ക്കേണ്ടതു്.) സമ്മതംവേണം. അവന്നു കിട്ടുന്ന പ്രതിഫലം ചിലപ്പോൾ മുഴുവനും ചിലപ്പോൾ ഏതാനും വലിയ തമ്പുരാന്നു കൊടുക്കുകയുംവേണം. കണ്ടന്റെ രക്ഷാകർത്തൃത്വം വഹിക്കുന്ന തമ്പുരാന്നുള്ള അവകാശമാണതു്. ആജീവനാന്തം തമ്പുരാന്നുവേണ്ടി പണിയെടുക്കുകയെന്നതു് അവന്റെയും കർത്തവ്യമാണു്. ഇങ്ങനെയാണു് ജന്മിയും അദ്ദേഹത്തിന്നു ജന്മം മുഴുവനും വേലചെയ്തുകൊടുക്കേണ്ടതായ കൂലിക്കാരനും തമ്മിലുള്ള ബന്ധത്തിലടങ്ങിയ മര്യാദ. ആധുനികഭാഷയിൽ പറകയാണെങ്കിൽ കണ്ടൻ മൂപ്പിൽ നായരുടെ അടിമയായിരുന്നു. ഈ വ്യവസ്ഥയിൽ നായർക്കു് കണ്ടനെ മററാളർക്കു് പ്രവൃത്തിക്കു കൊടുത്തു് അതിന്നു് ഒരു വാടക (പാട്ടം) വാങ്ങാമെന്നുള്ളതും ഉൾപ്പെടും.

ഈ ഇടുങ്ങിയ കടപ്പാടിൽ കഴിഞ്ഞുവന്ന കണ്ടന്നു് സ്വന്തമായി വല്ലതുമുണ്ടാകണമെന്നുള്ള മോഹം കുട്ടിക്കാലത്തുതന്നെ ഉണ്ടായിരുന്നു. അവന്നു ചാളകെട്ടി താമസിക്കുവാൻ ഒരു സ്ഥലം ജന്മി കൊടുത്തിട്ടുണ്ടു്. അതിൽ വല്ലതും നട്ടുനനച്ചുണ്ടാക്കുന്നതായാൽ അതിന്റെ മുക്കാൽ പങ്കം ജന്മിക്കു കൊടുക്കണം. അങ്ങിനെ വല്ലതുമുണ്ടാക്കാനുള്ള ഉത്സാഹം ആ സ്ഥിതിക്കു് ഉണരുകയുണ്ടായില്ല. അവന്റെ ചാളയ്ക്കു ചുററുമുള്ള വളപ്പിന്റെ ഒരു മൂലയിൽ ഒരു വരിക്കച്ചക്കയുടെ കുരു ഒരു പതിനഞ്ചുകൊല്ലം മുമ്പെ അവൻ കുഴിച്ചിട്ടു. അവന്റെ തന്തയുടേയും മുത്തപ്പന്റേയും ജാഗ്രതകൊണ്ടു് ആ മൂല കാടുപിടിച്ചുകിടന്നിരുന്നു. ചക്കക്കുരു മുളച്ചു് ഒരു തൈയായി വളൎന്നപ്പോൾ അവൻ അതിനു ചുററും വെട്ടിനന്നാക്കി അതിന്നു നേരെ വളരാനുള്ള സൗകര്യമുണ്ടാക്കിക്കൊടുത്തു. അതു ക്രമേണ വളൎന്നുവന്നു അഞ്ചുകൊല്ലംമുമ്പെ അതു കോടികായ്ച്ചു. പതിവുപ്രകാരം കോടികായ്ച്ച ചക്ക കണ്ടൻ ജന്മിക്കു കൊടുക്കുകയുണ്ടായില്ല. അതുകണ്ടാൽ ഇതു് ഏതു പിലാവിന്റേതാണു്? എപ്പോഴുണ്ടായി? പിലാവു് ആരുടേതാണു്? എന്നൊക്കെ ചോദ്യംവരും. കണ്ടന്റെ മോഹം അനുഭവിക്കുന്നതു് ജന്മിയായെന്നുംവരും. ഈ കുഴപ്പമൊന്നും കൂടാതെ കഴിക്കാനാണു് ജന്മിയെ ഈ പിലാവിന്റെ കഥയറിയിക്കാതെ കണ്ടൻ കഴിച്ചുകൂട്ടിയതു്. പിലാവിന്റെ ചുററുമുള്ള മരക്കുടിലുകളും വള്ളികളും കണ്ടന്റെ ആഗ്രഹത്തിന്നനുകൂലമായിട്ടുനിന്നു. അവയുടെ മറവുകൊണ്ടു് പിലാവു വളരുന്നതു് ആരും കാണുകയുണ്ടായില്ല.

അയൽപക്കക്കാരുടെ ഉദാസീനത മരക്കുടിലിലിന്നേയും വളത്തിക്കൊണ്ടുവന്നു. ഇപ്പോൾ പിലാവു് നല്ലവണ്ണം വളന്നു് ഒത്തതടി കിട്ടത്തക്കവണ്ണം വളവും ചരിവുമില്ലാതെ നില്ക്കുന്നുമുണ്ടു്. സ്വകാര്യമായി വല്ല മരക്കച്ചവടക്കാരേയും കണ്ടു് അതു കിട്ടാവുന്നേടത്തോളം നല്ല വിലയ്ക്കു വില്ക്കണമെന്നാണു് കണ്ടന്റെ മോഹം. വലിയ തമ്പുരാന്റെ പുരപ്പണിയും രണ്ടുദിവസം അദ്ദേഹത്തിന്റെ ആ വഴിക്കുള്ള സഞ്ചാരവും കണ്ടനു് "സഞ്ചാര"ത്തിന് വഴിയാക്കീട്ടുണ്ടു്.

3

മൂപ്പിൽനായരുമായുണ്ടായ സംഭാഷണത്തിന്റെ പിറേറദിവസം രാവിലെ കണാരമേനോൻ കണ്ടന്റെ ചാളയ്ക്കലെത്തി. കണ്ടൻ പിലാവിന്റെ തടം നന്നാക്കി, കൈക്കോട്ടുമായി ചാളയുടെ പിൻഭാഗത്തുകൂടെ വരികയായിരുന്നു. കണാരമേനോന്റെ ശബ്ദംകേട്ടപ്പോൾ അവനൊന്നു ഞെട്ടി. "എന്താ, കണ്ടാ, തൊടിയിൽ വല്ലതും പണിയെടുക്കുന്നുണ്ടോ, മേലേക്കണ്ടം കൊയ്ത്തു് ഇന്നു തുടങ്ങണം"

കണ്ടൻ—ഇതാ, ത്രേ, വെള്ളംമോന്തി അങ്ങട്ടു് പുറപ്പെടായിരുന്നു. ചെറുമി കിടപ്പാണു്.

കണാരമേനോൻ—നീ വെള്ളംമോന്തി മെല്ലെ വന്നാൽ മതി. നീ ഇത്രകാലമായി മറച്ചുവെച്ച പിലാവു് വലിയതമ്പുരാൻ കണ്ടിരിക്കുന്നു. തടി എത്ര കോലുണ്ടു് എന്നു നോക്കാനാണു് എന്നെ അയച്ചിരിക്കുന്നതു്.

കണ്ട—തമ്പുരാനെങ്ങനാ അറിഞ്ഞത്!

കണാ—മൂപ്പരു് ആ വഴിക്കു രണ്ടുദിവസംമുമ്പെ നടന്നു പോകുമ്പോൾ കണ്ടതാണു്. പുതിയ പുരയുടെ തെക്കിനിയുത്തരത്തിനു് അതു വേണമെന്നാണു് പറയുന്നതു്. വല്ലതും ഞാൻ വാങ്ങിത്തരാം. കൊടുക്കാ നല്ലതു്.

കണ്ട—അപ്പോൾ ചെറിയ തമ്പുരാനും ഇതു് കാണുണ്ടായോ!

കണാ—ഞാൻ കണ്ടിട്ടു് കുറച്ചുനാളായി. നിൻെറ മോഹം പോലെ നടക്കട്ടെന്നുകരുതി ഞാനാരോടും മിണ്ടീട്ടും ഇല്ല.

കണ്ട—കണ്ടൻെറ പതിനഞ്ചുകൊല്ലത്തെ പ്രേത്നാ അതു്. കുട്ടായാപ്ള 150 ക. വരെ വില പറഞ്ഞു. കൊടുത്തിട്ടില്ല തമ്പ്രാനെ!

കണാ—വലിയ തമ്പുരാൻ പതിനഞ്ചുതന്നാൽ ഭാഗ്യാ!
കണ്ട—അതു് കണ്ടനെ കൊല്ലുന്നപോലെയാ.

കണാ—വലിയതമ്പുരാനെക്കണ്ടു നീ തന്നെ പറഞ്ഞോ.

കണ്ടാ—ഠാ, ഈ കഞ്ഞി മോന്തി ഇപ്പോൾ എത്താം.

കണാരമേനോൻ പോയി.

4

മൂപ്പിൽനായരു കുളിയും കാപ്പികുടിയും കഴിഞ്ഞു വീട്ടിന്റെ പൂമുഖത്തേയ്ക്കു ഒരെട്ടു മണിയോടുകൂടി വന്നു. കണാരമേനോൻ തൂണു ചാരി കോലായിൽ നില്ക്കുന്നുണ്ടായിരുന്നു. കണ്ടനാ തൊടിയിൽ പൂമുഖത്തിനു നേരെ നിന്നിരുന്നു.

"എന്താ, കണ്ടനെ കണ്ടുവോ?"

കണ്ടാ—ഉവ്വ്., അതാ,. അവൻതൊടിയിൽ നില്ക്കുന്നുണ്ട്!!

ഉടനെ നായർ അങ്ങോട്ടു നോക്കി. "എന്താ, കണ്ടാ, നീ പിലാവു വച്ചുപിടിപ്പിയ്ക്കുമ്പോൾ എന്നോടു പറയാഞ്ഞതു്?"

കണ്ടൻ—അതൊരു വലിയ കുററാവുന്നോത്തില്ല.

മൂപ്പിൽ നായർ—അടിമച്ചെറുമനു് ചമയമുണ്ടാക്കാനധികാരമില്ലെന്നറിഞ്ഞുകൂടെ?

കണ്ടൻ—അതറിയാഞ്ഞിട്ടല്ല. കാലം മാറിയാലോ? തമ്പുരാക്കന്മാർ കുറേശ്ശ ദയ വിചാരിയ്ക്കുമെന്നുകരുതി.

മൂപ്പിൽ നായർ—ദയ വിചാരിയ്ക്കാം. ഇങ്ങോട്ടുള്ള വകാശങ്ങളുംമുറയ്ക്കുതരണം.കോടികായ്ച്ച ചക്കനീതന്നോ?

കണ്ടൻ—അതിനു് ഇക്കൊല്ലം കായ്ച്ചതൊക്കെ വലിയ തമ്പുരാനെടുക്കാം.

മൂപ്പിൽ—അതു് കുററം കണ്ടുപിടിച്ചുപ്പോഴത്തെ ന്യായമ ല്ലേ? ഇനി അതു കായ്ക്കാനും വില്ക്കാനും ഒന്നും ഇട വരുത്തണ്ടാ. ഇപ്പോൾ തന്നെ മുറിച്ചു തന്നേയ്ക്കു്. പതിനഞ്ചോ നിനക്കു് അധ്വാനക്കൂലിയാ യിത്തരാം.

കണ്ടൻ—അതു വലിയ കഷ്ടമാണു്. കണ്ടന്റെ ജീവൻ പതിനഞ്ചുകൊല്ലമായി അതിന്മേലാണു്. കുട്ടായ പ്ള 150 ക. കൾ ചോദിച്ചിട്ടു കണ്ടൻ കൊടുത്തി ട്ടില്ല.

മൂപ്പിൽനായർ—എന്റെ സമ്മതംകൂടാതെ കുട്ടായി അതു വെട്ടിക്കൊണ്ടുപോകുമോ? എന്നോടൊന്നും പറയാ തെ, അതു വിററ പണവും കൊണ്ടു നടന്നു കളയാ മെന്നാണോ നീ വിചാരിച്ചതു്? സമ്മതംകൂടാതെ പിലാവു നട്ടു. ഇത്രകാലംഅതിനെപ്പററി യാതൊ ന്നും പറകയാകട്ടെ, ചെയ്ത കുററത്തിനു മാപ്പു ചോ ദിക്കയാകട്ടെ ഉണ്ടായില്ല. കോടികായ്ച്ചതും തന്നി ല്ല. ഞാനിപ്പോഴും നിന്നെ വിളിച്ചു ചോദിച്ചി ല്ലെങ്കിൽ നാളെ കുട്ടായി പിലാവു് മുറിച്ചുകൊണ്ടു പോകും. നിനക്കു 150 ക.-യും കിട്ടും. ഇതൊ ക്കെ എന്റെ മണ്ണിലിരുന്നുണ്ടായ ദുർവാസന കളല്ലേ! ഇനി ഈ വക കുഴപ്പങ്ങളൊന്നും വേണ്ട. ഇന്നുതന്നെ പിലാവു് മുറിച്ചുകൊണ്ടു പോന്നേയ്ക്കാം.

കണ്ടൻ—വല്യതമ്പുരാൻ അങ്ങനെ അരുളിച്ചെയ്യുന്നതു സങ്കടമാന്നു്. ഒന്നുമില്ലാത്തസ്ഥലത്തു് ഒരു കരു

കഴിച്ചിട്ടതുകൊണ്ടു് ആക്കും ചേതമുണ്ടായിട്ടില്ല. വല്യതമ്പുരാന്റെ പണിയ്ക്കു ഒരു മുടക്കോ കണ്ടൻ വരുത്തീട്ടില്ല. ഇതിൽ നിന്നു കിട്ടുന്ന നാല്ല കാശോണ്ടു് വയത്ത കാലത്തു് കുട്ട്യാളുമായി ഒരിടത്തു തൈ്യരായി ഇരിയ്ക്കണമെന്നു കണ്ടൻ മോകിച്ചിട്ടുള്ളു. കണ്ടന്റെ കുട്ട്യാളക്കെങ്കിലും ഇഷ്ടംപോലെ പോത്തിയ്ക്കാൻ വഴിയുണ്ടാവോലോ.

മൂ. നാ—അപ്പോൾ നീ വല്ല വഴിയ്ക്കും എന്റെ സമ്മതം കൂടാതെ പോകാനും നിശ്ചയിച്ചിട്ടുണ്ടോ? ഇതുവരെയുള്ള തോന്ന്യാസത്തിന്നു മകുടം വെച്ചതു നന്നായി.

കണ്ടൻ—വലിയതമ്പുരാനു് അങ്ങനെ ദേശ്യം തോന്നരുതു്. കുട്ട്യാപ്ള 150 പറഞ്ഞാൽ അതിന്നിരട്ടിയ്ക്കു മരമുണ്ടെന്നാണു് പറയാറു്. വല്യമ്പ്രാൻ 150 എങ്കിലും തരാം—കണ്ടൻ പിന്നെ ഇവിടെ പുത്തി മുട്ടിയ്ക്കാൻ നിക്കില്ല.

മൂ. നാ—നിന്റെ ദുർമ്മോഹം കുറച്ചേയുള്ളു. നിനക്കു് ഒന്നും തരാണ്ടെ പിലാവ് മുറിയ്ക്കയാണെങ്കിലോ?

കണ്ട—എന്നാൽ അക്കൂട്ടത്തിൽ കണ്ടനേയും മുറിയ്ക്കേണ്ടിവരും.

വലി നാ—നാൽ, അതു കാണാലോ—ഇപ്പോഴത്തെ ചില സംഘക്കാരുണ്ടല്ലോ, അവരുണ്ടോ. നിന്റെ പിന്നാലെ? നീയും അവരുമായിട്ടുവാ. ചെറുമക്കൾക്കു് ഇത്ര അധികപ്രസംഗമായോ!

കണ്ട—കണ്ടന്റെ കൂടെ ആരും ഇല്ല. ഉടയതമ്പുരാൻ തന്നെ ഉള്ളു! ഇനി കണ്ടനെ പിലാവിന്റെ ചോട്ടിൽ കാണാം!

കണ്ടൻ പോയി. കണ്ണാരമേനോനമായി വലിയ നായർ എന്തോ മന്ത്രിച്ചു.

5

പിലാവു മുറിയ്ക്കുമെന്നു വലിയ തമ്പുരാൻ പറഞ്ഞതിനുശേഷം കണ്ടൻെറ മനസ്സിൽ എരിപൊരിയായി. അവനന്നു കൊയ്യാൻ പോയില്ല. തന്നോടൊപ്പം വളൎന്നുവന്ന പിലാവ്. അവൻെറ ആശാപ്രപഞ്ചം ഉടലെടുത്തപോലെ വളൎന്നു നില്ക്കുന്ന പിലാവ്. അവൻ വാൎദ്ധക്യകാലത്തേയ്ക്കു ഒരു തണലും താങ്ങുമായിത്തീരുമെന്നാശിച്ചിരുന്ന പിലാവ്. അവന്നു നഷ്ടപ്പെട്ടുപോകുമെന്ന ഭയവും അവനെ ബാധിച്ചു. സാധുവായ അവൻെറ നേരെ വലിയതമ്പുരാൻ ചെയ്യുന്ന ധിക്കാരമോൎത്ത് അവൻെറ ദേഹമാസകലം ചുട്ടുനീറി. വലിയതമ്പുരാൻെറ ആ ദിക്കിലുള്ള സ്വാധീനശക്തി ഓൎത്തപ്പോൾ അദ്ദേഹത്തോടെതിൎക്കുവാനുള്ള വിചാരം തന്നെ ഒരു ഭയങ്കരവിപത്തായി കലാശിക്കുമെന്നു് അവന്നുബോദ്ധ്യം വന്നു. എന്നാലും തൻെറ അദ്ധ്വാനത്തിൻെറ—ആൎക്കും അപകാരത്തിന്നു വഴിയില്ലാത്ത പ്രയത്നത്തിൻെറ—ഫലം തന്നെ അനുഭവിയ്ക്കുവാൻ അനുവദിയ്ക്കാത്ത സമുദായമൎയ്യാദയെ അവൻ ആവൃതവണ്ണം ശപിച്ചു. ഈ താപം ഉള്ളിലൊതുക്കിയാൽ പോരാ; പുറത്തു കാട്ടി ഈ ദുരവസ്ഥയെ മാലോകരെ അറിയിയ്ക്കാതിരുന്നാൽ ഈ നിത്യനരകത്തിൽ നിന്നു മോചനമുണ്ടാകയില്ലെന്നു് അവന്നു് തോന്നി. അതോടുകൂടിതന്നെ വലയം ചെയ്ത് മുറുകി നില്ക്കുന്ന അടിമച്ചങ്ങലപൊട്ടിക്ക

ണമെന്നുള്ള ദൃഢനിശ്ചയവും അവനിലുറച്ചു. ചെറുമക്കൾ ആജീവനാന്തം പണിയെടുത്തു തമ്പുരാക്കന്മാരെ സുഖിപ്പിച്ച് അവർ 'കല്ലരിയും കരിക്കാടി' യുമായി കഷ്ണിക്കണമെന്ന സമ്പ്രദായത്തിനോട് ഒരുത്തനെങ്കിലും ചെറുത്ത് വേണമെങ്കിൽ മരിക്കാൻതന്നെ തയ്യാറാകണമെന്നും അവനിൽ ആവേശംകേറി.

അവനുച്ചയ്ക്കും ഒന്നും കഴിച്ചില്ല. ചെറുമി, "ന്താ, ങ്ങിനെ-മിണ്ടാണ്ടിരിക്കണ്. തിരിവെള്ളെങ്കിലും മോന്തരുതേ!" എന്നു പറഞ്ഞുനോക്കി.

"തമ്പുരാൻ പിലാവു മുറിയ്ക്കാൻ പോണു്. അതു കേട്ടപ്പോൾ കൊണ്ടതാണ്, മനതിൽ ഒരിടി. ഇനിയെന്തുവെള്ളം മോന്തണു്?"

"ഒന്നും തരാണ്ടേയോ"?

"നോക്കു് ചാളയ്ക്കൽ പാക്കാനേ പാടുള്ളൂത്രേ. 'ഒന്നും നട്ടുനനയ്ക്കാനും വച്ചുപിടിപ്പിക്കാനും പാടില്ലാത്രേ; പിലാവ് മുറിക്കാൻ ആള് വന്നാൽ നിയ്ക്ക് ഒരു കലികയറും. ഞാൻ ചിലതൊക്കെ കാട്ടും. നീയും കഴിയുന്നതു കൂട്ടിക്കോ?"

"തമ്പ്രാൻ അത്രോളം കാട്ടുമോ?"

"ഇന്നുരാത്രിയറിയാം"

രാത്രി കുറേനേരം കണ്ടനുറങ്ങിയില്ല. പാതിരാവായപ്പോൾ ചൂട്ടും പന്തവുമായി ചിലർ ചാളയ്ക്കു നേരെ വ

ക്കുന്നതുകണ്ടു. കണ്ടൻ ചാളയിൽനിന്നു് തൊടിയിരുലയ്ക്കു മാറി. ആളും പന്തവും ചാളയുടെ മുററത്തെത്തി.

"കണ്ടനെവിടെയാ" എന്നതിലൊരാൾ ചോദിച്ചു. "ഉച്ചക്ക കഞ്ഞികുടി മോന്താണ്ട പോയതാ" എന്നു് ചോദ്യത്തെ ചെറുമി അലക്ഷ്യമാക്കി.

അപ്പോഴേക്ക പിലാവു നില്ക്കുന്നേടത്തു്നിന്നു് വെട്ടു കേട്ടു. തൊടിയിൽ ഇരുട്ടത്തു മറഞ്ഞുനിൽക്കുന്ന കണ്ടൻ സൂക്ഷിച്ചുനോക്കിയപ്പോൾ ആളുകൾ കുറെയധികമുണ്ടെ ന്നുകണ്ടു. പന്തത്തിൻെറ വെളിച്ചത്തിൽ തന്നെക്കണ്ടാൽ അവർ പിടികൂടുവാനിടയുള്ളതുകൊണ്ടു് അവരെ നേരി ടാൻ തീർച്ചയാക്കി പിലാവിൻെറ സമീപത്തേക്കുചെന്നു.

"തമ്പ്രാക്കന്മാരെ പിലാവു വെട്ടരുതു്"

"വലിയ തമ്പുരാൻെറ കല്പനയാണു്. ഇതു നിൻെറ യാണെന്നു തെളിയിയ്ക്കാനെന്താലക്ഷ്യം?

"ലെച്യം കണ്ടൻതന്നെയാണു്"

"അങ്ങനെയാണെങ്കിൽ ഞങ്ങളൊക്കെയും ലക്ഷ്യ മാണു്."

മറെറാരാൾ—ഞങ്ങൾ നിന്നോടു തക്കിക്കാൻ വന്ന തല്ല. പിലാവു മുറിച്ചിട്ടോ പുഴക്കിട്ടോ കൊണ്ടുപോവാൻ വന്നതാണു്.

"അതു കണ്ടനു ചീവനുള്ളപ്പോൾ പററില്ല" കണ്ട നെ പിന്നിൽനിന്നു് ആരോ അടിച്ചു. കണ്ടൻെറ കയ്യിലി

ണ്ടായിരുന്ന മടവാൾ അപ്പോഴൊന്നു കളിച്ചു. നാലഞ്ചു പേർ നിലംപതിച്ചു. കണ്ടനെ കുറേപ്പേർ വളഞ്ഞു. ദ്വേഷമുള്ളവർ പിലാവു വെട്ടിവീഴ്ത്താനുള്ള കർമ്മത്തിലും മുഴുകി. കണ്ടന്റെ മടവാൾ വിശ്രമമില്ലാതെ തന്നെ വളഞ്ഞവരേയും വെട്ടിത്തുടങ്ങി. കണ്ടന്റെ ധൈര്യം കണ്ടു പലരും അത്ഭുതപ്പെട്ടു. അവനെ പിടിച്ചുകെട്ടാൻ അവരൊക്കെ കിണഞ്ഞുനോക്കീട്ടും പററിയില്ല. ഇതിനിടയ്ക്കു് ഒരു വിദ്വാൻ പന്തത്തിന്റെ വെളിച്ചത്തിൽ കണ്ടനെ കണ്ടതോടുകൂടി ഒരു വലിയ വടികൊണ്ടു് അവന്റെ തലയ്ക്കു് ഒരു വീക്കു്. അപ്പോഴേയ്ക്കു് ദാ, പിലാവു വീണേ! എന്നൊരു ശബ്ദവും ഒരലർച്ചയോടെ പിലാവു വീഴലും കഴിഞ്ഞു.

കണ്ടനും അവനെ വളഞ്ഞവരും നിന്ന ഭാഗത്തേയ്ക്കാണു് പിലാവു വീണതു്. പന്തക്കാർ അവിടേയ്ക്കു് ഓടിവന്നു് നോക്കിയപ്പോൾ കണ്ടനൊന്നിച്ചു് ഒരു പത്തു പേർ കനത്ത പിലാത്തടിയുടെ അടിയിൽ അനക്കമില്ലാതെ കിടക്കുന്നതുകണ്ടു. "തനിക്കു വെച്ചതു തലയ്ക്കുമീതെ" എന്നവർ അറിയാതെ പറഞ്ഞുപോയി. ആ നിമിഷത്തിൽ "അയ്യോ!" എന്നൊരു നിലവിളിയോടുകൂടി ചെറുമി ചാളയ്ക്കു തീകൊടുത്തു. ഒരു വലിയ വടിയുമായി അവരുടെ നേരെ ചാടി. ഭദ്രകാളിയെപ്പോലെ ഭയപ്പെടുത്തുന്ന അവളെക്കൊണ്ടു് വെട്ടുകാരും പന്തക്കാരും പിന്മാറി. ചാളയ്ക്കു തീ നല്ലവണ്ണം പിടിച്ചപ്പോൾ അവൾ

അതിലേയ്ക്കു കുതിച്ചൊരുചാട്ടംചാടി. അഗ്നിഭഗവാന്നു് അവരും ആഹുതിയായി.

കണ്ടന്റെ പിലാവോട്ടുകൂടി അവനും കാലഗതിയെ പ്രാപിച്ചു. അവന്റെ വാക്കു് അവൻ നിറവേററി. അവൻ ജീവിച്ചിരിക്കുമ്പോൾ അവന്റെ 'പിലാവു്' മുറിച്ചുകൊണ്ടുപോവാൻ വലിയ നായൎക്കു കഴിഞ്ഞില്ല.

കലാനിധി മീനം 1123

MUL
165527
UNIVERSITY LIBRARY
24 AUG 1955
MADRAS

Printed at the Star Press Trivandrum

# ശുദ്ധിപത്രം.

★

| വശം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| 3. | 22. | ചന്ദ്രോപാലഭം. | ചന്ദ്രാപാലംഭം. |
| " | 24. | തങ്കളെ | തിങ്കളെ. |
| 5. | 14. | നിന്നന്തസ്സിന്നു. | നിന്നന്തസ്സിന്ന |
| 6. | 22. | അണ്ണവം. | അർണ്ണവം. |
| 11. | 19. | കകാരങ്ങളും | കർച്ചിലും |
| 17. | 21. | മെലഞ്ഞിരിക്കുന്നു. | മെലിഞ്ഞിരിക്കുന്നു. |
| 20. | 4. | പാപത്തിനോട | പാവത്തിനോട |
| 24. | 26. | ട | ടരം. |
| 25. | 4. | കെണ്ടു് | കൊണ്ടു്. |
| 26. | 14. | പാലക്കൊട്ടെത്തി. | പാലക്കോട്ടെത്തി. |
| " | 17. | ഉടനെ | ഉടനെ പത്മാവതിയമ്മ |
| 29. | 11. | ര ജാവ് | രാജാവ്. |
| 39. | 14. | അതില്ലാതെ | അതല്ലാതെ |
| 40. | 13. | രക്ഷപ്പെട്ടുന്നതു് | രക്ഷപ്പെട്ടുവന്നതു് |
| " | 25. | തൻ | ജൂതൻ |
| 41. | 24. | അന്ധകാരവുമായ | അന്ധകാരവുമായി |
| " | 26. | കുളപ്പുരയുടെമേൽ | കുളപ്പുരയുടെ |
| 43. | 3. | ധരിച്ചിരു | ധരിച്ചിരുന്ന |
| 46. | 16. | ഇതു | അതു |
| " | 19. | വേണ്ട | ബോണ്ട |
| 47. | 18. | തൊഴുത്തി | തൊഴുത്തിൽ |
| 50. | 5. | ആകൃി | ആകൃതി |
| 54. | 4. | ആഹക്ര | ആഗ്രഹ |

| വശം | വരി | അബദ്ധം | സുബദ്ധം |
| --- | --- | --- | --- |
| 62. | 18. | കഴിയന്നതും | കഴിയുന്നതും |
| „66. | 8. | ാലും | നാലും |
| 70. | 2. | ഫ്ളാററ | പ്ളാററ |
| 71. | 2. | തലനേനയുണ്ടാ | തലനോവു ണ്ടാ. |
| „ | 20. | കൈക്കലൊക്കിയെന്ന | കൈക്കലൊക്കികയെന്നും |
| 74. | 11. | നോൻ | മേനോൻ |
| 80. | 25. | കിടക്കവാൻ | കടക്കവാൻ |
| 92. | 5. | അവൎക്ക | അവൎക്കും |
| 117. | 4. | കമ്മ. | കൎമ്മം |
| 121. | 20. | വരല്ല | വരേല്ല |
| 122. | 12. | പഠിച്ചുണ്ടായതല്ലേ | പഠിച്ചുണ്ടായതേ....ല്ല |
| „ | 21. | നന്ദനൻ | നന്ദൻ. |
| 123. | 11. | നന്ദനൻ. | നന്ദൻ, |
| 124. | 8. | നേക്കുള്ള | നേൎക്കുള്ള |
| 128. | 4. | പറഞ്ഞിട്ടുമല്ല. | പറഞ്ഞിട്ടുമില്ലം. |

65527
28.4.55
632.13M95x
J1
UNIVERSITY LIBRARY
24 AUG 1955
MADRAS

25 NOV 1955